# സത്യദൂതൻ

2020 ഒക്ടോബർ | ലക്കം 10

വില ₹ 30



## ആദമിന്റെ സ്വർഗ്ഗം: ഭൂമിയിലെ ആദിമ ക്ഷേമ സമൂഹം

## ചരിത്രപുരുഷനായ യേശു: ബൈബിൾ സാക്ഷ്യങ്ങൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android

**Quran**
Read the Holy Quran in easy
Yassarnal Quran Font

**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages


**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2020 ഒക്ടോബർ
ഹി.ശ.1400 - ഇഖാഅ്
1442 സഫർ - റ.ഉ.അവ്വൽ
പുസ്തകം 92 ലക്കം 10
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്ബ സംഗ്രഹം
**ഹദ്റത്ത് സയ്യിദുനാ ബിലാൽ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 സെപ്തംബർ 11-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

10
**ആദമിന്റെ സ്വർഗ്ഗം: ഭൂമിയിലെ ആദിമ ക്ഷേമ സമൂഹം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

17
**ചരിത്രപുരുഷനായ യേശു: ബൈബിൾ സാക്ഷ്യങ്ങൾ**
എ.എം. മുഹമ്മദ് സലീം

21
**പ്രൊഫ. ആതിഫ് റഹ്മാൻ മിയാന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ**
ഡോ. ബി. ഇഫ്തിഖാർ അഹമ്മദ്

24
ഭാഗം - 2
**ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും**
റഫീക്ക് അഹ്മദ് മാത്തോട്ടം

30
**നിരക്ഷരനായ പ്രവാചകൻ**
മുഹമ്മദ് ഉമർ എച്ച് എ

34
ഭാഗം - 10
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

41
കുറിപ്പുകൾ
**കോവിഡ് വാക്സിൻ വിപണിയിലെത്തുമ്പോൾ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്നു പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടിയാണ് (ഈ ഗ്രന്ഥം ഇറക്കിയിരിക്കുന്നത്) അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല. അവരുടെ വായയിൽ നിന്നും വരുന്ന വാക്ക് ഗുരുതരാമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല. (18:5,6)



## നബിവചനം

ഈസബ്നു മറിയം 120 വയസ്സുവരെ ജീവിച്ചിരുന്നിട്ടുണ്ടായിരുന്നുവെന്ന് ജിബ്രീൽ എന്നെ അറിയിച്ചിരിക്കുന്നു. (കൻസുൽ ഉമ്മാൽ വാല്യം 6 ഭാ. 120) ഹുജ്ജുൽ കിറാമ ഭാ. 428 ജലാലൈൻ മുജതബായി)

## വാഗ്ദത്ത മസീഹിന്റെ വചനം



കാലത്തിലല്ലോ ഫലം കായ്ക്കാറ് അപ്രകാരം തന്നെ തക്കസമയത്ത് ദിവ്യപ്രകാശം വെളിപ്പെടുന്നു. നിശ്ചിത കാലത്തിന് മുമ്പ് ആർക്കും അത് അവതരിപ്പിക്കാൻ സാദ്ധ്യമല്ല. അവ അവതരിപ്പിക്കുമ്പോൾ ആർക്കും അത് തടസ്സപ്പെടുത്താനും സാദ്ധ്യമല്ല. അഭിപ്രായ വ്യത്യാസങ്ങളും തർക്ക വിതർക്കങ്ങളുമുണ്ടാകും. എന്തായാലും ഒടുവിൽ സത്യം വിജയിക്കുക തന്നെ വേണം. എന്തു കൊണ്ടെന്നാൽ ഇതൊന്നും മനുഷ്യന്റെ പ്രവർത്തിയല്ല. ഇതിൽ മനുഷ്യപുത്രന് പങ്കുമില്ല. ഋതുക്കളിൽ വ്യത്യാസമുണ്ടാക്കുന്നതും, പകലിനെ രാവും രാവിനെ പകലും ആക്കുന്നതും ആരോ ആ ദൈവത്തിൽ നിന്നുള്ളതത്രെ ഇതെല്ലാം. അവൻ അന്ധകാരത്തെ പടച്ചു. എങ്കിലും പ്രകാശത്തെ ഇഷ്ടപ്പെട്ടു. ശിർക്ക് (ബഹുദൈവ വിശ്വാസം) ലോകത്ത് നിലനിന്നു കൊള്ളുവാൻ അവൻ അനുവദിക്കുന്നു. എങ്കിലും തൗഹീദിനെ ആവൻ സ്നേഹിക്കുന്നു. തന്റെ മഹിമ മറ്റാർക്കെങ്കിലും അനുവദിച്ചു കൊടുക്കുവാൻ അവൻ ഇച്ഛിക്കുന്നില്ല. മനുഷ്യൻ പിറവി എടുത്തനാൾ തൊട്ട് ലോകത്ത് നിന്നും അവൻ അപ്രത്യക്ഷപ്പെടുന്ന നാൾവരെ ദൈവം തൗഹീദിന്ന് എപ്പോഴും പിന്തുണ നൽകും. ഇതത്രെ ദൈവത്തിന്റെ അലംഘനീയമായ നിയമം. (മസീഹ് ഹിന്ദു സ്ഥാൻ മെ)

എഡിറ്റോറിയൽ

# ദൈവത്തിന്റെ ഏകത്വം

ഇസ്ലാം മതത്തിന്റെ മൂലപ്രമാണമാണ് തൗഹീദ്. അഥവാ ദൈവത്തിന്റെ ഏകത്വം. സത്തയിലും ഗുണത്തിലും പ്രവർത്തിയിലും യാതൊരു പങ്കാളിയുമില്ലാതെ ദൈവം ഏകനാണ് എന്നതാണ് ഇസ്ലാമിക ദൈവ സങ്കൽപ്പം. *'അല്ലാഹു, അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. മുഹമ്മദ് അവന്റെ ദൂതനാണ്'* എന്ന പ്രഖ്യാപനമാണ് ഇസ്ലാമിക വിശ്വാസത്തിന്റെ അടിസ്ഥാന ശില. ദൈവത്തിന്റെ ഏകത്വത്തെ പ്രഘോഷിക്കുന്ന ദൈവിക ഗുണങ്ങൾ അല്ലാഹു ഖുർആനിൽ നിരവധി വചനങ്ങളിൽ വിവരിക്കുന്നു:

*'സർവ്വലോക പരിപാലകൻ, കൃപാനിധി പരമ ദയാലു വിധിനാളിന്റെ അധിപതി.' (സൂറ: ഫാത്തിഹ)'അവൻ ദൈവം, ഏകനും എല്ലാറ്റിന്നും അവലംബമായവനുമാണ്. അവൻ ജാതനുമല്ല. ജനകനുമല്ല. അവന് തുല്യനായി ആരുമില്ല' (111:1- 5) 'ആരാധനക്കും അനുസരണത്തിന്നും അർഹനായി താനല്ലാതെ മറ്റാരുമില്ലാതെ ഏകനായിരിക്കുന്നവനത്രെ ദൈവം' (59:23)'അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനും (എല്ലാറ്റിനെയും) നിലനിർത്തുന്നവനുമാണ്.' (3:3) 'അജയ്യ പ്രതാപി' (57:6) 'സൃഷ്ടികൾക്ക് സമീപസ്ഥൻ' (2:187) 'ആകാശ ഭൂമികളെ ന്യായമായ ലക്ഷ്യങ്ങളെ മുൻ നിർത്തി സൃഷ്ടിച്ചവനത്രെ അവൻ'(6:73) 'ആകാശ ഭൂമിയികളുടേയും അവക്കിടയിലുള്ള സകലതിന്റേയും നാഥൻ'(19:65) 'അവൻ തന്നെയാണ് ഏക ദൈവം പ്രഭാവത്തിന്റെ ആദരവിന്റെയും ഉടമസ്ഥൻ'(55:28) 'എല്ലാം അറിയുന്നവൻ കേൾക്കുന്നവൻ'(2:182) 'അല്ലാഹു എല്ലാ കാര്യത്തിലും കഴിവുള്ള സർവ്വശക്തനാകുന്നു.' (2:149) 'പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന കേൾക്കുകയും ഉത്തരമരുളുകയും ചെയ്യുന്നവൻ' (2:187) 'ദൈവത്തോട് തത്വത്തിലും ഗുണത്തിലും തുല്യത വഹിക്കുന്നതായി ഒരു വസ്തുവുമില്ല.'(42: 12) 'ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു.' (6:104) 'അവനിഛിക്കുന്നത് വിധിക്കുന്നു.' (5:2) 'അത്യുദാരൻ അധികമധികം കരുണ ചെയ്യുന്നവൻ '(2:144)*

ഖുർആനിൽ വിവരിക്കപ്പെട്ട ഗുണങ്ങളുള്ള സർവ്വശക്തനും സർവ്വവ്യാപിയും സർവ്വകാലികനുമായ ഒരസ്തിത്വത്തിന്ന് മാത്രമേ സർവ്വ പ്രപഞ്ചത്തെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവം എന്ന് വിളിക്കാൻ അർഹതയുള്ളൂ. ഇസ്ലാംമതം മാത്രമല്ല ക്രിസ്തുമതത്തിലും പാവനങ്ങളായ ഭാരതീയ മതങ്ങളിലും ഈ അടിസ്ഥാന യാഥാർത്ഥ്യം ഉള്ളടങ്ങിയ നിരവധി പ്രതിപാദനങ്ങൾ കാണാം. എന്നിട്ടും ബലഹീനനും പരിമിതനും മനുഷ്യവർഗ്ഗത്തിൽപ്പെട്ടവരുമായ മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ വ്യക്തികളെ, ദൈവമായോ ദൈവപുത്രനായോ ദൈവത്തിന്റെ അംശമായോ ദൈവത്തിന്റെ അവതാരമായോ മനുഷ്യൻ ആരാധിക്കുന്നു. അതിലുപരി ജീവികളും ജഡവസ്തുക്കൾ പോലും ദൈവമോ അല്ലെങ്കിൽ ദൈവിക ചൈതന്യം ആവഹിക്കുന്നവയോ ദിവ്യത്വമുള്ളവയോ ആണെന്നു കരുതി ആരാധിക്കപ്പെടുന്നു. എല്ലാ മുഖ്യമതങ്ങളിലും അളവു ഭേദങ്ങളോടെ ഇത്തരക്കാരെ കാണാം. പ്രപഞ്ചം സൃഷ്ടിച്ച് പരിപാലിക്കുന്ന അദൃശ്യനും സർവ്വ ശക്തനും മഹിതവാനുമായ ദൈവമെവിടെ? രോഗ പീഢകൾക്കും വിശപ്പിന്നും മരണത്തിന്നും വിധേയനാകുന്ന ബലഹീനനും ദൈവ സൃഷ്ടിയുമായ മനുഷ്യനെവിടെ? അത് കൊണ്ടാണ് ദൈവത്തിൽ പങ്കുചേർക്കൽ ദൈവ സ്ങ്കൽപ്പത്തിൽ കളങ്കം ചേർക്കലാണെന്ന് പറയുന്നത്. വാസ്തവത്തിൽ മനുഷ്യൻ മറ്റു ഭൗതിക കാര്യങ്ങളിൽ കാട്ടുന്ന വിശകല ബുദ്ധിയും ചിന്താശേഷിയും യഥാർത്ഥ ദൈവത്തെ അന്വേഷിക്കുന്നതിൽ കാട്ടുന്നില്ല. പഞ്ചേന്ദ്രിയങ്ങളിലൂടെ അറിയുന്ന വസ്തുക്കളുടെ അസ്തിത്വത്തിൽ മാത്രം വിശ്വസിക്കുകയും ദൈവവും അത്തരത്തിലുള്ള ഒരു വസ്തുവോ ശക്തിയോ ആണെന്ന് അവൻ കരുതുകയും ചെയ്യുന്നു. തന്റെ ആത്മീയ ബോധവും ബുദ്ധിയും കർമ്മവും ഉപയോഗിച്ച് അദൃശ്യനും സർവ്വശക്തനുമായ ദൈവത്തെ അന്വേഷിക്കുവാനോ ആത്മീയാനുഭവങ്ങളിലൂടെ ദൈവബോധത്തെ ദൃഢീകരിക്കാനോ മനുഷ്യൻ ശ്രമിക്കുന്നില്ല. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഇസ്ലാമിലെ ദൈവസങ്കൽപ്പത്തെ പറ്റി പറയുന്നു:

*'ഇസ്ലാമിന്റെ ദൈവം പ്രകൃതി നിയമമാകുന്ന ദർപ്പണത്തിൽ ദൃശ്യമാകുന്നതും പ്രകൃതി ഗ്രന്ഥത്തിൽ തിരിച്ചറിയപ്പെടുന്നതുമായ ദൈവം തന്നെയാണ്. ഇസ്ലാം ഒരു പുതിയ ദൈവത്തെയല്ല അവതരിപ്പിക്കുന്നത്. മനുഷ്യന്റെ ഹൃദയ വെളിച്ചത്തിൽ വെളിപ്പെടുന്നതും മനുഷ്യന്റെ അന്ത:പ്രകൃതിയിലുള്ളതും ആകാശത്തിലും ഭൂമിയിലുമുള്ള അതേ ദൈവം. തന്നെയാണത്.' (മജ്മുഅ ഇസ്തിഗാറാത്ത്, വാ: 2 പേജ് 310,311)*


ഹദ്റത്ത് അഹ്മദ് (അ)

# യേശുവിനെ സംബന്ധിച്ച അയുക്തിക വിശ്വാസങ്ങൾ

ഹാ കഷ്ടം! മനുഷ്യൻ ഒരു സംഗതി പറഞ്ഞു പോകുകയോ ഏതെങ്കിലുമൊരു വിശ്വാസ സിദ്ധാന്തം കൈകൊള്ളുകയോ ചെയ്തു കഴിഞ്ഞാൽ പിന്നെ ആ സംഗതിയുടെ നേരേയോ ആ സിദ്ധാന്തത്തിന്റെ യുക്തിഭംഗവും നിരർത്ഥ കതയും എത്ര തന്നെ വെളിപ്പെട്ടാലും അതിനെ കൈവെടിയാൻ കൂട്ടാക്കാറില്ല. ഈ നില എത്ര തന്നെ ശോചനനീയമായിട്ടുള്ളതാണ്. മോക്ഷപ്രാപ്തി ക്കുള്ള അഭിലാഷം സത്യത്തിന്നു മേൽ അധിഷ്ഠി തമാണെങ്കിൽ അതു ശ്ലാഘ്യം തന്നെ. എന്നാൽ സത്യ പ്രവാചകനായ ഒരു പാവനാത്മാവിന്ന് ദൈവവുമാ യുള്ള ബന്ധം അറ്റുപോകതക്ക അന്യഥാത്വം സംഭവിച്ച് ഏകാഗ്രഭക്തിക്കും വിശ്വാസത്തിന്നും നിഷ്ഠക്കും ഭംഗകരമാകാം വിധം അദ്ദേഹത്തിന്നും ദൈവവുമായി അന്യാഥാത്വവും വിരഹവും വിരാഗവും സംജാതമായി അദ്ദേഹത്തിന്റെ ഹൃദയം ദൈവാനുരാഗപ്രഭയ്ക്കു പകരം തമോഭാവത്തിന്റെ ഇരിപ്പിടമായിത്തീർന്നുവെന്നു പറയുന്നതിന്ന് തുല്യമായ തരത്തിലുള്ള ഈ വിശ്വസ സിദ്ധാന്തത്തെ കൈകൊള്ളുകയും അങ്ങനെ ഒരു സത്യത്തെ അറുകൊല ചെയ്യുകയും ചെയ്തുകൊണ്ടുള്ള മോക്ഷാഭിലാഷത്തിന്ന് എന്ത് അർത്ഥമാണുള്ളത്?

തന്നെയുമല്ല. ഈ വിശ്വാസ സിദ്ധാന്തം യേശു മശീഹായുടെ ദിവ്യമായ പ്രവാചക ദൗത്യത്തിന്ന് സുവിശേഷത്തിൽ ഉടനീളം അദ്ദേഹം അവകാശ പ്പെട്ടു കാണുന്ന തന്റെ ശ്രേഷ്ഠതക്കും ദൈവപ്രേമ ത്തിലും ദിവ്യജ്ഞാന ലബ്ധിക്കുമെല്ലാം കടക വിരുദ്ധ മായിരിക്കുന്നതാണ്. താൻ ലോകത്തിന്റെ പ്രദീപമാ ണെന്നും സത്യ മാർഗ്ഗദർശകനാണെന്നും തനിക്കു ദൈവവുമായി അത്യുൽക്കൃഷ്ടമായ തരത്തിലുള്ള പാവനമായൊരു സ്നേഹ ബന്ധമുണ്ടെന്നും താൻ അവങ്കൽ പാവന ജന്മം പ്രാപിച്ചിരിക്കുന്നുവെന്നും അവന്റെ പ്രിയപുത്രനാണെന്നുമെല്ലാം അദ്ദേഹം അവകാശപ്പെട്ടിട്ടുള്ളതായി സുവിശേഷങ്ങൾ വായിച്ചു നോക്കുന്ന ഏവർക്കും സ്പഷ്ടമായി കാണാവുന്നതാണ് . ഇങ്ങനെ അദ്ദേഹത്തിന്ന് ദൈവവുമായി അവിഭാജ്യമായ ഒരു പാവന പ്രേമബന്ധം നിലനിന്നിരിക്കേ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശാപ സംബന്ധിയായ അശുദ്ധാർത്ഥം സാക്ഷാത്ഭവിക്കുന്നതെങ്ങനെ? ഇതു ഒരിക്കലും സംഭവ്യമല്ല തന്നെ. ആകയാൽ അദ്ദേഹത്തെ ക്രൂശിച്ചു കൊന്നിട്ടില്ല എന്നത് തെളിഞ്ഞ ഒരു വസ്തുതയാണ്. അതായത് കുരിശിന്മേൽ തറക്കപ്പെ ട്ടുവെങ്കിലും അദ്ദേഹം അതിന്മേൽ മരിച്ചിരിന്നില്ല. എന്തെന്നാൽ കുരിശീകരണത്തിന്റെ ഫലത്തെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ വ്യക്തിത്വം എത്രയും ഉപരിയായിട്ടുള്ളതത്രെ. ഇങ്ങനെ അദ്ദേഹം കുരിശിൽ മരിച്ചിരുന്നില്ല എന്ന് വരുമ്പോൾ ശാപത്തിന്റെ അശുദ്ധമായ അപവിത്രവുമായ ഫലത്തിലും സാഹചര്യത്തിലും നിന്ന് സന്ദേഹ മന്യെ അദ്ദേഹത്തിന്റെ ഹൃദയം നിർബാധം സുരക്ഷിതവുമാക്കപ്പെട്ടിരിക്കുന്നു എന്നു സിദ്ധിക്കു ന്നു. ഇതിൽ നിന്നും അദ്ദേഹം ആകാശത്തേക്ക് കരേറിപ്പോയിട്ടില്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ആകാശാരോഹണ സങ്കൽപ്പം കുരിശീകരണ പദ്ധതിയുടെ ഒരു ഘടകവും ശാഖയുമത്രെ. അതിനാൽ അദ്ദേഹം ശാപഗ്രസ്തനല്ലെന്നും മൂന്ന് ദിവസം നരകത്തി ലിരുന്നില്ലെന്നും മരത്തിന്മേൽ തൂങ്ങി മരിച്ചിട്ടി ല്ലെന്നും തെളിഞ്ഞതോടെ അതിന്റെ രണ്ടാമത്തെ വശമായ ആകാശാരേഹണവും അവാസ്തവ മാണെന്ന് സിദ്ധിച്ചു. ഇതിലേക്ക് സുവിശേഷത്തിൽ നിന്ന് വേറെയും അനേകം പ്രമാണങ്ങൾ ലഭിക്കുന്നുണ്ട്. *(മസീഹ് ഹിന്ദുസ്ഥാൻ മെ)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 സെപ്തംബർ 11 –ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത്ത് സയ്യിദുനാ ബിലാൽ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് ഞാൻ വിവരിക്കുന്നത് ബദ്രി സഹാബിയായ ഹദ്റത്ത് ബിലാൽ ബിനു റബാഹിനെ കുറിച്ചാണ്. ഹദ്റത്ത് ബിലാൽ, ഉമയ്യ്ബിനു ഖലഫിന്റെ അടിമയായിരുന്നു.

ഹദ്റത്ത് ബിലാലിന്റെ നിറം തവിട്ട് കലർന്ന കറുപ്പ് ആയിരുന്നു. തലയിൽ ഇടതൂർന്ന മുടിയുണ്ടായിരുന്നു. മുഖത്ത് മാംസം വളരെ കുറവായിരുന്നു. ഹദ്റത്ത് ബിലാൽ നിരവധി വിവാഹങ്ങൾ ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില ഭാര്യമാർ അറേബ്യയിലെ വളരെ അന്തസ്സും ആഭിജാത്യവുമുള്ള കുടുംബത്തിൽ പെട്ടവരായിരുന്നു. ഒരു ഭാര്യയുടെ പേര് ഹാല ബിൻത് ഔഫ് എന്നായിരുന്നു. ഇവർ ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫിന്റെ സഹോ

ദരിയായിരുന്നു. ഹദ്റത്ത് ബിലാലിന് ഒരു സഹോദരൻ ഉണ്ടായിരു ന്നു. അദ്ദേഹത്തിന്റെ പേര് ഖാലിദ് എന്നായിരുന്നു. ഒരു സഹോദരിയും ഉണ്ടായിരുന്നു. അവരുടെ പേര് ഗഫീറ എന്നാകുന്നു. തിരുനബി(സ) പറയുന്നു, ബിലാൽ, സാബിഖുൽ ഹബ്ശ അതായത് ഹബ്ശ നിവാസികളിൽ ആദ്യം വിശ്വാസം കൈക്കൊണ്ട വ്യക്തിയായിരുന്നു.

ഉർവ ബിൻ സുബയ്റിൽ നിന്ന് നിവേദനം, ഇസ്‌ലാം സ്വീകരിച്ചപ്പോൾ, മതത്തിൽ നിന്ന് പിന്മാറാൻ കഠിനമർദ്ദനത്തിന് ഇരയാക്കപ്പെട്ടിരുന്ന ആളുകളിൽപെട്ട വ്യക്തിയായിരുന്നു ഹദ്റത്ത് ബിലാൽ ബിനു റബാഹ്. എന്നാൽ അവർ ആഗ്രഹിക്കുന്ന വാക്കുകളൊന്നും അദ്ദേഹം അവർക്ക് മുന്നിൽ ഏറ്റു പറഞ്ഞില്ല. അതായത് അല്ലാഹുവിനെ നിരാകരിക്കുന്ന വാക്കുകൾ ഉച്ചരിച്ചില്ല. ജനങ്ങൾ ബിലാലിനെ ശിക്ഷിക്കുന്നതിൽ കാഠിന്യം കാണിക്കുമ്പോഴെല്ലാം അദ്ദേഹം *അഹദ് അഹദ്*(അല്ലാഹു ഏകനാണ്) എന്നു പറയുമായിരുന്നു.

ഒരു നിവേദനത്തിൽ പറയുന്നു; ഹദ്റത്ത് ബിലാൽ ഇസ്‌ലാം സ്വീകരിച്ചപ്പോൾ, അദ്ദേഹത്തിന്റെ ഉടമകൾ, അദ്ദേഹത്തെ മണ്ണിൽ കിടത്തുകയും അദ്ദേഹത്തിന് മേൽ പാറകല്ലുകളും പശുവിന്റെ തോലും ഇട്ടുകൊണ്ട് *ലാത്തയും ഉസ്സയുമാണ് നിന്റെ നാഥൻ* എന്ന് പറയുകയും ചെയ്യുമായിരുന്നു; പക്ഷേ അദ്ദേഹം *അഹദ് അഹദ്* എന്ന് തന്നെ പറയുമായിരുന്നു, അദ്ദേഹത്തിന്റെ ഉടമകളുടെ അടുക്കൽ ഹദ്റത്ത് അബൂബക്കർ പോയി പറഞ്ഞു; നിങ്ങൾ എന്നുവരെ ഇദ്ദേഹത്തെ ഇങ്ങനെ ഉപദ്രവിച്ചുകൊണ്ടിരിക്കും? ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ബിലാലിനെ ഏഴ് ഓഖിയക്കു (280 ദിർഹം) വാങ്ങി സ്വതന്ത്രനാക്കുകയുണ്ടായി. ഹദ്റത്ത് ആയിശ നിവേദനം ചെയ്യുന്നു; ബുദ്ധിമുട്ടുകൾ ഏൽപ്പിക്കപ്പെട്ടിരുന്ന 7 അടിമകളെ ഹദ്റത്ത് അബൂബക്കർ മോചിപ്പിക്കുകയുണ്ടായി. അവരിൽ ഹദ്റത്ത് ബിലാലും ഹദ്റത്ത് ആമിർ ബ്നു ഫുഹയ്റയും ഉൾപ്പെടുന്നു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു; ഹദ്റത്ത് ഉമർ ഇങ്ങനെ പറയുമായിരുന്നു. അബൂബക്കർ നമ്മുടെ നേതാവാകുന്നു. അദ്ദേഹം നമ്മുടെ നേതാവിനെ അതായത് ബിലാലിനെ മോചിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയു ന്നു: വർഷങ്ങൾക്ക് ശേഷം അല്ലാഹു മുസ്‌ലിംകൾക്ക് മദീനയിൽ സമാധാന അന്തരീക്ഷം നൽകുകയും സ്വതന്ത്രമായി ഇബാദത്തുകൾ ചെയ്യാൻ സന്ദർഭമൊ രുങ്ങുകയും ചെയ്തപ്പോൾ റസൂൽ കരീം(സ) ബിലാലിനെയാണ് ബാങ്ക് കൊടുക്കാൻ നിശ്ചയിച്ചത്. ഈ നീഗ്രോ അടിമ ബാങ്കിൽ, *അശ്ഹദു അൻലാ ഇലാഹ ഇലല്ലാഹ്* എന്നതിനു പകരം *അസ്ഹദു അൻലാഇലാഹ ഇലല്ലാഹ്* എന്ന് ഉച്ചരിക്കുമ്പോൾ അദ്ദേഹത്തിന്റെ അവസ്ഥകളെ കുറിച്ച് അറിവില്ലാത്ത ആളുകൾ ചിരിക്കുമായിരുന്നു. ഒരിക്കൽ തിരുനബി(സ), ജനങ്ങൾ ബിലാലിന്റെ ബാങ്ക് കേട്ട് ചിരിക്കുന്നതായി കണ്ടപ്പോൾ അവിടുന്ന് ജനങ്ങളിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: നിങ്ങൾ ബിലാലിന്റെ ബാങ്കിൽ ചിരിക്കുകയാണ്. എന്നാൽ അല്ലാഹു അർശിൽ അദ്ദേഹത്തിന്റെ ബാങ്ക് കേൾക്കുമ്പോൾ സന്തോഷിക്കുന്നു. അതായത് നിങ്ങൾ അദ്ദേഹത്തിന് ശീൻ എന്ന് പറയാൻ കഴിയാത്തതാണ് കാണുന്നത്. എന്നാൽ ശീനിലും സീനിലും എന്താണ് കാര്യം? ചുട്ടുപഴുത്ത മണൽ പരപ്പിൽ നഗ്നനാക്കി കിടത്തുകയും അദ്ദേഹത്തിന്റെ നെഞ്ചിനു മുകളിൽ അക്രമികൾ തങ്ങളുടെ ബൂട്ടിട്ട് കയറിമറിയുകയും *ഇനിയും നീ പഠിച്ചില്ലേ?* എന്ന് ചോദിക്കുമ്പോൾ തന്റെ മുറിയൻ ഭാഷയിൽ *അഹദ് അഹദ്* എന്ന് പറഞ്ഞ് അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കുകയാണ് ചെയ്തിരുന്നത്. അങ്ങനെ അദ്ദേഹം തന്റെ കൂറിന്റേയും ഏകദൈവ വിശ്വാസത്തിന്റേയും തന്റെ ഹൃദയത്തിന്റെ സ്ഥൈര്യത്തിന്റേയും സാക്ഷ്യം നൽകുകയായിരുന്നു. ആയതിനാൽ അദ്ദേഹത്തിന്റെ അസ്ഹദു, മറ്റ് ജനങ്ങളുടെ അശ്ഹദുവിനേക്കാൾ മൂല്യവത്തായിരുന്നു എന്നാണ് തിരുനബി(സ) സൂചിപ്പിച്ചിരുന്നത്.ഹദ്റത്ത് ബിലാൽ അസ്സാബിഖൂനൽ അവ്വലൂൻ അഥവാ മുൻകടന്നവരിൽ പ്രഥമൻമാരിൽ ഉൾപ്പെടുന്നു. കേവലം ഏഴ് പേർക്ക് മാത്രം മുസ്‌ലിമായെന്ന് വിളംബരംചെയ്യാൻ സൗഭാഗ്യം ലഭിച്ച സമയത്ത് അദ്ദേഹത്തിനും ആ വിളംബരം ചെയ്യാൻ കഴിഞ്ഞിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി, ഹദ്റത്ത് ബിലാൽ ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ചത് പരാമർശിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു, ഹദ്റത്ത് ഖബ്ബാബും അസ്സാബിഖൂനൽ അവ്വലൂൻ മുൻകടന്നവരിൽ പ്രഥമന്മാർ എന്ന സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. അദ്ദേഹമാണോ അതല്ല ബിലാലാ ണോ ആദ്യം ബയ്അത്ത് ചെയ്തത് എന്നതു സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. നബി(സ) പറയുന്നു: ഒരു സ്വതന്ത്രനും ഒരു അടിമയുമാണ് എന്നെ ഏറ്റവും ആദ്യം വിശ്വസിച്ചത്. ചിലർ അതുകൊണ്ടുള്ള വിവക്ഷ, ഹദ്റത്ത് ബിലാലും ഹദ്റത്ത് അബൂബക്കറുമാണെന്ന് പറയുന്നു. മറ്റ് ചിലർ, അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഖബ്ബാബും ആണെന്ന് പറയുന്നു.

ത്വബഖാത്തുൽ കുബ്റയിൽ എഴുതുന്നു: ഹദ്റത്ത് ബിലാൽ ബദ്ർ,ഉഹദ്, ഖന്ദഖ് സഹിതം എല്ലാ യുദ്ധങ്ങളിലും തിരുനബി(സ)നോടൊപ്പം പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധത്തിൽ, ഹദ്റത്ത് ബിലാൽ ഇസ്‌ലാമിന്റെ വളരെ വലിയ ശത്രുവായ ഉമയ്യാ ബ്നു ഖൽഫിനെ വധിക്കുകയുണ്ടായി. അയാൾ, ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ ഹദ്റത്ത് ബിലാലിനെ മർദ്ദിച്ചിരുന്നു. ഉമയ്യാ ബ്നു ഖൽഫിന്റെ വധത്തെസംബന്ധിച്ച് സ്വഹീഹ് ബുഖാരിയിൽ വന്ന വിവരണങ്ങൾ ഖുബയ്ബ്നു ഇസാഫിനെ പരാമർശിച്ചപ്പോൾ പറഞ്ഞതാണ്.

ഒരു നിവേദന പ്രകാരം, ഹദ്റത്ത് ബിലാൽ, തിരുനബി(സ)ന്റെ സെക്രട്ടറി അല്ലെങ്കിൽ ഖജാൻജി ആയിരുന്നു. ഹദ്റത്ത് അനസ് ബ്നു മാലിക് വിവരിക്കുന്നു, തിരുനബി(സ) എന്നോട് പറഞ്ഞു: എനിക്ക് ദൈവമാർഗത്തിൽ നൽകിയ അത്രയും ബുദ്ധിമുട്ടുകൾ മറ്റാർക്കും നൽകപ്പെട്ടിട്ടില്ല. എന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ഭയപ്പെടുത്തിയ അത്രയും വേറെ ആരേയും ഭയപ്പെടുത്തിയിട്ടില്ല. ഒരു ജീവിക്ക് കഴിക്കാൻ വേണ്ട ഒരു ഭക്ഷണവും അതായത് ബിലാലിന്റെ കക്ഷത്തിൽ ഒതുങ്ങുന്ന അത്രയും ഭക്ഷണമല്ലാതെ മൂന്നാമത്തെ രാത്രി എത്തുമ്പോൾ എന്റേയും ബിലാലിന്റേയും പക്കൽ ഉണ്ടാകുമായിരുന്നില്ല. അതായത് വളരെ കുറച്ച് ഭക്ഷണം മാത്രമാണ് ഉണ്ടായിരുന്നത്.

ആദ്യത്തെ ബാങ്ക് വിളിക്കാരൻ (മുഅദ്ദിൻ) ആകാനുള്ള സൗഭാഗ്യം ഹദ്റത്ത് ബിലാലിനാണ് ലഭിച്ചത്. ഹദ്റത്ത് ബിലാൽ, നബി തിരുമേനി(സ)ന്റെ ജീവിതത്തിലുട നീളം യാത്രയിലും അല്ലാത്തപ്പോഴും എല്ലാം മുഅദ്ദിൻ ആയിരുന്നു. ഇസ്ലാമിൽ ആദ്യമായി ബാങ്ക് കൊടുത്തത് അദ്ദേഹമായിരുന്നു.

മുഹമ്മദ് ബ്നു അബ്ദുല്ലാഹ് ബ്നു സൈദ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു, അദ്ദേഹം പറയുന്നു: തിരുനബി(സ) നമസ്കാരത്തിന് ആളുകളെ വിളിക്കുന്നതിന് ആദ്യം കാഹളത്തിൽ വിളിക്കാനും ശംഖ് വിളിക്കാനും നിർദ്ദേശിച്ചു. അങ്ങനെ അത് ഉണ്ടാക്കി. പിന്നെ അബ്ദുല്ലാഹ് ബിനു സൈദിന് സ്വപ്നത്തിൽ കാണിക്കപ്പെട്ടത് സംബന്ധിച്ച് അദ്ദേഹം പറയുന്നു, ഞാൻ സ്വപ്നത്തിൽ ഒരാളെ കണ്ടു. അയാളുടെ ദേഹത്ത് രണ്ട് പച്ച തുണികൾ ഉണ്ടായിരുന്നു. അയാൾ കയ്യിൽ ഒരു ശംഖ് പിടിച്ചിരുന്നു. ഞാൻ സ്വപ്നത്തിൽ തന്നെ അയാളോട്, ദൈവദാസാ! നിങ്ങൾ ഈ ശംഖ് വിൽക്കുമോ എന്ന് ചോദിച്ചു. അയാൾ പറഞ്ഞു, നിങ്ങൾ ഇതുകൊണ്ട് എന്ത് ചെയ്യാനാണ്? ഞാൻ പറഞ്ഞു, ഞാൻ ഇതുകൊണ്ട് ജനങ്ങളെ നമസ്കാരത്തിലേക്ക് വിളിക്കും. അയാൾ പറഞ്ഞു, ഞാൻ ഇതിനേക്കാൾ നല്ലത് പറഞ്ഞു തരട്ടയോ? ഞാൻ ചോദിച്ചു; അതെന്താണ്? അപ്പോൾ അയാൾ ബാങ്കിന്റെ വാക്കുകൾ കേൾപ്പിച്ചു: നിവേദകൻ പറയുന്നു; ഹദ്റത്ത് അബ്ദുല്ലാഹ് ബിന് സൈദ് പുറത്തേക്കിറങ്ങി. അദ്ദേഹം തിരുനബി(സ)നെ കണ്ട് മുട്ടിയപ്പോൾ തന്റെ മുഴുവൻ സ്വപ്നവും കേൾപ്പിച്ചു. തിരുനബി(സ) സ്വഹാബാക്കളോട് പറഞ്ഞു: നിങ്ങളുടെ സുഹൃത്ത് സ്വപ്നം കണ്ടിരിക്കുന്നു. തുടർന്ന് അബ്ദുല്ലാഹ് ബിനു സൈദിനോടു പറഞ്ഞു: നിങ്ങൾ ബിലാലിന്റെ കൂടെ മസ്ജിദിൽ പോകുക. നിങ്ങൾ ഈ വാക്കുകൾ അദ്ദേഹത്തിന് പറഞ്ഞു കൊടുക്കുക. അദ്ദേഹം അത് ഉച്ചത്തിൽ വിളിച്ച് പറയട്ടെ. നിങ്ങളെക്കാൾ അദ്ദേഹത്തിന്റെ ശബ്ദം ഉച്ചത്തിലുള്ളതാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിനു സൈദ് പറയുന്നു: ഞാൻബിലാലിന്റെ കൂടെ മസ്ജിദിലേക്ക് പോയി. അദ്ദേഹത്തിന് ഈ വാക്കുകൾ പറഞ്ഞ് കൊടുത്തിരുന്നു. അദ്ദേഹം അത് ഉച്ചത്തിൽ വിളിച്ചു പറഞ്ഞിരുന്നു. ബിലാൽ ആദ്യമായി ബാങ്ക് കൊടുക്കുന്നത്, ഹദ്റത്ത് ഉമർ കേട്ടപ്പോൾ വേഗം തിരുനബി(സ)ന്റെ സവിധത്തിൽ എത്തിയിട്ട് ഇങ്ങനെ പറഞ്ഞു, യാ റസൂലല്ലാഹ്! ബിലാൽ കൊടുത്ത ബാങ്കിലെ വചനങ്ങൾ അതേപടി ഞാൻ സ്വപ്നത്തിൽ കണ്ടിരിക്കുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു; തിരുനബി(സ) ബാങ്കിന്റെ വചനങ്ങൾ കേട്ടപ്പോൾ പറഞ്ഞു: ഇതേ വിധത്തിൽ വഹ്യും ഇറങ്ങിയിരിക്കുന്നു. ചുരുക്കത്തിൽ ഇങ്ങനെയാണ് ഇന്നുള്ള ബാങ്കിന്റെ രീതി ആരംഭിച്ചത്. ഈ സമ്പ്രദായം ഏറെ അനുഗ്രഹീതവും ആകർഷകവുമാകുന്നു. മറ്റൊരു രീതിക്കും ഇതിനെ കവച്ചുവെക്കാൻ സാധ്യമല്ല. അങ്ങനെ എല്ലാ ദിവസവും അഞ്ചുനേരം, മുസ്ലിം ലോകത്ത് എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും മസ്ജിദുകളിൽ നിന്ന് അല്ലാഹുവിന്റെ ഏകത്വവും മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ പ്രവാചകത്വവും ഉദ്ഘോഷിക്കപ്പെടുന്നു. അതിലൂടെ ഇസ്ലാമിക അധ്യാപനങ്ങളുടെ സാരാംശം ഏറ്റവും മനോഹരവും സംക്ഷിപ്തവു മായ വാക്കുകളിൽ ജനങ്ങളിലേക്ക് എത്തുന്നു.

മൂസാ ബിൻ മുഹമ്മദ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: ഹദ്റത്ത് ബിലാൽ, ബാങ്ക് കൊടുത്ത ശേഷം തിരുനബി(സ)ന് അറിയിപ്പ് നൽകാൻ വന്നാൽ, വാതിൽക്കലെത്തി, ഹയ്യ അല സ്വലാ ത്തു, ഹയ്യ അലൽ ഫലാഹു അസ്സ്വലാത്തു യാ റസൂലല്ലാഹ്,അതായത് യാ റസൂലല്ലാഹ്, നമസ്കാരത്തിനു വന്നാലും വിജയത്തിനും നമസ്കാരത്തിനും വന്നാലും എന്ന് പറയുമായിരുന്നു. തിരുനബി (സ) നമസ്കാരത്തിന് പുറപ്പെട്ടത് ഹദ്റത്ത് ബിലാൽ കാണുമ്പോൾ ഇഖാമത്ത് കൊടുത്തു തുടങ്ങിയിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഒരു കാര്യം ഇവിടെ വ്യക്തമല്ല. ഇമാം മിമ്പറിൽ വന്ന ശേഷമാണ് ഇഖാമത്ത് കൊടുക്കുക. ഇബ്നുമാജയിൽ ഹദ്റത്ത് ബിലാൽ നിവേദനം ചെയ്യുന്നു: ഫജ്ർ നമസ്കാരത്തിന് അറിയിപ്പ് നൽകാൻ അദ്ദേഹം തിരുനബി(സ) ന്റെ സവിധത്തിൽ എത്തിയപ്പോൾ, നബി (സ) ഉറങ്ങുകയാണെന്ന് പറഞ്ഞു, അപ്പോൾ ഹദ്റത്ത് ബിലാൽ പറഞ്ഞു, അസ്സ്വലാത്തു ഖയ്റുംമിനന്നൗംഅസ്സ്വലാത്തു ഖയ്റും മിനന്നൗം തുടർന്ന് ഫജ്ർ നമസ്കാരത്തിനുള്ള ബാങ്കിൽ ഈ വാചകങ്ങൾ കൂട്ടിചേർത്തു. അതാണ് ഇപ്പോൾ ഉള്ള രീതി. മറ്റൊരു നിവേദനത്തിൽ നബി(സ) പറഞ്ഞു: ബിലാൽ! ഇത് എത്ര നല്ല വാക്കുകളാണ്. ഇത് ഫജ്റിന്റെ ബാങ്കിൽ ചേർക്കുക. നബി(സ)ക്ക് മൂന്ന് മുഅദ്ദിൻഉണ്ടായിരുന്നു. ഹദ്റത്ത് ബിലാൽ, അബൂ മഹ്ദൂറഃ, അംറ് ബിനു ഉമ്മു മക്തൂം.

ഖുത്ബയുടെ അവസാനം ഹുസൂർ പറഞ്ഞു: ഇനിയും അദ്ദേഹത്തിനെകുറിച്ച് കുറച്ച് കാര്യങ്ങൾ കൂടി വിവരിക്കാനുണ്ട്. ഇൻശാ

ശേഷം പേജ് 20 ൽ

# ആദമിന്റെ സ്വർഗ്ഗം: ഭൂമിയിലെ ആദിമ ക്ഷേമ സമൂഹം

ദൈവത്തിൽ നിന്നും ദിവ്യബോധനം ലഭിച്ച ആദം നബി (അ) വിധി വിലക്കുകളോടെ ഭൂമിയിൽ സ്ഥാപിച്ച പ്രഥമ സാമൂഹിക ഭരണ ക്രമമാണ് ആദമിന്റെ സ്വർഗ്ഗം. ആധുനിക സോഷ്യലിസ്റ്റ് ക്ഷേമ സമൂഹം വിഭാവചെയ്യുന്നതിനേക്കാൾ ക്ഷേമകരവും സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമാണ് ആദം നിർമ്മിച്ച ഭൂമിയിലെ സ്വർഗ്ഗം എന്ന് ഖുർആൻ പറയുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

വിശുദ്ധ ഖുർആൻ വെളിപ്പെടുന്നതിന് മുമ്പായുള്ള മതങ്ങളെപറ്റി പരാമർശിച്ചുകൊണ്ട് നമുക്ക് ചർച്ച ആരംഭിക്കാം. മറ്റു വാക്കുകളിൽ പറഞ്ഞാൽ മനുഷ്യരാശിക്ക് സന്മാർഗ്ഗദർശനത്തിന് ആദം നബി(അ)യിലൂടെ അവതീർണ്ണമായ ലോകത്തിലെ ആദ്യത്തെ മതത്തിൽ നിന്നും സമാരംഭിക്കാം. ആ സമൂഹത്തിലെ പ്രാഥമിക പാഠങ്ങളുമായി ബന്ധപ്പെട്ട് വിശുദ്ധ ഖുർആൻ പ്രതിപാതിച്ചിട്ടുള്ള ഒരു മത സമൂഹത്തിന്റെ പ്രാഥമിക അദ്ധ്യാപനങ്ങളിലാണ് നമ്മുടെ ശ്രദ്ധ പതിയുക. വിശുദ്ധ ഖുർആനിലെ ആ പ്രാഥമിക മതസമൂഹത്തെ സംബന്ധിച്ച അദ്ധ്യാപനങ്ങൾ. മുഖ്യമായും സാമൂഹിക സാമ്പത്തിക നീതിയുമായി ബന്ധപ്പെട്ടതാണ്.

ആദമിന്റെ മതം ദൈവികാദ്ധ്യാപനങ്ങളുടെ അടിസ്ഥാനശില പാകിയത് ഘട്ടം ഘട്ടമായാണെന്ന് കാണാം. കാലക്രമമനുസരിച്ച് അവർ അതിന്റെ പരിവൃത്തി വിപുലപ്പെടുത്തുകയും കേവലം നീതിയെപറ്റിയുള്ള ചർച്ചയിൽ നിന്നും പുരോഗമിച്ച് കൂടുതൽ പുരോഗമനാത്മകമായ ***ഇഹ്സാനിലേക്കും ഈതാഇദിൽ ഖുർബായുടെ*** അദ്ധ്യാപനങ്ങളിലേക്കും പുരോഗമിക്കുകയുണ്ടായി. ചുരുക്കത്തിൽ ആദം നബി (അ)യുടെ കാലഘട്ടം മുതൽ മുഹമ്മദ് നബി (സ) യുടെ കാലഘട്ടം വരെ മതം സമ്പൂർണ്ണമായ ഒരു പരിപൂർത്തി എത്തുന്നതിനിടക്ക് മനുഷ്യ വികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ സുനിശ്ചിതമായ ഒരു പരിണാമ പ്രവണത ദർശിക്കാവുന്നതാണ്. മതങ്ങളെന്ന് വിളിക്കപ്പെടുന്ന മറ്റെല്ലാ രൂപങ്ങളും ഒരു പക്ഷേ മിത്തുകളും ഇതിഹാസങ്ങളുമായിരിക്കും. അല്ലെങ്കിൽ വെളിപാട് മതങ്ങളുടെ മനുഷ്യ കൃതങ്ങളായ ജീർണ്ണ രൂപങ്ങളായിരിക്കാം.

### ആദ (അ) മിന്റെ കാലം

പ്രവാചകത്വ സ്ഥാപനം അതാത് കാലത്തെ ജനങ്ങൾക്ക് ഉന്നതങ്ങളിൽ നിന്നും ജ്ഞാനോദയത്തിന്റെതായ ഒരു സന്ദേശം കൊണ്ടു വരുന്നതായി കാണപ്പെടുന്നു. അത് അക്കാലത്തെ ജനങ്ങൾ അനുസരിക്കുകയോ അല്ലെങ്കിൽ അവരുടെ അബദ്ധങ്ങളുടെയും പാപങ്ങളുടെയും ഫലമായി സ്വാഭാവികമായ അനന്തര ഫലം അനുഭവിക്കുകയോ ചെയ്യും. ചോദ്യമിതാണ് ഇതിൽ പ്രവാചകന്മാർക്കുള്ള ആധികാരികമായ പങ്ക് എന്താണ്? എന്ത് തരത്തിലുള്ള നീതിയാണ് അവരിൽ ആരോപിക്കപ്പെടുക? ദിവ്യവെളിപാടുകളിലധിഷ്ഠിതമായ മതങ്ങൾ ആവിർഭവിക്കുന്നതിന് മുമ്പ് സമൂഹത്തിന് അവരുടെ നേതാക്കന്മാരെ തിരഞ്ഞെടുക്കാനുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു. അതായത് നേതാക്കന്മാരെ അവർക്ക് അനുസരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാം. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് പെട്ടെന്ന് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ അനുസരിക്കണം എന്ന് വരുന്നു? വിശുദ്ധ ഖുർആൻ ആദം (അ) നെ ചൂണ്ടിക്കാട്ടിക്കൊണ്ട് ഈ സമസ്യക്ക് ഉത്തരം കണ്ടെത്തുന്നു. ആദം (അ)മിന് സ്വയം തന്റെ മറ്റു അനുചരന്മാരുടെ മേൽ യാതൊരു വിധ വ്യക്തിപരമായ ഔന്നത്യവും ഉണ്ടായിരുന്നില്ല. അദ്ദേഹം തന്റെ സഹചരരുമായി സമത്വഭാവത്തോ

ടെ സഹവർത്തിച്ചു വരികയായിരുന്നു. ആദമിന് അന്യരെ അനുസരിപ്പിക്കാനുള്ള മേധാശക്തിയുണ്ടായിരുന്നില്ല. എന്നാൽ അല്ലാഹു തന്റെ വചനം അധികാരവും ആദമിൽ ഊതുകയുണ്ടായി. (സന്നിവേശിപ്പിക്കുകയുണ്ടായി). അതിന് ശേഷമാണ് ആദമിന് ആ മേധാശക്തി ലഭിച്ചത്. തദനുസൃതം പ്രവർത്തിക്കാൻ തുടങ്ങിയത്.

ഖുർആനിക സാങ്കേതികാർത്ഥ പ്രകാരം ദൈവത്തിന്റെ ഊത്ത് (ഉച്ഛ്വാസം) എന്നത് മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ വെളിപാടുകളുടെ പ്രവാഹമുണ്ടാകുക എന്നാണ് അർത്ഥമാക്കുന്നത്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

**'നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ് അവസരം സ്മരിക്കുക. മുട്ടിയാൽ പ്രണാദമുണ്ടാക്കുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്നും ഞാൻ മനുഷ്യനെ സൃഷ്ടിക്കാനുദ്ദേശിക്കുകയാണ്. അങ്ങനെ നാം അവനെ (തികവുറ്റ നിലയിൽ) രൂപപ്പെടുത്തുകയും എന്റെ ചൈതന്യത്തിൽ നിന്ന് ഊതുകയും ചെയ്തു കഴിഞ്ഞാൽ നിങ്ങൾ അവനെ അനുസരിച്ചുകൊണ്ട് അവന്ന് കീഴപ്പെടുവീൻ' (സൂറ: അൽ ഹിജ്ർ15: 29 30)**

സമാനമായൊരു പാരാമർശം സൂറ: അൽ കഹ്ഫിൽ പരിശുദ്ധ പ്രവാചകനെ പറ്റി പറയുന്നിടത്ത് കാണാം.

**'പറയുക തീർച്ചയായും ഞാൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യ വെളിപാടുണ്ടായിരിക്കുന്നു.' (അൽകഹ്ഫ് 18:111)**

ദൈവത്തിന്റെ ഉഛാസത്തിനുള്ള മുന്നുപാധി **തഖ്‌വയാണ്.** അതായത് അല്ലാഹുവിനോടുള്ള ഭയഭക്തിയാകുന്നു അത്. **തഖ്‌വ** എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ ഒരാൾ അല്ലാഹുവിനെ ഭയപ്പെടുന്നു എന്നതിനർത്ഥം അയാൾ വെളിപാടുകളുടെ സ്വീകർത്താവാകാൻ യോഗ്യനാണ് എന്നാണ്. അതുകൊണ്ടാണ് **തഖ്‌വ,** അതായത് **തഖ്‌വ** മാത്രമാണ് ബഹുമതിയുടെ അടയാളം.

**നഫ്കെ റൂഹ് (സൂറ: ഹിജ്ർ വചനം 30)** ദൈവത്തിൽ നിന്നുള്ള ജീവഉഛ്ച്വാസം മനുഷ്യനെ സംബന്ധിച്ച് മാത്രമാണ് ഉപയോഗിക്കുന്നത്. മറ്റ് മൃഗങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗിക്കാറില്ല. **'നഫ്ഖ്'**എന്ന ക്രിയക്ക് എന്തിലെങ്കിലും ഊതുക എന്നാണ് അർത്ഥം. ഈ സാങ്കേതിക വാക്കിന്റെ പ്രാഥമികാർത്ഥം ജീവന്റെ ഊത്ത് എന്നാണ്. പക്ഷേ ഈ സന്ദർഭത്തിൽ മനുഷ്യ ജീവന്ന് മാത്രമാണ് ഈ പ്രയോഗം ബാധകമാവുക. എല്ലാ ജീവജാലങ്ങൾക്കും ഒരു അഹവും ഒരു കേന്ദ്രബോധവുമുണ്ടായിരിക്കും. എന്നാൽ ഈ ബോധത്തിന്ന് ഭൗതിക ജീവിതത്തിന്നുള്ള അതിജീവനശേഷി ഉണ്ടായിരിക്കില്ല. **റൂഹ്** എന്നത് ആത്മാവ് എന്ന് വിവർത്തനം ചെയ്യണം അത് എല്ലാ ജീവികൾക്കുമുള്ള ജീവൻ എന്നതിന്റെ വിപരീതമാണ്. ആത്മാവ് എന്നത് മനുഷ്യന് മാത്രം നൽകപ്പെടുന്ന ഒന്നാണ്.

വിശുദ്ധ ഖുർആനിൽ വ്യാപകമായി ഉപയോഗിച്ച മറ്റൊരു സാങ്കേതിക നാമം **നഫ്സ്** ആണ്. **നഫ്സ്**ന്റെ ലളിതമായ അർത്ഥം ജീവൻ എന്നാണ്. എല്ലാ ജീവജാലങ്ങൾക്കും **നഫ്സ്-** ജീവൻ ഉണ്ട്. എന്നാൽ എല്ലാ ജീവജാലങ്ങൾക്കും **റൂഹ്** ഇല്ല. ഇതാണ് **റൂഹും നഫ്സും** തമ്മിലുള്ള അടിസ്ഥാന വ്യത്യാസം. **റൂഹ്** എന്നത് ബോധത്തിന്റെ കൂടുതൽ വികസിതമായ ദ്വിതീയ ഘട്ടമാണ്. അതിന് മരണസമയത്ത് ശരീരത്തിൽ നിന്ന് വേർപെട്ടതിന് ശേഷവും സ്വയം ജീവിക്കാനുള്ള ശേഷിയുണ്ട്. ഊർജ്ജത്തിന്റെ ഈ മാത്രയെ വിശദീകരിക്കാൻ സാധ്യമല്ല. കാരണം റൂഹിന്റെ പ്രകൃതി എന്താണെന്ന് മനസ്സിലാക്കാനുള്ള ഘട്ടത്തിൽ മനുഷ്യ വിജ്ഞാനം എത്തിയിട്ടില്ല. വിശുദ്ധ ഖുർആൻ മനുഷ്യന് മനസ്സിലാവാൻ വേണ്ടി റൂഹിനെ ദൈവത്തിന്റെ വചനമായിക്കുമെന്ന് ലളിതമായി വിവരിക്കുന്നു.

**നഫ്ഖിന്റെ** കേന്ദ്ര അർത്ഥം **'ദൈവത്തിൽ നിന്നുള്ള വെളിപാട്'** എന്നാണ്. അതിനാൽ ദൈവത്തിൽ നിന്നുള്ള വെളിപാട് ഇറങ്ങുന്ന പ്രക്രിയയും അതേ സാങ്കേതിക പദത്തിന്റെ പരിധിയിൽ വരുന്നു. ആത്മാവിന്റെ സൃഷ്ടി എന്നത് ജീവന്റെ ക്രമേണയുള്ള പരിണാമാത്മകമായ ഒരു ഘട്ടത്തെ കുറിക്കുന്നു. അത് പുറമേനിന്നും വന്നതല്ല. എന്നാൽ അത് അല്ലാഹുവിനാൽ മനുഷ്യന്ന് നൽകപ്പെട്ട പ്രാഥമികമായ ഉന്നത ശ്രേണിയാണ്. വെളിപാടുകളാകട്ടെ സാധാരണക്കാരുടെ വിതാനത്തിൽ നിന്നും ഉയർന്നു നിൽക്കുന്നു. ദൈവദാസരിൽ നിന്നും ദൈവം തിരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള രണ്ടാമത്തെ ഉന്നതമായ ശ്രേണിയാണ്. ദൈവിക വെളിപാടുകൾ ലഭിച്ചവരിൽ നിന്നും അടുത്ത പദവീക്രമത്തിലേക്ക് തിരഞ്ഞെടുക്കാൻ യോഗ്യതയുള്ള അവർ പ്രവാചകന്മാരുടെ ശ്രേണിയിൽപെടുന്നു. ഇതിനെയാണ് പ്രവാചകത്വം എന്ന് വിളിക്കുന്നത്. അങ്ങനെയാണ് ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായി ഉയർന്ന ശ്രേണീ ക്രമത്തിലേക്ക് **നഫ്ഖ്-ഐ-റൂഹ്** ലൂടെ സൃഷ്ടിക്കപ്പെടുന്നത്. അത് ഉയർന്ന ഒരു ക്രമത്തിലേക്കും കൂടുതൽ പരിശുദ്ധമായ അർത്ഥധ്വനിയിലേക്കുമാണ് സൃഷ്ടിക്കപ്പെടുന്നത്. ഈ ഒരു വീക്ഷണ കോണിൽ ദൈവത്തിന്റെ ഒരു പ്രവാചകനെ അനുസരിക്കേണ്ടതിന്റെ അവശ്യകത അനീതിയോ അയുക്തികമോ അല്ല. കാരണം ഒരു പ്രവാചകൻ അനുസരണം ആവശ്യപ്പെടുന്നത് അദ്ദേഹം ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്കാണ്.

അദ്ദേഹം ദൈവത്തെ പ്രതിനിധീകരിക്കാൻ യോഗ്യനാണ്

എന്ന് ദൈവം സദാസമയവും വിശ്വസ്തതയോടെ കണക്കാക്കുന്നതിന്ന് കാരണം അദ്ദേഹത്തിന്റെ സത്യത്തോടുള്ള തികഞ്ഞ പ്രതിബദ്ധതയാണ്. അപ്രകാരം അയാൾക്ക് ദൈവവുമായോ അവന്റെ സന്ദേശവുമായോ മനുഷ്യവംശവുമായോ ബന്ധപ്പെട്ട് എന്തെങ്കിലും വിധത്തിലുള്ള അനീതി നിർവ്വഹിക്കാൻ അയാൾക്ക് സാദ്ധ്യമാകില്ല. എന്നാൽ ഇത് സംഭവിക്കുന്നത് അത്തരം വ്യക്തികളുടെ ഗുണങ്ങൾ ദൈവം അവരിൽ നട്ടു വളർത്തുകയും അത് തികവുറ്റ ഒരു അനുപാതത്തിലും സംന്തുലനത്തിലും എത്തിചേരുകയും ചെയ്യുമ്പോൾ മാത്രമാണ്. അതിന്ന് ശേഷം മാത്രമാണ് ദൈവം അദ്ദേഹത്തെ ഒരു ദിവ്യദൂതനായി വർത്തിക്കാൻ യോഗ്യനായി കണക്കാക്കുകയുള്ളു. അതോടെ ദൈവം അവന്റെ വിശ്വസ്ഥത അവനിൽ നിക്ഷേപിക്കുന്നു. ആ വിശ്വസ്തത ഒരിക്കലും തന്നെ ലംഘിക്കപ്പെടുകയുമില്ല. ഇത്തരം ദൈവത്തിന്റെ പ്രതിനിധികളിൽ ചിലർ നിയമ വാഹകരായ പ്രവാചകന്മാരായിരിക്കും. അവർ ഒരു പുതുയുഗത്തിന്റെ കാഹള മൂത്തുകാരാണ്. ആ നിയമവാഹകനായ പ്രവാചകന്റെ കാലഘട്ടം അവസാനിക്കുന്നത്വരെ അദ്ദേഹത്തെ പുതിയ നിയമ വാഹകരല്ലാത്ത പ്രവാചകന്മാർ അനുധാവനം ചെയ്യുന്നു. അവരും പ്രവചനാത്മകമായ വെളിപാടുകളുടെ സ്വീകർത്താക്കളായിരിക്കും. അവർ ദൈവത്തിന്ന് വേണ്ടി മറ്റു ചില ധർമ്മങ്ങളും നിർവ്വഹിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം അങ്ങനെ പ്രബലപ്പെടുകയും സമൂഹത്തിന്റെ പരിഷ്ക്കരണം നടത്തുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ദൈവത്തെ ആരാധിക്കൽ നിർദ്ദിഷ്ട പ്രാർത്ഥനകൾ നിർവ്വഹിക്കൽ, നന്മക്ക് വേണ്ടി ചിലവ് ചെയ്യൽ. ഈ മൂന്ന് കാര്യങ്ങൾ എല്ലാ മതങ്ങൾക്കും പൊതുവായുള്ള അടിസ്ഥാന അദ്ധ്യാപനങ്ങളാണ്.

**അനുസരണത്തിൽ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തുന്നവരും ഏകാഗ്രമാനസരുമായി അല്ലാഹുവിനെ ആരാധിക്കാനും നമസ്ക്കാരം നിലനിർത്താനും സക്കാത്ത് കൊടുക്കാനുവേണ്ടിയല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതത്രെ സത്യപാതയിലുള്ള (ജനങ്ങളുടെ) മതം (സൂറ: അൽ ബയ്യിന. 98:6)**

## ആദമിന്റെ സ്വർഗ്ഗം

ആദ(അ)മിന്ന് നൽകപ്പെട്ട സ്വർഗ്ഗം ഈ സാർവ്വത്രിക നിയമത്തിൽ നിന്നും ഭിന്നമായ ഒന്നായിരുന്നില്ല. മേൽ പ്രസ്താവിച്ച ഖുർആനിക വചനം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം വിവരിക്കുന്നു. അത്പോലെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം വിവരിക്കുന്നു. ഈ ബന്ധങ്ങൾ പാലിക്കപ്പെടേണ്ട നിയമങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുന്നു. ഉദാഹരണത്തിന്ന്. ആദമിന്ന് നൽകപ്പെട്ട നിയമം വിശുദ്ധ ഖുർആനിലെ രണ്ട് വചനങ്ങളിൽ വിവരിക്കുന്നു. ഈ വചനങ്ങളുടെ ആദ്യഭാഗം വ്യാപകമായി ഉദ്ദരിക്കപ്പെടുന്നതും വ്യാപകമായി തെറ്റിദ്ധരിപ്പിക്കപ്പെട്ടതു മാണ്. അത് ആദം (അ) പറഞ്ഞ വിലക്കുകളുമായി ബന്ധപ്പെട്ടതാണ്. അതായത് സ്വർഗ്ഗത്തിലെ രണ്ട് തരം വൃക്ഷങ്ങളുമായി ബന്ധപ്പെട്ട വചനങ്ങളാണത്. ഒരു തരം വൃക്ഷത്തിന്റെ ഫലം അല്ലാഹു ആദമിന്നും ഹവ്വക്കും അനുവദിക്കപ്പെട്ടതാണ്. യാതൊരു വിലക്കുമില്ലാതെ സന്തോഷത്തോടെ അവർക്ക് അത് ഭക്ഷിക്കാം. പക്ഷേ മറ്റേതരം വൃക്ഷത്തെപറ്റി ദൈവം ആദ(അ)മിനെ താക്കീദ് ചെയ്തു. ആ വൃക്ഷവുമായി അകലം പാലിക്കാനായിരുന്നു താക്കീദ്. ഇത് ചീത്ത വൃക്ഷമായിട്ടാണ് വിവരിക്കപ്പെട്ടത്. സാധാരണക്കാർ ഭൗതികാർത്ഥത്തിലാണ് ഇതിനെപറ്റി ചിന്തിക്കുന്നത്. അത് നാം ഭൂമിയിൽ സാധാരണ നമുക്കറിയുന്നത് പോലെ ഫലം തരുന്ന വൃക്ഷമാണെന്നാണ് ഗണിക്കുന്നത്. വിശുദ്ധ ഖുർആന്റെ ഈ വിവരണത്തിനോട് സമാനമായ വിവരണമാണ് പഴയ നിയമത്തിലും കാണുന്നത്. ആയതിനാൽ ഇസ്ലാം മതത്തിലേയും യഹൂദമതത്തിലേയും ക്രിസ്തു മതത്തിലേയും പണ്ഡിതന്മാർ ഖുർആനിലെ ഈ ആലങ്കാരിക പ്രയോഗത്തിന്ന് ബൈബിൾ പഴയ നിയമത്തിന്റെത് പോലെയുള്ള അർത്ഥം നൽകാനുള്ള ശ്രമമാണ് നടത്തിയത്.

വിവിധ പണ്ഡിതന്മാർ ഇതിൽ നിന്നും നിഗമനം ചെയ്തെടുത്ത വിശദമായ വിവരണങ്ങളിലേക്ക് ഞാൻ പോകാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ സംശയ ലേശമന്യേ ഈ രണ്ടു വൃക്ഷങ്ങളെ പറ്റിയുള്ള പ്രതിപാദനവും ആദ (അ) മിന്ന് നൽകപ്പെട്ട വിധിവിലക്കുകളടങ്ങിയ ദിവ്യ നിയമങ്ങളെ പറ്റിയാണെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ പറയപ്പെട്ട ചീത്ത വൃക്ഷം എന്നത് പരസ്പരം പാലിക്കേണ്ട പൊതു ധാർമികാദ്ധ്യാപനങ്ങളും നീതി തത്വങ്ങളും ലംഘിക്കുന്ന ഒരു മതസമൂഹത്തിന്റെ അദ്ധ്യാപനത്തിന്റെ ഭാഗങ്ങളെ സംബന്ധിച്ചാണ്. ദൈവം അവരുമായുള്ള സംസർഗ്ഗം നിരോധിക്കുകയുണ്ടായി. എന്തായിരുന്നാലും ഈ ധാർമികാദ്ധ്യാപനങ്ങൾ പരസ്പരം വ്യത്യസ്തത പുലർത്തുന്ന മനുഷ്യന്റെ നീതി സങ്കൽപ്പങ്ങളുടെയും ന്യായവാദങ്ങളുടെയും വ്യാഖ്യാനത്തിന്ന് വിട്ടുകൊടുത്തിട്ടില്ല. ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കാൻ പ്രവാചകന്മാർക്ക് നൽകപ്പെട്ട അദ്ധ്യാപനങ്ങൾ വളരെ വ്യക്തവും സംഗ്രഹിതവുമാണ്.

സുഖദായകമായ ഫലം നൽകുന്ന മറ്റേ വൃക്ഷത്തിന്റെ ഫലം ആദമി (അ)ന്നും ഹവ്വക്കും യഥേഷ്ടം ഭക്ഷിക്കാൻ അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇത് വ്യക്തമായും ആദമിന്റെ ദിവ്യ നിയമങ്ങളിലെ ക്രിയാത്മകമായ

കൽപ്പനങ്ങൾ ഉൾക്കൊള്ളുന്നതാണ്.

ഇവിടെ ജീവിതത്തിന്റെ അടിസ്ഥാനപരമായ പെരുമാറ്റചട്ടങ്ങളുടെ വിശദാംശങ്ങൾ ഈ വചനങ്ങളിൽ സൂചിപ്പിച്ചിട്ടില്ല. ഇതിൽ നിന്നും ആദമിന്റെ സമൂഹത്തിൽ പരസ്പരം വ്യക്തികളുടെ മൗലികാവകാശങ്ങൾ ലംഘിക്കുന്നതിനെ വിലക്കിയിരിക്കുന്നതായി നമുക്ക് വളരെ വ്യക്തമായും അനുമാനിച്ചെടുക്കാം. ഇത്തരം ലംഘനങ്ങൾ അവർക്കിടയിൽ സമാധാന ഭംഗവും പല കഷ്ട നഷ്ടങ്ങൾക്കും കാരണമാകുമായിരുന്നു.

മറ്റൊരു വചനത്തിൽ നിന്നും ഇതേ വിഷയത്തിൽ ആ പ്രാകൃത സമൂഹത്തിലെ സാമ്പത്തിക നീതി നിയമങ്ങൾക്ക് അടിത്തറയിട്ടതായി കാണാം.

**തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല നഗ്നനാകേണ്ടതില്ല (അതിനെല്ലാം വ്യവസ്ഥ ചെയ്തിരിക്കുന്നു) തീർച്ചയായും നിനക്കതിൽ ദാഹമുണ്ടാകുകയില്ല. വെയിലിന്റെ ഉഷ്ണ മേൽക്കുകയുമില്ല. (സൂറ: ത്വാഹ 20:119)**

അതായത് സാമ്പത്തിക വീക്ഷണത്തിൽ നോക്കുമ്പോൾ ആദം (അ) മിന്റെ അദ്ധ്യാപനങ്ങൾ പ്രാഥമികമായ ഒരു സമൂഹ നിർമ്മിതിക്ക് മനുഷ്യന്ന് നൽകപ്പെട്ട നാല് മുഖ്യ മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്നു. അവ ഇപ്രകാരമാണ്

1. എല്ലാ മനുഷ്യനും ഉചിതമായ രീതിയിൽ ഭക്ഷണം ലഭിക്കാനുള്ള അവകാശമുണ്ട്. ആരും തന്നെ വിശന്നിരിക്കാൻ പാടില്ല.

2 എല്ലാ മനുഷ്യനും വേണ്ട വിധം വസ്ത്രധാരണത്തിന്നുള്ള അവകാശമുണ്ട്.

3 എല്ലാ മനുഷ്യനും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കണം.

4 ആരും തന്നെ പാർപ്പിടമില്ലാതെ ഇരിക്കാൻ പാടില്ല.

എന്തായാലും യാഥാസ്ഥിതികരായ പണ്ഡിതന്മാരെ സംബന്ധിച്ചേടത്തോളം ആദ (അ) മിന്റെ കഥയിൽ പ്രതിപാദിക്കപ്പെട്ട സ്വർഗ്ഗം സത്യവിശ്വാസികൾക്ക് മരണാനന്തരം വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗം തന്നെയാണ്. ആരെങ്കിലും അത്തരത്തിലുള്ള സിദ്ധാന്തങ്ങൾ പരിഗണിക്കുകയാണെങ്കിൽ പരലോകത്ത് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗത്തിന്റെ വിവരണങ്ങളും ആദമിന്നും അദ്ദേഹത്തിന്റെ അനുയായികൾക്കും വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗവും തമ്മിലുള്ള വ്യത്യാസം കണ്ടാൽ അത്ഭുതപ്പെട്ടുപോകും. ഇത് എന്ത് തരത്തിലുള്ള സ്വർഗ്ഗമായിരുന്നു? അവിടെ വിശപ്പ് അകറ്റാൻ വേണ്ടി മാത്രമുള്ള ഭക്ഷണവും കുടിവെള്ളവും ഉടുക്കാൻ വസ്ത്രവും തലക്ക് മുകളിൽ കൂരയും മാത്രമേ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളൂ? മരിച്ചതിന്ന് ശേഷം സാത്വികർക്ക് ലഭിക്കുന്ന സ്വർഗ്ഗം അത്തരത്തിലല്ല ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. ലൗകിക ജീവിതത്തിലെ സന്തോഷങ്ങൾക്ക് പകരമായി ആരാണ് അത്തരത്തിലുള്ള ഒരു സ്വർഗ്ഗം ആഗ്രഹിക്കുക.

വികസിത സമൂഹങ്ങളിലെ താഴെതട്ടിലുള്ള സാധാരണക്കാരായ ജനങ്ങൾ പോലും ആദം (അ) ബഹിഷ്കൃതനായ സ്വർഗ്ഗത്തെക്കാൾ മികച്ച സ്വർഗ്ഗം ആസ്വദിക്കുന്നവരാണ്!! അത്തരം സ്വർഗ്ഗത്തെ യാഥാസ്ഥിതികരായ മത പുരോഹിതന്മാർപോലും എപ്പോഴെങ്കിലും ആഗ്രഹിക്കുമോ എന്ന് നാം സഗൗരവം സംശയിക്കുന്നു. ഒരു പരിത്യക്തയായ സ്ത്രീ, ഒരു വിലക്കപ്പെട്ട വൃക്ഷം ചില വൃക്ഷങ്ങളിൽ തീർച്ചയായും ഫലങ്ങളുണ്ട്. പക്ഷേ ചുറ്റും എണ്ണമറ്റ പാമ്പുകളും.!! മതിയായ വസ്ത്രം നൽകുമെന്ന വാഗ്ദാനം ലംഘിക്കപ്പെട്ടു. ആദമും (അ) അദ്ദേഹത്തിന്റെ പത്നിയും കണ്ണ് തുറന്നപ്പോൾ അവർ നഗ്നരായി കാണപ്പെട്ടു. വസ്ത്രം ഇല്ലായിരുന്നു. അവർക്ക് തലചായ്ക്കാൻ പാർപ്പിടമില്ലായിരുന്നു. അവർക്ക് നഗ്നത മറക്കാൻ സ്വർഗ്ഗത്തിലെ വൃക്ഷത്തിൽ നിന്നും കൊഴിഞ്ഞു വീണ അൽപ്പം ഇലകൾ മാത്രമാണുണ്ടായിരുന്നത്. ഈ മഹത്തായ സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ ഏതെങ്കിലും സാത്വികനായ മനുഷ്യൻ യാചിച്ചു പ്രാർത്ഥിക്കുമോ!!. അഹോ കഷ്ടം, ഇത് സത്യവിശ്വാസികൾക്ക് അവരുടെ മഹത്തായ ത്യാഗത്തിന്റെ ഫലമായി വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്ത സ്വർഗ്ഗമല്ല.

ഇത് (ആദം (അ) ന്റെയും ഹവ്വായുടെയും സ്വർഗ്ഗം) ശാസ്ത്രീയ സോഷ്യലിസത്തിന്റെ തത്വശാസ്ത്ര പ്രകാരം കാറൽ മാർക്സ് വരച്ചു കാട്ടിയ സ്വർഗ്ഗത്തേക്കാൾ കവിഞ്ഞ മറ്റൊന്നുമല്ല. ഇത് ആദമി(അ) നും ഹവ്വയുടെയും കഥയിൽ മനുഷ്യന്ന് ആദ്യമായി നൽകിയ വാഗ്ദാനമാണ്. ഇത് മനുഷ്യന്ന് നൽകപ്പെട്ട ആദ്യത്തെ മനുഷ്യാവകാശങ്ങളിലെ ആദ്യത്തെ പ്രമാണമായി വിവരിക്കപ്പെടാവുന്നതാണ്. ശാസ്ത്രീയ സോഷ്യലിസക്കാർ വിഭാവന ചെയ്ത സ്വർഗ്ഗത്തെക്കാൾ വികസിതമായതാണ് ഭൂമിയിലെ ആദമിന്റെ സ്വർഗ്ഗം. സോഷ്യലിസ്റ്റ് തത്വശാസ്ത്രത്തിന്റെ സൂക്ഷ്മമായ പഠനം നമ്മുടെ വീക്ഷണത്തെ പൂർണ്ണമായും പിന്തുണക്കുന്നതാണ്. മാർക്സിസം ലെനിനിസത്തിൽ മൂന്ന് മൗലികാവകാശങ്ങളേ ഉള്ളടങ്ങിയിട്ടുള്ളൂ. അതിനപ്പുറം ഒന്നുമില്ല. അതിനപ്പുറമുള്ളതെല്ലാം ഐച്ഛികമാണ്. അത് നൽകാം നൽകാതിരിക്കുകയും ചെയ്യാം. ശാസ്ത്രീയ സോഷ്യലിസം വാഗ്ദാനം ചെയ്യുന്നത് എല്ലാവർക്കും ശരിയായ രീതിയിലുള്ള ഭക്ഷണം, ശരിയായ പാർപ്പിടം, ശരിയായ വസ്ത്രം എന്നിവ മാത്രമാണ് .

ഖുർആനിൽ പരാമർശിക്കപ്പെട്ട ഏറ്റവും അടിസ്ഥാനപരമായ സാമ്പത്തിക നീതി സോഷ്യലിസ്റ്റ് ആദർശങ്ങളേക്കാൾ എത്രയോ വിശാലമാണ്. സോഷ്യലിസ്റ്റ്

ആശയങ്ങളിൽ കുടിവെള്ളം വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ല. ഒരു പക്ഷേ അത് വാഗ്ദാനം ചെയ്യപ്പെടാൻ മാത്രം പ്രാധാന്യമുള്ളതല്ല എന്ന് തെറ്റിദ്ധരിച്ചതാകാം. വിദഗ്ദന്മാർ നൽകുന്ന വസ്തുതകളും കണക്കുകളും തികച്ചു വ്യത്യസ്തമായ മറ്റൊരു കഥയാണ് പറയുന്നത്. ആഫ്രിക്കയിലും ഏഷ്യയിലും ജീവിക്കുന്ന വലിയ വിഭാഗം മനുഷ്യർ ചുരുങ്ങിയ ജലം കൊണ്ട് കഷ്ടിച്ച് ജീവിക്കുന്നവരാണ്. അത് തന്നെ പലപ്പോഴും ലഭ്യമല്ല. മനുഷ്യാപയോഗത്തിന്നും ആരോഗ്യത്തിന്നും പറ്റിയതല്ല. പിന്നീടാണ് ഐക്യരാഷ്ട്ര സഭയുടെ സുപ്രധാനമായ സംഘടനകൾ ശുദ്ധജലത്തിന്റെ ലഭ്യത ഒരു അവകാശമായെടുത്തത്. മനുഷ്യ സമൂഹത്തിന്റെ ഏറ്റവും പ്രാക്തന ഘട്ടത്തിൽ പോലും വിശുദ്ധ ഖുർആന്റെ സ്വർഗ്ഗീയ സങ്കൽപ്പത്തിന്റെ മേന്മ ആലോചിച്ചു നോക്കൂ. ശുദ്ധജലത്തിന്റെ പ്രാധാന്യം തിരിച്ചറിയപ്പെടുകയും അത് അനുവദിക്കപ്പെടുകയും ചെയ്യുകയുണ്ടായി.

## പ്രവാചകത്വ സ്ഥാപനത്തിന്റെ വികാസം

ആദമിന് ശേഷവും പ്രവാചകത്വം തുടർന്നുകൊണ്ടിരുന്നു. ആദം (അ) നു ശേഷവും നോഹ (അ) ക്ക് മുമ്പും പ്രവാചകന്മാർ ലോകത്ത് പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു. ഈ പ്രവാചകന്മാർ ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടില്ല. അതിന്ന് കാരണം അവർ നിയമദാദാക്കളായ പ്രവാചകന്മാരല്ലാത്തതായിരിക്കാനാണ് സാദ്ധ്യത. നോഹയുടെ സമയം വരെ അബ്രഹാമിന്റെ നിയമമായിരുന്നു നിലവിലുണ്ടായിരുന്നത്.

ആദ(അ)മിന്റെ കാലം മുതൽ നോഹ ( അ) യുടെ കാലം വരെ നാഗരികത ഗണ്യമായി പുരോഗമിച്ചതായി ചരിത്രം സാക്ഷ്യം നൽകുന്നു. മെസപ്പെട്ടോമിയയിലാണ് നോഹ പ്രത്യക്ഷപ്പെട്ടതെങ്കിൽ, പൊതുസ്ഥലങ്ങളെല്ലാം വിദൂരദേശങ്ങളിൽ നിന്നും വണിക് സംഘങ്ങളെ ആകർഷിക്കുന്ന വികസിതമായ കച്ചവട കേന്ദ്രങ്ങളായി മാറി. അനുകൂലമായ കാലാവസ്ഥ മെസെപ്പൊട്ടോമിയൻ ജനതയെ വേരുകളില്ലാത്ത വേട്ടയാടി-കായ്കനികൾ ശേഖരിച്ച് കഴിയുന്ന നാടോടി സംസ്ക്കാരത്തിൽ നിന്നും സ്ഥിരവാസത്തിന്റേതായ കൃഷിയുടെ കാർഷിക വൃത്തിയുടെ സംസ്ക്കാരത്തിലേക്ക് മാറുമായിരുന്നു. ജലസേചനം ലോഹവിദ്യ, പാത്ര നിർമ്മാണം, മറ്റു കരകര കൗശല വസ്തു നിർമാണം, വാസ്തുനിർമ്മാണവിദ്യ എന്നിവ ഉന്നതമായ രീതിയിൽ വികാസം പ്രാപിച്ചു. വിശുദ്ധ ഖുർആനിൽ പോംമ്പിയി (Pompeii) ലുള്ളത് പോലെയുള്ള ഒരു സമ്പന്ന സമൂഹം ഭൂകമ്പത്തിന്ന് മുമ്പായി നിലനിന്നിരുന്നതായി ഖുർആൻ വിവരിക്കുന്നു. ഭൂകമ്പത്തിൽ അത് തുടച്ചുനീക്കപ്പെടുകയാണുണ്ടായത്.

ഈ വികസിത സമൂഹത്തിന്ന് മാറിയ സാഹചര്യങ്ങൾക്കും സമൂഹത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കും സ്വാഭാവികമായും കൂടുതൽ പുരോഗമിച്ച ദൈവിക അധ്യാപനം ആവശ്യമായി വന്നു. പക്ഷേ നാം വിശുദ്ധ ഖുർആനിൽ കാണുന്നത് എന്തെന്നാൽ നോഹയുടെ ജനത എല്ലാ വിധ അതിക്രമങ്ങളും നടത്തി, സത്യപാതയിൽ നിന്ന് വ്യതിചലിക്കുകയും തികച്ചും പാപം നിറഞ്ഞ ഒരു ജനതയായി മാറുകയും ചെയ്തു. ഇതിൽ നിന്നും നമുക്ക് പാപത്തിന്റെ സങ്കൽപ്പം വ്യക്തമായും അനുമാനിക്കാൻ സാധിക്കുന്നതാണ്. ഒരു നിയമം കൂടാതെ പാപ സങ്കൽപ്പം സ്വീകരിക്കാൻ സാധ്യമല്ല. ദൈവീക നിയമങ്ങൾ ലംഘിക്കുന്നതാണ് മതപരമായ സങ്കേതികാർത്ഥത്തിൽ പാപം എന്ന് പറയുന്നത്.

ഇത് തന്നെയാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരിച്ച വിവിധ പ്രവാചകന്മാർ അഭിസംബോധന ചെയ്ത മറ്റു ജനതകളുടെയും സ്ഥിതി. വിശുദ്ധ ഖുർആൻ അവരുടെ അധ്യാപനങ്ങൾ പൊതുവേ പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. വിശദമായ വിവരണം ആവശ്യമില്ല. ഇബ്രാഹിം (അ) ഇസ്ഹാഖ് (അ) ഇസ്മായീൽ (അ) യഅ്ഖൂബ് (അ) യൂസുഫ് (അ) എന്നിവർ ഇബ്രാഹിമി(അ) ന്ന് നൽകപ്പെട്ട ആ നിയമത്തിൽ ഉൾപ്പെട്ടവരാണ്. മതത്തിന്റെ മുഖ്യ പ്രമേയം തികഞ്ഞ സമർപ്പണത്തോടെ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ അനുസരിച്ച് ദൈവത്തെ ആരാധിക്കുകയും ഇബ്രാഹിമിന്റെ(അ) മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യുക എന്നതാണ്. ഇവിടെ ഉപയോഗിച്ച ***മില്ലത്ത്*** എന്ന പദത്തിന്റെ പരിധിയിൽ ഈ അർത്ഥം ഉൾക്കോള്ളുന്നു. എന്നിരുന്നാലും അദ്ധ്യാപനങ്ങളുടെ വിശദാംശങ്ങൾ വിവരിക്കപ്പെട്ടിട്ടില്ല. ഖുർആന് മുമ്പ് വെളിപ്പെട്ടതും എല്ലാ ദിവ്യനിയമങ്ങൾക്കും ബാധകവുമായ മാർഗ്ഗദർശനാത്മകമായ ഒരു തത്വം എന്താണെന്ന് വെച്ചാൽ ദൈവം എല്ലായ്പ്പോഴും ജനങ്ങൾക്ക് വഹിക്കാൻ കഴിയുന്നത് മാത്രമേ ഭരമേൽപ്പിക്കുകയുള്ളൂ. ദൈവം ജനങ്ങളുടെ ആവശ്യമെന്താണോ അത്തരം സാമൂഹിക സാമ്പത്തിക ധാർമിക സാഹചര്യങ്ങളുമായിട്ടാണ് അവരുടെ മതാചാരങ്ങളെ ഇണക്കി നിർത്തുക.

ഇത് നാം മൂസാനബി (അ) യുടെ കാലം എത്തുന്നത് വരെ തുടർന്നു. മൂസവീ നിയമം അതിന് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെ നിയമത്തെക്കാൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ആ നിയമത്തിലെ ചില വിലക്കുകൾ വിശദമാക്കുമ്പോൾ വിശുദ്ധ ഖുർആൻ യഅ്ഖൂബ് നബി (അ) യുടെ കാലത്തെ ഭക്ഷണത്തെ സംബന്ധിച്ചുള്ള നിബന്ധനകളിലേക്ക് വെളിച്ചം വിതറുകയുണ്ടായി. ഖുർആനിലെ പരിശുദ്ധ പ്രവാചകൻ മൂസാ നബി (അ)യെ പോലെ പല നിലക്കും സാദൃശ്യപ്പെടുത്തി പറഞ്ഞിട്ടുണ്ട്. വീണ്ടും നാം

ബൈബിൾ പഴയ നിയയമത്തിലും (ആവർത്തനം 18:18) ഈ സാദൃശ്യപ്പെടുത്തൽ കാണാം. അതായത് മൂസാ നബി (അ)തന്റെ സഹോദരന്മാർക്കിടയിൽ ജനിക്കുന്ന തന്നെ പോലെയുള്ള ഒരു ഭാവി പ്രവാചകനെ പറ്റി വിവരം നൽകിയിരിക്കുന്നതായി കാണാം.

എന്തുകൊണ്ടാണ് മൂസ്സാ നബി (അ) യുടെ നിയമത്തെ സംബന്ധിച്ച് വിശദമായ വിവരം വിശുദ്ധ ഖുർആനിൽ നാം വായിക്കുന്നത്? അതേ സമയം ന്യായപ്രമാണ വാഹകനായ നൂഹ് നബി (അ) എന്ന മഹാനായ പ്രവാചകന്റെ നിയമത്തെ കുറിച്ച് തികഞ്ഞ മൗനം പാലിക്കുന്നു. ഈ ചോദ്യത്തിന്ന് ഉത്തരം നൽകുമ്പോൾ നാം ഓർക്കേണ്ട സംഗതി എന്താണെന്ന് വെച്ചാൽ, ഖുർആൻ പ്രകാരം പ്രവാചകനായ മുഹമ്മദ് നബി (സ) ക്ക് ശരീഅത്ത് വെളിപ്പെട്ടത് മൂസാനബി (അ)ക്ക് വെളിപ്പെട്ടത് പോലെ നേരിട്ട് താരതമ്യം ചെയ്തുകൊണ്ടാണ്. രണ്ട് പ്രവാചകന്മാരും സമാനതകളുള്ളവരാണ്. വീണ്ടും ഖുർആന്റെ അവകാശ വാദം വിശുദ്ധ ഖുർആന്റെ നിയമം കൂടുതൽ തികവാർന്നതും സമ്പൂർണ്ണവുമാണെന്നാണ്. എവിടെയെല്ലാം രണ്ടു നിയമങ്ങൾ തമ്മിൽ വ്യത്യസ്തതകൾ ഉണ്ടോ ഖുർആന്റെ ഈ അവകാശവാദം പരിശോധിച്ചു നോക്കാവുന്നതാണ്. മറ്റു ചില കാരണങ്ങൾ താരതമ്യത്തിന്ന് വേണ്ടി മൂസവീ നിയമത്തിലെ എല്ലാ പ്രധാനപ്പെട്ട അദ്ധ്യാപനങ്ങളും സംരക്ഷിച്ച് നിർത്തേണ്ടതുണ്ട്. അത് മതത്തിന്റെ പരിണാമ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ അടയാളമാണ്. മതപരമായ ഈ പരിണാമം ആസൂത്രണം ചെയ്തും നിയന്ത്രിച്ചതും ദൈവികമായ ആജ്ഞക്ക് കീഴിലായിരുന്നു. മൂസവീ ന്യായ പ്രമാണം വ്യക്തമായും ശക്തമായും ഊന്നൽ നൽകിയത് നീതിയിന്മേലായിരുന്നു. തീർച്ചയായും മാപ്പിനെ പറ്റിയും പ്രതിപാദിച്ചിരുന്നു. പക്ഷേ വളരെ നേരിയ തോതിലുള്ള ഒരു പകരമായിട്ടാണ്. അതായത് ഒരു അപവാദം എന്ന നിലക്ക് മാത്രം മൂസവീ ന്യായപ്രമാണത്തിലെ പൊതു നിയമം നീതിയുടെയും പ്രതികാരത്തിന്റേയും നിർവ്വഹണമാണ്.

നാം നല്ലത് പോലെ കാണാൻ കഴിയുന്നത് മാപ്പ് നൽകുന്നതിന്റെ വ്യവസ്ഥ ***ഇഹ്സാൻ*** എന്ന പദത്തിന്റെ അർത്ഥ പരിധിയിൽ വരുന്നതാണ്. ഇത് സൂചിപ്പിക്കുന്നത് ***ഇഹ്സാൻ*** മൊത്തത്തിൽ നിഷേധിക്കപ്പെടുന്നില്ല. യേശു (അ)വിന്റെ അധ്യാപനങ്ങളിലും വേണ്ടവിധം അതിന്റെ പ്രാധാന്യം ആർജ്ജിക്കുന്നില്ല. ഞാൻ ന്യായ പ്രമാണത്തെ നീക്കുവാൻ വന്നു എന്ന ആരോപണത്തെ യേശു അസന്നിഗ്ദമായി നിഷേധിക്കുന്നുണ്ട്. (മത്തയി 5: 17-18) അദ്ദേഹം പ്രതികാരത്തിന്റെ വ്യവസ്ഥയിൽ നിന്നും മാപ്പ് നൽകലിന്റെ വ്യവസ്ഥയിലേക്കുള്ള മാറ്റത്തിന്ന് ഊന്നൽ നൽകുകയുണ്ടായി. അത് ഒരേ ദിവ്യ ന്യായപ്രമാണത്തിന്നകത്ത് നിന്നും ഒരു നിരോധനത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള മാറ്റത്തിന്റെ ഊന്നലുകൾ മാത്രമാണ്. എന്നാൽ മതം അവസാനത്തെ ന്യായപ്രമാണ വാഹകനായ പ്രവാചകൻ മുഹമ്മദ് (സ) കാലമാവുമ്പോഴേക്കും അതിന്റെ പക്വമായ പൂർണ്ണതയിലേക്ക് രൂപപരിണാമം വന്നു. ***അദ്ൽ ഇഹ്സാൻ ഈതാ ഇദിൽ ഖുർബാ*** എന്നീ തത്വങ്ങൾ സുശക്തമായ നിലയിൽ പാലിക്കുകയും അതിന്റെ ആക്കതൂക്കം നിലനിർത്തുകയും ചെയ്യുന്ന വളരെ വികസിതവും സമഗ്രവും സന്തുലനാത്മകവുമായ തത്വങ്ങൾ നാം അതിൽ കാണുന്നു.

നൂഹ് നബി (അ) ചർച്ചയിലേക്ക് നമുക്ക് വരാം. നീതിയുടെ അദ്ധ്യാപനങ്ങളുമായി ബന്ധപ്പെട്ട്. ധാരാളം ചോദ്യങ്ങൾക്ക് ഉത്തരം നൽകപ്പെടേണ്ടതുണ്ട്. ഖുർആന്റെ പഠനത്തിൽ നിന്നും അത് നിഗമനം ചെയ്തെടുക്കാൻ പ്രയാസമില്ല. നോഹ(അ)യുടെ ജനം തീർത്തും നീതി പാലനത്തിൽ നിന്നും മുക്തരായിരുന്നു, ജീവിതത്തിന്റെ സകല മേഖലകളിലും സ്വേച്ഛാധിപത്യവും മർദ്ദനവും വ്യാപിച്ചു. അനീതിയിൽ വർത്തിച്ചിരുന്ന ജനത്തിന്ന് ഉദാരതയുടെ അദ്ധ്യാപനത്തിൽ നിന്നും മാപ്പ് നൽകാനാകുമോ? അല്ലെങ്കിൽ നീതിയുടെ താൽപര്യങ്ങൾ നിർവ്വഹിക്കാൻ എല്ലാ അതിക്രമികളും അവരുടെ പാപങ്ങൾക്ക് ശിക്ഷിക്കപ്പെടണമോ? ഇത് നാം അഭിമുഖീകരിക്കപ്പെടേണ്ട രണ്ട് സുപ്രധാനമായ ചോദ്യങ്ങളാണ്.

നൂഹിന്റെ ജനത അദ്ദേഹത്തെ നിരന്തരം പരിഹസിച്ചുകൊണ്ടിരുന്നു. അവർ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെ നിശിതമായി നിഷേധിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും അവർ നടത്തി. ഈ എതിർപ്പിന്റെയെല്ലാം വെളിച്ചത്തിൽ നൂഹിന്റെ ദയാദാക്ഷിണ്യത്തിന്ന് വേണ്ടിയുള്ള അഭ്യർത്ഥന ദൈവം കേട്ടു. ആയതിനാൽ ആ ജനതയുടെ നാശത്തിന്റെ നിശ്ചിത സമയം ആഗതമാവുന്നതിന്ന് മുമ്പ് അവർക്ക് വേണ്ടി മാപ്പിരക്കുന്നതിൽ നിന്നും ദൈവം അദ്ദേഹത്തെ തടഞ്ഞു. അവരുടെ കാര്യത്തിൽ പരിഷ്ക്കരണത്തിന്റെയോ സംസ്ക്കരണത്തിന്റെയോ എല്ലാ പ്രതീക്ഷകളുടെ സീമയും കഴിഞ്ഞു. എന്ന് ദൈവം നൂഹ് നബി (അ) അറിയിച്ചു. ദൈവത്തിൽ നിന്നും ഈ വിധി ലഭിച്ച ശേഷം നൂഹ് നബി(അ) അന്തിമമായി അവർക്കനുകൂലം എന്നതിനെക്കാൾ അവർക്കെതിരെ പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയിൽ അദ്ദേഹം ആരെയും ഒഴിവാക്കിയില്ല. അദ്ദേഹത്തെ വിശ്വസിക്കാത്തവരെയെല്ലാം അദ്ദേഹം ആ പ്രാർത്ഥനയിൽ ഉൾപ്പെടുത്തി. അദ്ദേഹത്തിന്റെ പുത്രനെയും ആ പ്രാർത്ഥനയിൽ ഉൾപ്പെടുത്തപ്പെടണമെന്ന് കാര്യം നൂഹ് അറിഞ്ഞില്ല.! തന്റെ പുത്രൻ കൂടി ആ നാശത്തിൽ മുങ്ങാൻ പോവുന്നു എന്ന യാഥാർത്ഥ്യത്തെ

പറ്റി നാടകീയമാം വിധം നൂഹ് (അ) ബോധവാനായി. ആസന്ന നിമിഷങ്ങളിൽ പ്രളയ ജലത്തിൽ മുങ്ങിത്താഴാൻ പോവുന്ന മകനെ നൂഹ് (അ) കണ്ടു. എന്റെ മകനെ എന്റെ മകനെ എന്റെ സ്വന്തം രക്തത്തിന്റെ രക്തമേ! പ്രളയ ദുരന്തത്തിൽ തന്റെ മകൻ പീഢകരോടൊപ്പം മുങ്ങിത്താഴാൻ പോവുന്ന രംഗം കണ്ട പരിഭ്രാന്തിയിൽ നൂഹ് (അ) വിലപിച്ചു.

വരാനിരിക്കുന്ന തലമുറകൾക്ക് മഹത്തരവും പാവനവുമായ ഒരു പാഠം എന്ന നിലക്ക് ഒരു മാതൃക സ്ഥാപിച്ചുകൊണ്ടുള്ള ദൈവത്തിന്റെ ഒരു വിധിയായിരുന്നൂ അത്. കേവലനീതി ഒരു കാലഘട്ടത്തിന്റെ ഭരണ നിർവ്വഹണമായി വരുന്ന നാൾ അതിന്റെ പ്രവർത്തനത്തിൽ മറ്റു മാനുഷിക ബന്ധങ്ങളൊന്നും ഇടപെടാൻ അനുവദിച്ചിരുന്നില്ല. ദൈവം ഒരു തരത്തിൽ പെട്ട അക്രമികളെ ശിക്ഷിക്കാൻ തീരുമാനിച്ചാൽ ആ സ്വഭാവഗണത്തിൽപെടുന്ന എല്ലാവരെയും ഒരു പോലെ ഗണിക്കുന്നു. ഒരാളെ അപേക്ഷിച്ച് മറ്റേയാൾക്ക് യാതൊരു പരിഗണനയുമില്ല. അത്തരമൊരു സാഹചര്യത്തിൽ പ്രവാചകന്റെ അടുത്ത ബന്ധുക്കൾ പോലും ഒഴിവായിപ്പോവില്ല.

ലൂത്ത് നബി (അ) യുടെ ജനത സ്വവർഗ്ഗ ഭോഗം എന്ന അപരാധം ചെയ്തിരുന്നവരും പരസ്യമായി ലജ്ജാ ഹീനത പ്രദർശിപ്പിച്ചിരുന്നവരും വഴിപ്പോക്കരെ കൊള്ളയടിക്കുന്ന ഒരു ജനതയുമായിരുന്നു. ദൈവം ഇബ്രാഹിം നബി (അ) യെ അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ അനുവദിച്ചു. അവർ ലൂത്ത് നബി (അ) ജനതക്ക് നൽകപ്പെട്ട താക്കീതിനെ പറ്റി ചിന്തിക്കാൻ വിസ്സമ്മതിക്കുകയും അവരുടെ ജുഗുപ്സാവഹമായ ഹീനകൃത്യങ്ങൾ തുടരുകയും ചെയ്തപ്പോൾ അവരെ നശിപ്പിക്കാനുള്ള ദൈവത്തിന്റെ വിധി വന്നെത്തുകയായിരുന്നു. ആസന്നമായ നാശത്തെ കുറിച്ച് ലൂത്ത് നബിയും(അ) ഇബ്രാഹിം നബിയും(അ) താക്കീത് ചെയ്തതിന്ന് ശേഷം ഗോമേര, സൊഡോം എന്നിവിടങ്ങളിലെ ജനത ഉന്മൂലനം ചെയ്യപ്പെടുമാറുള്ള അതിഭയാനകമായ ഒരു ഭൂകമ്പത്തിന്ന് വിധേയമായി. ഈ സംഭവങ്ങളിൽ പ്രവാചകന്മാർ ദൈവത്തിന്റെ ഔദാര്യത്തിന്ന് വേണ്ടി പ്രാർത്ഥിച്ചു. അക്രമികൾക്ക് മാപ്പ് നൽകുന്നതിനേക്കാൾ ദൈവം വിധിച്ചത് അവരെ ശിക്ഷിക്കാനായിരുന്നു. ഇതായിരുന്നു കേവല നീതിയുടെ തത്വത്തിൽ തികവുറ്റ രീതിയിൽ ഉള്ളടങ്ങിയിരുന്നത്.

ഇതിന്ന് വിപരീതമായി യൂനുസ് നബി (അ) ജനത നശിച്ചു പോകുമെന്ന് പ്രവചിക്കപ്പെട്ടുവെങ്കിലും അവർ ദൈവത്തിന്റെ വെറുപ്പിൽ നിന്നും രക്ഷപെടുകയുണ്ടായി. യൂനുസ് നബി (അ) യുടെ ജനത അദ്ദേഹത്തെ പൂർണ്ണമായും ശക്തമായും നിഷേധിച്ചു. അവരുടെ വിനാശത്തിന്റെ അന്ത്യനിമിഷങ്ങൾ ആഗതമായി അവർ മാപ്പിരക്കുകയും ദൈവം അവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്തു. ഇത് കാണിക്കുന്നത് ദൈവത്തിന്റെ ശിക്ഷയും അവന്റെ കോപവുമായി ബന്ധപ്പെട്ട വിധികൾ അവസാന നിമിഷത്തിൽ പോലും മാറാവുന്നതാണ് എന്നാണ്. ജനങ്ങൾ അവരുടെ അവസ്ഥ മാറ്റിയെങ്കിൽ ദൈവവും അതനുസരിച്ച് അവന്റെ വിധി മാറ്റും. കുറ്റകൃത്യങ്ങൾ അതിന്റെ അളവിലും കാഠിന്യത്തിലും അതിരു കവിയുമ്പോൾ ആ സമൂഹം നശിപ്പിക്കപ്പെടുന്നു. എന്തായിരുന്നാലും ജനങ്ങൾ മാപ്പിരന്നാൽ അവർ ദൈവത്തിന്റെ കാരുണ്യത്തിന് പാത്രമാവുന്നു. എന്നാൽ അവർ തങ്ങളുടെ കുറ്റകൃത്യങ്ങളിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ ദൈവത്തിന്റെ തിരഞ്ഞെടുത്ത പ്രവാചകന്മാരുടെ പ്രാർത്ഥനകൾക്ക് പോലും അവരെ രക്ഷിക്കാൻ സാദ്ധ്യമല്ലാതെ വരും.

നീതിയുടെ താൽപര്യങ്ങൾക്ക് എല്ലാ അതിക്രമകാരികളെയും ശിക്ഷിക്കണമെന്നില്ല. ചിലപ്പോൾ മാപ്പിന്റേയും കാരുണ്യത്തിന്റേയും വാതിലുകൾ മലർക്കെ തുറന്നിട്ടിരിക്കും. നൃശംസത അതിന്റെ എല്ലാ അതിരുകളും ലംഘിച്ച് മുന്നേറുമ്പോൾ ദൈവത്തിന്റെ ഔദാര്യം ലഭ്യമല്ല. അത്തരം സന്ദർഭങ്ങളിൽ പ്രവാചകന്മാരുടെ ഏറ്റവും ആത്മാർത്ഥമായ പ്രാർത്ഥനകൾക്ക് പോലും അക്രമികളായ ജനതയെ രക്ഷിക്കാൻ പര്യാപ്തമല്ല.

## കേവലനീതി: അദ്ധ്യാപനങ്ങളുടെ വികാസം

കാലഘട്ടങ്ങളിലൂടെ അവതീർണ്ണരായ പ്രവാചകന്മാരുടെ പഠനം നീതിയുടെ അദ്ധ്യാപനങ്ങളുടെ വികാസം പ്രാഥമിക ഘട്ടത്തിൽ നിന്നും ഇസ്‌ലാമിക നിയമങ്ങളുടെ അടിസ്ഥാനമായ ഉന്നതമായ അധ്യാപനങ്ങളിലേക്ക് എങ്ങനെ വികസിച്ചു വന്നു എന്ന് കാണിക്കുന്നു.

നാം നേരത്തെ ആദം നബി (അ) യുടെ ന്യായപ്രമാണത്തിലെ നാല് അടിസ്ഥാന നിയമങ്ങളെ പറ്റി ചർച്ച ചെയ്തു. അതായത് എല്ലാ ജനങ്ങളുടെയും ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വെള്ളം, പാർപ്പിടം, വസ്ത്രം ഉറപ്പ് വരുത്തിയിരുന്നു. നൂഹ് നബി (അ) യുടെ കാലത്തേക്ക് നമുക്കൊന്ന് പോകാം. വളരെ വികസിതമായ ഒരു നാഗരികതയും ഭൗതിക രംഗത്ത് വളരെ പുരോഗമിച്ച ഒരു ജനതയുമായിരുന്നു അവർ. ആ ജനത ധാർമിക ഗുണങ്ങളിൽ തികച്ചും വന്ധ്യമായ ഒരു ജനതയായി മാറി. അവർ നൂഹ് നബി (അ) യുടെ അദ്ധ്യാപനങ്ങൾ നിരസിക്കുകയും എല്ലാ പരിധികളും ലംഘിക്കുകയും ചെയ്തു. എല്ലാ അതിക്രമകാരികളും യാതൊരാളും ഒഴിഞ്ഞു പോകാത്ത വിധം ശിക്ഷിക്കുന്ന രീതിയിൽ ദൈവത്തിന്റെ വിധി വന്നെത്തുകയുണ്ടായി. അതിക്രമിയായ ആരെയും ഒഴിവാക്കിയിരുന്നില്ല. ഒരു അപേക്ഷയും സ്വീകരിക്കപ്പെട്ടുമില്ല. നൂഹ് നബി

ശേഷം പേജ് 20 ൽ

# ചരിത്രപുരുഷനായ യേശു: ബൈബിൾ സാക്ഷ്യങ്ങൾ

**നിങ്ങൾ സത്യം അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും . (യോഹന്നാൻ 8:32)**

ചരിത്രത്തെ യേശുവിന്റെ ജീവിതത്തെ ആധാരമാക്കിയാണ് എ ഡിയും ബി സിയുമായി വിഭജിച്ചിരിക്കുന്നത് വിരോധാഭാസമെന്ന് പറയട്ടെ ആ വിഭാജക വ്യക്തിയെ തന്നെ ഇതിഹാസവത്ക്കരിച്ച് ചരിത്രത്തിൽ നിന്ന് തമസ്ക്കരിക്കാൻ ശ്രമിക്കുന്നു. വിശുദ്ധ ലിഖിതകങ്ങളെ ഉപജീവിച്ചു കൊണ്ട് യേശുവിനെ സംബന്ധിച്ച് ഒരു ചരിത്രാന്വേഷണം

**എ. എം. മുഹമ്മദ് സലീം**

മനുഷ്യൻ കിടിലം കൊണ്ടു പോകുന്ന മഹാ പീഢനങ്ങൾ ദൈവത്തിന്ന് വേണ്ടി ഏറ്റു വാങ്ങിയ മതപുരുഷനായി യേശു മതഗ്രന്ഥങ്ങളിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. മനുഷ്യ ചരിത്രവും സംസ്ക്കാരങ്ങളും യേശുവാൽ ഗണ്യമായി സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ചരിത്രപരമായി പ്രകാശിതമല്ലാത്ത യേശുവിന്റെ ജീവിതം, സന്നിഗ്ദതകളും അവ്യക്തകളും നിറഞ്ഞതാണ്. ചരിത്രത്തിന്റെ ചിത്രപടത്തിൽ മിഴിവും തെളിവുമില്ലാതെ അസ്ഫുടമായി നിൽക്കുന്ന യേശുവിന്റെ ചരിത്രപരത അയുക്തിക കഥകളുടെയും അന്ധവിശ്വാസങ്ങളുടെയും ആയിരം തിരസ്ക്കരണികൾ കൊണ്ട് ആഛാദനം ചെയ്യപ്പെട്ടിരിക്കുന്നു. ക്രിസ്ത്യൻ ഇസ്ലാം യഹൂദ മതങ്ങൾ പരസ്പര വിരുദ്ധങ്ങളായ വീക്ഷണ കോണുകളിലൂടെയാണ് യേശുവിന്റെ ജീവിതവും ജീവിത സന്ദേശവും നോക്കിക്കാണുന്നത്. ഇതിഹാസവത്ക്കരിക്കപ്പെട്ട യേശുവിന്റെ അത്ഭുതങ്ങളും അതിശയങ്ങളുമല്ല മനുഷ്യനായ യേശു വരിച്ച മഹാത്യാഗങ്ങളും വേദനകളും ആത്മീയ സാന്ദ്രമായ മാതൃകകളും സ്നേഹോപദേശങ്ങളുമാണ് അദ്ദേഹത്തെ ഹൃദയഹാരിയായ മനുഷ്യനാക്കി മാറ്റുന്നത്. മിക്ക മതപുരുഷന്മാരും ഇതിഹാസവത്ക്കരിക്കപ്പെടുകയും അവരുടെ ചരിത്രാംശം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. എങ്കിലും അവർ കാലത്തെ അതിജീവിച്ച് വിശ്വാസികൾക്ക് സന്മാർഗ്ഗ ദീപങ്ങളായി വർത്തിക്കുന്നത് അവരിലെ സത്യത്തിന്റെ ബലം കൊണ്ടാണ്. ആ സത്യം ഒരു ദൈവിക ദൃഷ്ടാന്തമാണ് ആ സ്ത്യമാണ് നാം അന്വേഷിക്കേണ്ടത്.

ലോകജനതയിൽ ക്രിസ്ത്യൻ–ഇസ്ലാം മത വിശ്വാസികളായ ജനകോടികളുടെ വമ്പിച്ച ആദരവും സ്നേഹവും പിടിച്ചു പറ്റിയ ഒരു വ്യക്തിയായിരുന്നിട്ടും യേശുവിനെ സംബന്ധിച്ച് വ്യക്തതയാർന്ന ഒരു ചരിത്ര വിവരണം ലഭ്യമല്ലാത്തത് എന്തുകൊണ്ടാണ്? അദ്ദേഹത്തെ പറ്റി കോടിക്കണക്കിന് മതസാഹിത്യങ്ങൾ ഇതിനകം എഴുതപ്പെട്ടിട്ടുണ്ട്. അവയെല്ലാം യേശു പ്രവർത്തിച്ച അതിശയങ്ങളും ദിവ്യാത്ഭുതങ്ങളും രോഗശാന്തി ശുശ്രൂഷകളും നിറഞ്ഞതാണ്. മനുഷ്യനിലെ ചരിത്രകൗതുകത്തെ ശമിപ്പിക്കുന്ന വിധത്തിലുള്ള ഒരു വിവരണം യേശുവിനെ സംബന്ധിച്ച പ്രഥമ സ്ത്രോതസ്സുകളായ സുവിശേഷങ്ങളിൽ നിന്നും ലഭ്യമല്ല. യേശുവിനെ അയുക്തികമായ അന്ധവിശ്വാസങ്ങളുടെ തടവറയിൽ നിലനിർത്താനാണ് അദ്ദേഹത്തിന്റെ അനുയായികൾ ശ്രമിച്ചിട്ടുള്ളത്. അക്കാദമികമായ ചരിത്രനിർമ്മാണത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് അദ്ദേഹത്തിന്റെ ജീവചരിത്രം രചിക്കാനോ അദ്ദേഹത്തിന്റെ പേരിലുള്ള കഥകളുടെ നിജസ്ഥിതി പരിശോധിക്കാനോ ക്രിസ്തുസഭ തയ്യാറായിട്ടില്ല. ചരിത്രത്തിന്റെ നിശിത ശസ്തങ്ങൾക്കൊണ്ടും രീതികൾകൊണ്ടും സ്ഥാപനവത്കൃതമായ വിശ്വാസങ്ങൾ വിശകലനം ചെയ്യുമ്പോൾ യേശുവിൽ അടിച്ചേൽപ്പിക്കപ്പെട്ട ദൈവിക പരിവേഷം അഴിഞ്ഞു വീഴുമെന്ന് വ്യവസ്ഥാപിത മതസ്ഥാപനങ്ങൾ ഭയപ്പെടുന്നുണ്ടാവാം. അതിന്ന്

ശ്രമിക്കുന്നവരെ അനഭിമതരും വേദവിപരീതികളുമായിപ്പോലും ചിത്രീകരിക്കപ്പെടുകയും അവർ വിലക്കപ്പെടുകയും പലപ്പോഴും പീഢിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

യേശുവിനെ സംബന്ധിച്ച ഈ ചരിത്ര ശൂന്യതയാണ് യേശു മിഥ്യാവാദം (Jesus Myth Theory) എന്ന സങ്കൽപ്പം ഉടലെടുക്കാൻ കാരണം. റോമാ ഗ്രീക്ക് സങ്കൽപ്പങ്ങളെ അടിസ്ഥാനപ്പെടുത്തി ആദിമ ക്രിസ്ത്യാനികൾ രൂപപ്പെടുത്തിയ ആരാധനാ മൂർത്തിയാണ് ക്രിസ്തു എന്നാണ് ഈ വാദത്തിന്റെ കാതൽ. കന്യകയിലുണ്ടായ യേശുവിന്റെ ജനനം, ദിവ്യാത്ഭുതങ്ങൾ, മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപ്പ്, ആകാശാരോഹണം ഇവയെല്ലാം അസംഭവ്യങ്ങളും പ്രകൃതി നിയമങ്ങൾക്ക് നിരക്കാത്ത കേവലം അന്ധവിശ്വാസങ്ങൾ മാത്രമാണെന്നാണ് മിഥ്യാ വാദക്കാരുടെ ന്യായങ്ങൾ. യേശു വെറുമൊരു ഇതിഹാസ സങ്കൽപ്പമാണെന്നും പുതിയ നിയമം വരച്ചുകാട്ടുന്ന ക്രിസ്തു വിശ്വാസികളുടെ ഒരു ഭാവനാസൃഷ്ടി മാത്രമാണെന്നും ഇക്കൂട്ടർ വാദിക്കുന്നു. പക്ഷേ മതവിശ്വാസം കെട്ടിപടുക്കാനും നിലനിർത്താനും ചരിത്രത്തിന്റെയും വാസ്തവികതയുടെയും അംശം വേണമെന്ന നിർബന്ധമില്ല. അവ്യാഖ്യേയങ്ങളായ മിഥ്യാ സങ്കൽപ്പങ്ങളിലും കെട്ടുകഥകളിലും അന്ധവിശ്വാസത്തിലും മതവിശ്വാസം കെട്ടിപടുക്കാം. എലി മുതൽ ആൾദൈവങ്ങൾ വരെ മതങ്ങളുടെ ആരാധനാ മൂർത്തികളുമാവാം. ഇന്ന് നിലനിൽക്കുന്ന മിക്കമതങ്ങളിലും അത്തരം ഘടകങ്ങളുടെ ആധിക്യം സ്പഷ്ടമാണ്. അശിക്ഷിതരായ ജനസമൂഹങ്ങളുടെ വാമൊഴിപാരമ്പര്യത്തിൽ തലമുറ കൈമാറിവന്ന മതഗ്രന്ഥങ്ങളും മിത്തുകളും ഇതിഹാസങ്ങളുമെല്ലാം തന്നെ ചരിത്ര നിർമ്മാണത്തിന്റെ സ്റോതസ്സുകളും സാമഗ്രികളുമായിട്ടാണ് ആധുനിക ചരിത്രവിജ്ഞാനീയം കാണുന്നത്. കേവല നിഷേധത്തിന്റെ ശുഷ്ക്ക യുക്തിയുടെ സമീപനം അക്കാദമീയ സമീപനമല്ല. അങ്ങനെയാണെങ്കിൽ തന്നെ ജനകോടികളെ സ്വാധീനിച്ച ഈ വിശ്വാസ സങ്കൽപങ്ങൾ ഉത്ഭവിച്ചതിന്റെ കാരണവും സാഹചര്യവും വസ്തുനിഷ്ഠമായും യുക്തിസഹമായും വിശദീകരിക്കാൻ അക്കാദമിക ചരിത്രകാരന്ന് ബാദ്ധ്യതയുണ്ട്.

## പുതിയ നിയമത്തിലെ യേശു എന്ന വ്യക്തി

യേശുവിനെയും അദ്ദേഹത്തിന്റെ പേരിലുള്ള മതപ്രസ്ഥാനത്തെയും സംബന്ധിച്ച പ്രാഥമിക വിവരങ്ങളുള്ള സ്റോതസ്സാണ് ബൈബിൾ പുതിയ നിയമം. എ. ഡി 50നും 120നും ഇടയിലാണ് ഈ മതഗ്രന്ഥം എഴുതപ്പെട്ടതെന്ന് കണക്കാക്കപ്പെടുന്നു. യേശുവിന്റെ സംസാര ഭാഷയായ അറാമിക്കിലല്ല ബൈബിൾ പുതിയ നിയമം ഒന്നാം പതിപ്പ് കണ്ടെത്തിയത്. ഗ്രീക്ക് ഭാഷയിലാണ്. അതിൽ യേശുവിന്റെ സ്വന്തം വചനങ്ങൾ വളരെ കുറച്ച് മാത്രമേ ഉള്ളൂ. ബൈബിൾ ഇംഗ്ലീഷ് കിംങ്ങ്സ് ജെയിംസ് പതിപ്പിൽ മൊത്തം 78,3137 വാക്കുകളുണ്ട്. അതിൽ നാലു സുവിശേഷങ്ങളിലും കൂടി 31,426 വാക്കുകളാണ് യേശുവിന്റേതായുള്ളത്. അതായത് 4.0 % മാത്രം. 8 ഗ്രന്ഥകർത്താക്കൾ എഴുതിയ പുതിയ നിയമത്തിന്റെ ക്രോഡീകരണം വിവാദാത്മകമാണ്. അത് സംബന്ധിച്ച് ആദ്യകാലങ്ങളിൽ ഏകാഭിപ്രായമുണ്ടായിരുന്നില്ല.

27 പുസ്തകങ്ങളാണ് ബൈബിൾ പുതിയ നിയമത്തിലുള്ളത്. അവ നാല് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. സുവിശേഷങ്ങൾ (Gospels - 4) അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങൾ (Acts of Apostels – 1), അപ്പോസ്തലന്മാരുടെ ലേഖനങ്ങൾ (Epistles– 21), വെളിപാട് പുസ്തകം (Revelation – 1) അങ്ങനെ മൊത്തം 27. ബൈബിൾ പുതിയ നിയമത്തിന്റെ ആദ്യഭാഗത്തെയാണ് സുവിശേഷങ്ങൾ (Gospels) എന്ന് പറയുന്നത്. ക്രൈസ്തവ സഭാ കൗൺസിലുകൾ അംഗീകരിച്ച സുവിശേഷങ്ങൾ നാലെണ്ണമാണ്. മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ. ഈ നാലു സുവിശേഷങ്ങളെയാണ് കാനോനിക സുവിശേഷങ്ങൾ എന്ന് പറയുന്നത്. സഭാകൗൺസിലുകൾ അംഗീകരിക്കാത്ത സുവിശേഷങ്ങൾ അപ്പോക്രിഫകൾ (തിരസ്കൃത സുവിശേഷങ്ങൾ, രഹസ്യ സുവിശേഷങ്ങൾ) എന്നാണ് പറയാറ്. അപ്പോക്രിഫാ ഇനത്തിൽ സുവിശേഷങ്ങൾ, ലേഖനങ്ങൾ, അപ്പോസ്തല പ്രവർത്തികൾ എന്നിങ്ങനെ നൂറുക്കണക്കിന് വരും. ചരിത്രപരമായി ഇതിന്റെയെല്ലാം മൂല്യങ്ങൾ ഒന്നുതന്നെയാണ്. നാലു സുവിശേഷങ്ങളിൽ ആദ്യം പറഞ്ഞ മൂന്ന് സുവിശേഷങ്ങൾ ഘടനയിലും ഉള്ളടക്കത്തിലും ശൈലിയിലും പൊതുവേ സമാന വീക്ഷണം പുലർത്തുന്നവയാണ് അത്കൊണ്ട് ഇവയെ സമവീക്ഷണ സുവിശേഷങ്ങൾ (Synoptic Gospels) എന്നാണ് പറയുന്നത്. യോഹന്നാൻ സുവിശേഷം സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായാണ് കാര്യങ്ങൾ വിവരിക്കുന്നത്.

വിശുദ്ധ ഖുർആൻ **ഇൻജീൽ** എന്ന് വിശേഷിപ്പിക്കപ്പെട്ടത് ഈസാനബി (അ) ന്ന് ദൈവത്തിൽ നിന്ന് ലഭിച്ച സന്ദേശങ്ങളെയാണ്. അതൊരിക്കലും സുവിശേഷകാരന്മാർ എഴുതിയ കൃതികളല്ല.**'നാം ഈസബ്നു മർയമിനെ അദ്ദേഹത്തിന്റെ മുന്നിലുള്ള തൗറാത്തിനെ പൂർത്തിയാക്കുന്ന ആളായി നിയോഗിച്ചു. നാം അദ്ദേഹത്തിന്ന് മാർഗ്ഗദർശനവും പ്രകാശവും ഉൾക്കൊള്ളുന്ന ഇൻജീൽ നൽകിയിരിക്കുന്നു.' (അൽമാഇദ 5:47)** ഇൻജീൽ എന്ന പദം 12 തവണ ഖുർആനിൽ ആവർത്തിക്കുന്നുണ്ട്. യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ എന്താണെന്ന് ഖുർആൻ തന്നെ സമഗ്രമായി വിവരിക്കുന്നുണ്ട്. ഖുർആന് സ്വന്തമായി ഒരു ക്രിസ്തുവിജ്ഞാനീയമുണ്ട്.

യേശുവിന്റെ വ്യക്തിഗത വിവരങ്ങളെക്കുറിച്ചും ശൈശവത്തെ പറ്റിയും കുറഞ്ഞ പരാമർശമേ സുവിശേഷങ്ങൾ നൽകുന്നുള്ളൂ. അവ തന്നെ അവ്യക്തങ്ങളും പരസ്പര വിരുദ്ധങ്ങളുമായി കാണപ്പെടുന്നു. യേശുവിന്റെ വംശാവലി തന്നെ എടുക്കാം. വംശാവലി സംബന്ധിച്ച് മത്തായിയും ലൂക്കോസും മാത്രമേ വിവരിക്കുന്നുള്ളൂ. മത്തായിയുടെ സുവിശേഷത്തിൽ അബ്രഹാമിൽ നിന്നും തുടങ്ങി അവരോഹണ ക്രമത്തിൽ കീഴ്പ്പോട്ട് വംശാവലിപട്ടികയുള്ളത്. മറിയമിന്റെ ഭർത്താവായ യോസേഫിൽ അത് വന്നു നിൽക്കുന്ന രീതിയിലാണ് വിവരിച്ചിട്ടുള്ളത്. യോസേഫും യേശുവുമായി ജൈവബന്ധമില്ല.ജോസഫിന്റെ ഭാര്യയായ മറിയമിന്റെ മകൻ എന്ന നിലക്കാണ് യേശുവുമായി വംശാവലി ബന്ധിപ്പിക്കുന്നത്. (മത്തായി 1: 1–17)

ലൂക്കോസിൽ യേശുവിൽ നിന്നുള്ള മേലോട്ടുള്ള അവരോഹണ ക്രമത്തിലാണ് വംശാവലിപ്പട്ടിക പുരോഗമിക്കുന്നത്. **'യേശു യോസേഫിന്റെ മകൻ എന്ന് ജനം വിചാരിക്കുന്നു'** (ലൂക്കോ: 3:23) എന്ന് പ്രതിപാദിച്ചു കൊണ്ടാണ് പിതൃപരമ്പര മുകളിലോട്ട് ആരംഭിക്കുന്നത്. അത് അവസാനം ആദമിലും, ആദമിന്റെ പിതാവ് എന്ന നിലക്ക് ദൈവത്തിലും എത്തിച്ചേരുന്നു. ആദം ദൈവത്തിന്റെ പുത്രനും ആകുന്നു എന്നാണ് ഇവിടെ വിവരിച്ചിരിക്കുന്നത് (ലൂക്കോ 3:23–38) ബൈബിൾ വിവരിച്ച് ഈ രണ്ട് വംശാവലിപ്പട്ടികയിലും ഗുരുതരമായ വൈരുദ്ധ്യങ്ങളുണ്ട് എന്നതാണ് മറ്റൊരു വസ്തുത. മത്തായി വിവരിക്കുന്ന പട്ടികയിൽ യേശുവിന്റെ മാതാവിന്റെ ഭർത്താവായ യോസേഫിന്റെ പിതാവിനെ യാക്കോബ് എന്നാണ് വിവരിക്കുന്നത്. **'യാക്കോബ് മറിയമിന്റെ ഭർത്താവായ യോസേഫിന്റെ പിതാവ്'**(മത്തായി 1:16) എന്ന്. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ യോസേഫിന്റെ പിതാവിനെ വിവരിക്കുന്നത് ഹേലി എന്നാണ് **'യോസേഫ് ഹേലിയുടെ പുത്രൻ'**(ലൂക്കോ: 3:23) എന്നും. മത്തായിയുടെ സുവിശേഷം അബ്രഹാം വരെ മാത്രമേ വംശാവലി പട്ടിക നീട്ടുന്നുള്ളൂ. എന്നാൽ ലൂക്കോസ് ആദം വരെയും ആദമിൽ നിന്ന് പിതാവായ ദൈവത്തിലേക്കും വംശാവലി പട്ടിക നീട്ടുന്നു. (ലൂക്കോസ് 3:38)

ഇസ്രയേലിന്റെ ഏറ്റവും പ്രഗത്ഭ രാജാവായ ദാവീദിന്റെ വംശാവലിയിൽ നിന്നായിരിക്കും മിശിഹാ അവതരിക്കുക എന്ന യിരെമ്യാ പ്രവാചകന്റെ പ്രവചനം (യിരെമ്യാ 23: 5–6) പുലർന്നതായി കാണിക്കാൻ സുവിശേഷകന്മാർ നടത്തിയ ശ്രമത്തിൽ ഒരു അബദ്ധം പിണഞ്ഞതായി കാണാം. പ്രവചന പ്രകാരം ദാവീദിലൂടെയാണ് യേശുവിന്റെ വംശാവലി മത്തായി ലൂക്കോസ് സുവിശേഷങ്ങൾ വിവരിക്കുന്നത്. മത്തായി ഊറിയായിൽ പിറന്ന ദാവീദിന്റെ പുത്രൻ **സോളമൻ** രാജാവിലൂടെയാണ് യേശുവിന്റെ വാംശാവലി പട്ടിക വിവരിക്കുന്നത് (മത്തായി 1:6) എന്നാൽ ലൂക്കോസ് ദാവീദിൽ എത്തിചേരുന്നത് ദാവീദിന്റെ പുത്രൻ **നതാനി**ലൂടെയാണ് (ലൂക്കോ: 3:31) ഈ പ്രകടമായ വൈരുദ്ധ്യം ബൈബിളിൽ കാണാം.

യേശുവിന്റെ നാമങ്ങളെ പറ്റിയുള്ള ചില ബൈബിൾ പരാമർശങ്ങൾ നോക്കാം. **യേശു, എമ്മാനുവേൽ** (മത്താ: 1:23) എന്നീ രണ്ടു നാമങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത് എന്നാണ് പുതിയ നിയമത്തിൽ കാണുന്നത്. **'യേശു'** എന്ന നാമം മറിയമിന് മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് നൽകിയ പേരാണ്. (മത്താ 1:21) യേശ്വാ എന്ന ഹിബ്രു മൂലത്തിൽ നിന്നാണ് ആ പേര് നിഷ്പന്നമായത്. രക്ഷകൻ, രക്ഷിക്കാനുള്ള വിളി, സഹായത്തിന്നുള്ള നിലവിളി എന്നൊക്കെയാണ് അർത്ഥം. ഈ നാമം പല രൂപത്തിൽ പല ആളുകൾക്കുമായി ബൈബിൾ പഴയ നിയമത്തിൽ കാണാം. അതിന്റെ ഗ്രീക്ക് ഉച്ചാരണമാണ് **'ജീസസ്'** പഴയ നിയമത്തിൽ ഉപയോഗിച്ച പല പ്രവചനാത്മകമായ പേരുകളും യേശുവിൽ ആരോപിക്കപ്പെട്ടതായി പറഞ്ഞുവല്ലോ. അതിൽപെട്ട ഒരു നാമമാണ് **'എമ്മാനുവേൽ'**. (മത്തായി 1:23) 'ദൈവം നമ്മോട് കൂടെ' എന്ന് അർത്ഥമുള്ള പഴയ നിയമം യെശയ്യാ (7:14) യിൽ നിന്നെടുത്ത പ്രവചനാത്മകമായ ഈ നാമം മത്തായിയുടെ സുവിശേഷത്തിൽ മാത്രമാണുള്ളത്. യോസേഫാണ് **'എമ്മാനുവേൽ'** നാമമടങ്ങിയ സ്വപ്നം കാണുന്നത്. ബാല്യകാലത്ത് യേശുവിന്റെ അയൽവാസികൾക്കിടയിൽ അദ്ദേഹം അറിയപ്പെട്ടത് മരപ്പണിക്കാരൻ, മറിയമിന്റെ മകൻ, യാക്കോബ്, യോസെ, യൂദാ, ശിമയോൺ എന്നിവരുടെ സഹോദരൻ എന്നിങ്ങനെയാണ്. ജോസഫിന്റെ മകൻ യേശു (ലൂക്കോ 4:22, യോഹ:1:45, 6:42) നസ്രേത്തുകാരനായ യേശു (അപ്പോ: 10:38) നസ്രായനായ യേശു (മാർക്കോസ് 1:24 ലൂക്കോ ,24:19) എന്നീ പേരുകളും യേശുവിന് പുതിയ നിയമത്തിൽ കാണം.

മറ്റൊന്ന് ക്രൈസ്റ്റ് (Christ) എന്ന അഭിധാനമാണ്. രാജാക്കന്മാരെയോ പുരോഹിതന്മാരെയോ വാഴിക്കുന്ന സന്ദർഭത്തിൽ ചെയ്യുന്ന കർമ്മമാണ് അഭിഷേകം. അഭിഷേകത്തിന്ന് ഹിബ്രുവിൽ Maschach എന്നും അറബിയിൽ 'മസഹ' എന്നും പറയുന്നു. അഭിഷിക്തൻ മിശിഹാ (Messiah) എന്ന ഹിബ്രുപദത്തിന്റെ ഗ്രീക്ക് വിവർത്തനമാണ് ക്രിസ്തു. അതായത് ഒരു പ്രത്യേക ദൈവിക ദൗത്യത്തിന് പ്രേഷിതനാക്കപ്പെട്ട ആൾ എന്നർത്ഥം. ഇതൊരു യഹൂദ സങ്കൽപ്പമാണ്. യേശു ജനിക്കുന്ന കാലത്ത്, മസീഹ് അവതരിക്കുന്ന പ്രവചന പൂർത്തിയുടെ സമയം ആഗതമായി എന്ന സങ്കൽപ്പം യഹൂദരിൽ വ്യാപകവും പ്രബലവു

മായിരുന്നു. പുതിയ നിയമത്തിൽ മത്തായി 16:16 യിലും മാർക്കോസിൽ പ്രഥമ വചനത്തിലും 1:1 ആ ക്രിസ്തുവാണ് യേശു എന്ന് പ്രതിപാദനം കാണാം.

യേശുവിന്റെയും അനുയായികളുടെയും ആദ്യത്തെ വിളിപ്പേര് നസാറാക്കൾ എന്നായിരുന്നു എന്ന് ബൈബിൾ പുതിയ നിയമത്തിൽ തന്നെ കാണാം വിശുദ്ധ ഖുർആനും യേശുവിന്റെ അനുയായികളെ നസാറക്കൾ എന്നാണ് വിളിക്കുന്നത്. ഒരുകൂട്ടം ബൈബിൾ പണ്ഡിതന്മാർ ഇത് അപകീർത്തികരമായി ഖുർആൻ ക്രിസ്ത്യാനികൾക്കെതിരെ പ്രയോഗിക്കുന്നതാണെന്ന് പറയുന്നു. രസകരമായ കാര്യം പ്രാക്തന വിശുദ്ധിയുള്ള നമ്മുടെ കേരളത്തിലെ പുരാതനമായ പാരമ്പര്യമുള്ള ആദിമ ക്രിസ്ത്യാനികൾ ആത്മാഭിമാനത്തോടെ സ്വയം വിളിച്ചിരുന്നത് നസ്റാണികൾ എന്നായിരുന്നു. എന്താണ് ഇതിന്റെ യാഥാർത്ഥ്യമെന്ന് നമുക്ക് നോക്കാം. (തുടരും)

---

**പേജ് 9 ൽ നിന്ന് തുടർച്ച**

അല്ലാഹ് പിന്നീടാകാം. ശേഷം ഹുസൂർ അൻവർ,യു.കെ ജാമിഅ അഹ്മദിയ്യയിലെ ജൂനിയർ വിദ്യാർഥിയായ, ബൽജിയത്തിലേ റഊഫ് ബ്നു മഖ്സൂദിന്റെയും, അതുപോലെ ഇസ്ലാമാബാദ് നാഇബ് അമീർ ആയിരുന്ന സഫർ ഇഖ്ബാൽ ഖുറയ്ശി സാഹിബിന്റെയും സെനഗാളിലെ ഓണറബിൾ കാമ്പെ കാബ ജാക്കാട്ട സാഹിബിന്റെയും ഇപ്പോൾ കാനഡയിൽ താമസിച്ചിരുന്ന പാകിസ്ഥാൻ സ്വദേശി സുപ്രീം കോടതി അഭിഭാഷകനായിരുന്ന അഡ്വ. മുബശിർ ലത്വീഫ് സാഹിബിന്റെയും ഗുണമഹിമകൾ വിവരിക്കുകയുണ്ടായി. മർഹൂമീംകളുടെ ഉന്നത പദവികൾക്കും പൊറുമയ്ക്കും വേണ്ടി ദുആ ചെയ്തു. തുടർന്ന് ജുമുഅ നമസ്കാരത്തിന് ശേഷം ഇവരുടെ എല്ലാം ജനാസ നമസ്കാരം ഉണ്ടായിരിക്കുമെന്ന് വിളംബരപ്പെടുത്തി.

**പേജ് 17 ൽ നിന്ന് തുടർച്ച**

(അ) യെ നിഷേധിച്ച ഓരോ ആളും നശിപ്പിക്കപ്പെട്ടു. നൂഹ് നബി (അ)യുടെ മകന് വേണ്ടിയുള്ള പ്രാർത്ഥന പോലും കേവല നീതിയുടെ തത്വത്തിന്ന് വിരുദ്ധമായിരുന്നു. ദൈവത്തിന്ന് നീതിയല്ലാതെ മറ്റൊന്നുമില്ല. അങ്ങനെയാണ് ***അദ്ൽ*** ന്റെ അടിത്തറ ശക്തിപ്പെടുത്തുന്നത്. അതാകട്ടെ കൂടുതലായി ധാർമിക പരിണാമം അടിത്തറയായി മാത്രം വർത്തിക്കുകയും ചെയ്യുന്നു.

യൂസുഫ് നബി (അ) കാലത്ത് നീതിയുടെ അദ്ധ്യാപനങ്ങൾ വളരെ ശക്തമായിരുന്നു. അത് സമൂഹത്തിൽ കെട്ടുറപ്പോടെ നിലകൊണ്ടു. ഏറ്റവും ശക്തനായ വ്യക്തികൾക്ക് പോലും തന്റെ സ്വാധീനം നീതിയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രയോഗിക്കാൻ സാദ്ധ്യമല്ലായിരുന്നു. യൂസുഫ് നബി (അ) മൊത്തം ഈജിപ്തിന്റെ ധനകാര്യ വകുപ്പിന്റെ മേധാവി എന്ന ഉയർന്ന പദവിയിലിരിലിരുന്നിട്ടും അദ്ദേഹത്തിന്റെ സഹോദരനെ അന്യായമായ നിലയിൽ അവിടെ തടഞ്ഞു നിർത്തിയില്ല.

മൂസവി നിയമം നീതിയുടെ നിർവ്വഹണത്തിൽ അത്രമാത്രം ഉന്നത നിലവാരത്തിൽ ഊന്നൽ നൽകുയിരുന്നു. ഇഹ്സാനും മാപ്പരുളലും അപ്രസക്തമായി കാണപ്പെട്ടു. തങ്ങളുടെ അനുചരന്മാരുമായുള്ള വ്യവഹാരങ്ങളിൽ കണ്ണിന്ന് കണ്ണ്, പല്ലിന്ന് പല്ല് എന്ന അദ്ധ്യാപനമാണ് പഠിപ്പിക്കപ്പെട്ടത്. അതിന്ന് വിപരീതമായി യേശുവിൽ തന്റെ അനുയായികളിൽ മറ്റെ കവിളും കാണിച്ചുകൊടുക്കാനാണ് അനുയായികളോട് ഉപദേശിച്ച് കൊടുക്കുന്നത് നാം കാണുന്നു. മൂസാനബി (അ) നീതിയുടെ പാലനത്തിന്നും ഒരാളുടെ അവകാശങ്ങൾക്കുമായിരുന്നു ഊന്നൽ നൽകിയത്. എന്നാൽ ക്രിസ്ത്യൻ അദ്ധ്യാപനങ്ങൾ ഔദര്യത്തിന്റെ അങ്ങേയറ്റമായിരുന്നു. അപരന്ന് വേണ്ടി തന്റെ അവകാശങ്ങൾ പോലും ത്യജിക്കാനായിരുന്നു പഠിപ്പിച്ചിരുന്നത്.

ചില കാലഘങ്ങളിൽ നീതിക്കായായിരുന്നു ശക്തമായി ഊന്നൽ നൽകിയിരുന്നത്. ചില കാലങ്ങളിൽ ഔദാര്യങ്ങൾക്കും. പക്ഷേ അത് നീതിയെ ബലികഴിച്ചു കൊണ്ടായിരുന്നില്ല. എന്ത് തരം അദ്ധ്യാപനങ്ങളായാലും അത് നീതിയുടെ തത്വങ്ങൾ ഒരിക്കലും തന്നെ ലംഘിക്കപ്പെട്ടിരുന്നില്ല. ഒരു കാര്യം നാം ഓർക്കേണ്ടതുണ്ട്. സ്വയം പരിത്യാഗം ഒരിക്കലും തന്നെ നീതിയുടെ തത്വങ്ങൾക്ക് വിരുദ്ധമല്ല. ഔദാര്യങ്ങളുടെ നിർവ്വഹണത്തിന്ന് വേണ്ടി അന്യന്റെ അവകാശങ്ങളെ ചവിട്ടി ഞെരിക്കുക എന്നത് മതത്തിൽ പോലും അചിന്ത്യമാണ്. മാപ്പ് കൊടുക്കുന്നതിന്ന് അല്ലെങ്കിൽ സ്നേഹം പ്രദർശിപ്പിക്കാൻ വേണ്ടി ക്രിസ്തുമതം ഒരിക്കലും തന്നെ അന്യന്റെ അവകാശങ്ങൾ തട്ടി പറിക്കുന്നില്ല.

അദ്ധ്യാപനങ്ങളെല്ലാം തന്നെ കാലഘട്ടത്തിന്റെ ആവശ്യങ്ങളുമായി തദാതമ്യമുള്ളതായിരിക്കും. മൂസാനബി (അ)യുടെ കാലത്ത് നീതിയുടെ താൽപര്യവും തതുല്യമായ പ്രതിക്രിയക്കുമായിരുന്നു ഊന്നൽ. ഇസ്രയേൽ സന്തതികളുടെ പ്രത്യേകമായ ആവശ്യമായി പരിഗണിച്ചത്. യേശു (അ) വിന്റെ കാലഘട്ടമെത്തിയപ്പോഴേക്കും ആതുരമായ സമൂഹത്തിന്റെ തികച്ചും മറ്റൊരു രീതിയിലുള്ള ചികിത്സക്കായിരുന്നു മുറവിളി. ഈ ഒരു താരതമ്യത്തിൽ ഒരാൾക്ക് രണ്ട് വ്യത്യസ്ത കാലഘട്ടവുമായി ബന്ധപ്പെട്ട നീതിയുടെ നാരായ വേര് എന്താണെന്ന് കണ്ടെത്താവുന്നതാണ്. ***(വിവ: എ.എം)***

www.alislam.org

# പ്രൊഫ. ആതിഫ് റഹ്മാൻ മിയാന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

ഡോ. ബി. ഇഫ്തിഖാർ അഹമ്മദ്

പ്രഗത്ഭ സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫ. ആതിഫ് റഹ്മാൻ മിയാൻ, ഏറെ അന്വേഷണങ്ങൾക്കും കണ്ടെത്തലുകൾക്കും ഒടുവിലാണ്, പരിവർത്തനം നേടി അഹ്മദിയ്യാ ജമാഅത്തിനെ ആശ്ലേഷിക്കുന്നത്. പ്രിൻസ്റ്റൺ സർവ്വകലാശാലയിലെ സാമ്പത്തിക ശാസ്ത്രജ്ഞനും, സാമ്പത്തിക, പബ്ലിക് പോളിസി, ഫിനാൻസ് പ്രൊഫസറും, ജൂലിസ്-റാബിനോവിറ്റ്സ് സെന്റർ ഫോർ പബ്ലിക് പോളിസി ആൻഡ് ഫിനാൻസ് ഡയറക്ടറും പ്രിൻസ്റ്റൺ സ്കൂൾ ഓഫ് പബ്ലിക് ആൻഡ് ഇന്റർനാഷണൽ അഫയേഴ്സ് ഡയറക്ടറും ഒക്കെയായി, അസൂയാവഹമായ സ്ഥാനമാനങ്ങൾ അലങ്കരിക്കുന്ന ഈ പാക്-അമേരിക്കൻ ഇക്കണോമിസ്റ്റ്, പാശ്ചാത്യ അക്കാദമിക്, ബൗദ്ധിക മണ്ഡലങ്ങളിൽ ഒരു സുപ്രധാന സാന്നിദ്ധ്യമായി അടയാളപ്പെടുന്നു.

1974 ൽ നൈജീരിയയിൽ ജനിച്ച്, പാകിസ്ഥാനിൽ വളർന്ന്, ധനകാര്യവും വിപുല സമ്പദ്വ്യവസ്ഥയും തമ്മിലുള്ള ബന്ധത്തെ കേന്ദ്രീകരിക്കുന്ന പഠനങ്ങൾ നടത്തി അമേരിക്കയിൽ ജീവിക്കുന്ന പ്രൊഫ. മിയാന്റെ കൃതികൾ ലോകോത്തരങ്ങളാണ്. ലോകത്തുള്ള ഏറ്റവും മികച്ച 25 യുവ സാമ്പത്തിക വിദഗ്ധരിൽ പാക്കിസ്ഥാൻ വംശജനായ ആദ്യ വ്യക്തിയാണ് അദ്ദേഹം. ഭാവിയിൽ ആഗോള സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള ലോകത്തിന്റെ ചിന്തയെ രൂപപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്ന ഇരുപത്തിയഞ്ച് യുവ സാമ്പത്തിക ശാസ്ത്രജ്ഞരിൽ ഒരാളായി 2014 ൽ അന്താരാഷ്ട്ര നാണയ നിധി (ഐ എം എഫ്) അദ്ദേഹത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. അദ്ദേഹം നടത്തിയ സത്യാന്വേഷണത്തെ കുറിച്ചും അത് വഴി അഹ്മദിയ്യത്തിലേക്ക് എത്തിയതിനെ കുറിച്ചും നടത്തിയ കുറിപ്പുകൾ ഏതൊരു സത്യാന്വേഷിയെയും ത്രസിപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ കുറിപ്പ് ഇങ്ങനെ വായിക്കാം:

"എന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, ഞാൻ പല വിധത്തിൽ ഭാഗ്യവാനാണെന്ന് സമ്മതിക്കേണ്ടതുണ്ട്. മക്കളുടെ വിദ്യാഭ്യാസത്തിനും ശരിയായ പരിപാലനത്തിനുമായി വളരെയധികം ത്യാഗം ചെയ്ത ഏറ്റവും സ്നേഹവും കരുതലുമുള്ള മാതാപിതാക്കൾ എനിക്കുണ്ടായിരുന്നു. മൂന്ന് ജ്യേഷ്ഠത്തിമാരുള്ള കുടുംബത്തിലെ ഏറ്റവും ഇളയവനായിരുന്നു ഞാൻ. അതിനാൽ എന്റെ ഉമ്മയും എന്റെ സഹോദരിമാരും എന്നെ വല്ലാതെ ലാളിച്ച് വഷളാക്കി എന്ന വേണമെങ്കിൽ പറയാം. മിതമായ മതവിശ്വാസം മാത്രമായിരുന്നു ഞങ്ങളുടെ കുടുംബത്തിന്റേത്. എന്നാൽ, നല്ല ധാർമ്മികതയുടെ മൂല്യം എന്റെ ഉമ്മ എന്നെ നിരന്തരം പഠിപ്പിച്ചു. "ശരിയായ കാര്യം" മാത്രം ചെയ്യണമെന്ന് നിർബന്ധമുണ്ടായിരുന്ന പ്രസ്തുത മൂല്യബോധം ചെറുപ്പം മുതൽക്കെ ഞങ്ങളിൽ പകർന്ന് കിട്ടിയിരുന്നു: അതായത് സത്യം പറയുക, മുതിർന്നവരെ ബഹുമാനിക്കുക, അതിരുകടക്കാതിരിക്കുക തുടങ്ങിയ പ്രാഥമിക മൂല്യങ്ങൾ. എന്റെ മാതാപിതാക്കൾ ഞങ്ങളുടെ വിദ്യാഭ്യാസ കാര്യത്തിൽ വലിയ ശ്രദ്ധ ചെലുത്തി. വിദ്യാഭ്യാസ നിലവാരം കൂടുതലുള്ള ലാഹോറിലെ സ്കൂളിൽ പോകാൻ, ആറു വർഷത്തോളം, അവർ ദീർഘ ദൂരം യാത്ര ചെയ്തു. ഞാൻ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോൾ, കോളേജിനായി യുഎസിൽ അപേക്ഷിക്കാൻ ഉപ്പ എന്നെ പ്രോത്സാഹിപ്പിച്ചു. ഭാഗ്യവശാൽ എം ഐ ടിയിൽ (മസാച്യുസെറ്റ് ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ടെക്നോളജി) 1993 ൽ പ്രവേശനം ലഭിച്ചു.

എം ഐ ടിയിലെ ജീവിതം തുടക്കത്തിൽ വളരെ ബുദ്ധിമുട്ടുള്ളതായിരുന്നു. കഠിനമായ ക്ലാസുകൾ. അപരിചിതമായ ഭാഷ. വ്യത്യസ്തമായ സംസ്കാരം. പല തലങ്ങളിൽ നിർബന്ധമായും വരുത്തേണ്ട മാറ്റങ്ങളും ക്രമീകരണങ്ങളും. ഒരുപക്ഷേ ഇതര ജീവിത രീതികളിലേക്ക് തുറന്ന് വെക്കപ്പെട്ട പ്രകൃതം ആയതിനാലായിരിക്കാം, അല്ലെങ്കിൽ പക്വതയാർന്ന മനസ്സിന്റെ സ്വാഭാവിക പരിണതഫലമായിരിക്കാം, ഒരു കുട്ടി വളരുന്ന

ജീവിതത്തിന്റെ മുൻധാരണകളെക്കുറിച്ച് ഞാൻ ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്.

ദൈവത്തിലുള്ള വിശ്വാസത്തിന് ശക്തമായ ഊന്നൽ നൽകി വളരാൻ അവസരം ലഭിച്ച ഒരു മുസ്ലീമാണ് ഞാൻ. ഇതുവരെ ഞാൻ പഠിപ്പിക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഞാൻ ഒരിക്കലും സ്വയം ചോദ്യം ചെയ്തിട്ടില്ല, എന്നാൽ ക്രമേണ അതൊരു അസ്വസ്ഥമായ ഒത്തുതീർപ്പായി മാറുന്നുവോ എന്ന മട്ടിൽ എന്നെ അസ്വസ്ഥമാക്കി. ഒരു മുസ്ലീം കുടുംബത്തിൽ ജനിക്കാൻ വിധിക്കപ്പെട്ടത് കൊണ്ട് മാത്രം ഞാൻ ഇസ്ലാമിൽ വിശ്വസിക്കണോ? ഏത് കുടുംബത്തിലാണ് ജനിച്ചതെന്ന് തീരുമാനിക്കുന്ന ഒരു നാണയത്തിന്റെ വശമാണ്. മതത്തിന്റെ പ്രാഥമിക നിർണ്ണയമെന്ന് തോന്നുമ്പോൾ ഒരാൾ അത് ഗൗരവമായി കാണേണ്ടതുണ്ടോ? നിലനിൽക്കുന്നതോ അല്ലാത്തതോ ആയ ഒരു ദൈവം നിമിത്തം ഒരാൾ ജീവിതത്തിൽ ഇത്രയധികം പരിമിതികൾ ഏർപ്പെടുത്തേണ്ടത് എന്തുകൊണ്ട്? ചോദ്യങ്ങൾ പലതായിരുന്നു, പക്ഷേ സ്വീകാര്യമായ ഉത്തരങ്ങൾ കണ്ടെത്തുന്നതിൽ ഞാൻ പാടുപെട്ടു.

അതേസമയം ഇസ്ലാമിനെക്കുറിച്ചുള്ള പരമ്പരാഗത ധാരണ എനിക്ക് കൂടുതൽ അസഹിഷ്ണുതയും യുക്തിരഹിതവുമാണെന്ന് തോന്നി. ഇസ്ലാമിനുവേണ്ടി വാദിച്ച മുസ്ലിംകൾ മതപരമായ പിടിവാശിയുടെ കാര്യത്തിൽ ആവേശപൂർവ്വം മുടിനാരിഴകൾ കീറി പരിശോധിച്ചു, എന്നിട്ടും നീതി, സഹിഷ്ണുത, മനുഷ്യ നാഗരികത എന്നിവയുടെ അടിസ്ഥാന തത്ത്വങ്ങൾ അവഗണിച്ചു. ഉദാഹരണത്തിന്, ഇസ്ലാമിൽ നിന്ന് പുറത്തു പോകാൻ തീരുമാനിക്കുന്ന ഏതൊരാളെയും വധശിക്ഷയ്ക്ക് വിധിക്കണം എന്ന ആശയത്തെ വിവേകമുള്ള ആളുകൾക്ക് എങ്ങിനെയാണ് സജീവമായി പിന്തുണയ്ക്കാനാവുക? ഞാൻ സ്വയം മതപരതയിൽ നിന്നും മാറി നിൽക്കാൻ തുടങ്ങി.

ഹൈസ്കൂളിൽ നിന്നുള്ള എന്റെ ഒരു പഴയ സുഹൃത്ത് ഹമീദ് ഷെയ്ക്ക് ഒരു അഹ്മദി മുസ്ലീമാണെന്ന് ഞാൻ അറിഞ്ഞത് കോളേജിലെ ഈ ആദ്യ വർഷങ്ങളിലാണ്. എട്ട് വർഷത്തിലേറെയായി എനിക്ക് അദ്ദേഹത്തെ അറിയാമായിരുന്നു, പക്ഷേ അദ്ദേഹം ഒരു അഹ്മദി മുസ്ലിമാണെന്ന് ഒരിക്കലും അറിഞ്ഞിരുന്നില്ല. അക്കാലത്ത് അഹ്മദി മുസ്ലിംകളെക്കുറിച്ചുള്ള എന്റെ ധാരണ തീർത്തും നിഷേധാത്മകമായിരുന്നു, പ്രധാനമായും പാകിസ്ഥാനിലെ അഹ്മദി മുസ്ലിംകളോടുള്ള പൊതുവായ സാമൂഹിക മനോഭാവമാണ് ഇത് രൂപീകരിച്ചത്. എന്റെ മനസ്സിൽ അഹ്മദിയ സമൂഹം സാമാന്യബുദ്ധിയില്ലാത്ത ചില വിചിത്രമായ ആരാധനാലയമായിരുന്നു. അതിനാൽ, എന്റെ ഒരു നല്ല സുഹൃത്ത് ഒരു അഹ്മദി മുസ്ലീമാണെന്ന് അറിഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. എന്നിരുന്നാലും, ഈ സമയത്ത്, അഹ്മദിയ്യ ഇസ്ലാമും സുന്നി ഇസ്ലാം പഠിപ്പിക്കലുകളും തമ്മിലുള്ള വ്യത്യാസങ്ങളുടെ വിപുലമായ വിശദാംശങ്ങളിൽ എനിക്ക് താൽപ്പര്യമില്ലായിരുന്നു.

മതത്തെ അടിസ്ഥാനതലത്തിൽ മനസിലാക്കാൻ ശ്രമിക്കുന്നതിൽ എനിക്ക് മിടുക്ക് കുറവായിരുന്നു. സങ്കീർണ്ണമായ വിഭാഗീയ ചർച്ചകളെക്കുറിച്ച് ഞാനൊരിക്കലും കൂടുതൽ ശ്രദ്ധിച്ചിരുന്നില്ല. അതിനാൽ ദൈവം, മതം, മനുഷ്യന്റെ സൃഷ്ടിയുടെ ഉദ്ദേശ്യം എന്നിവയെക്കുറിച്ചുള്ള പൊതുവായ ചില ചോദ്യങ്ങൾ ഞാൻ ഹമീദിന് നൽകി. ഞങ്ങൾ ചില ചർച്ചകൾ നടത്തി, ഹമീദ് എനിക്ക് വായിക്കാൻ രണ്ട് പുസ്തകങ്ങൾ നൽകി: നാലാമത്തെ ഖലീഫയുടെ "സമകാലിക പ്രശ്നങ്ങളോടുള്ള ഇസ്ലാമിന്റെ പ്രതികരണം", അദ്ദേഹത്തിന്റെ ജീവചരിത്രമായ "എ മാൻ ഓഫ് ഗോഡ്". മതത്തോടുള്ള യുക്തിസഹവും മാനുഷികവുമായ സമീപനത്തിനായി തിരയുകയായിരുന്ന ഞാൻ എന്നിട്ടും നിരാശനായി. എന്നിരുന്നാലും, സമകാലിക പ്രശ്നങ്ങളോടുള്ള ഇസ്ലാമിന്റെ പ്രതികരണം വായിച്ചത് തികച്ചും ഉന്മേഷകരമായ അനുഭവമായിരുന്നു.

ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുന്നുവെന്ന് പറയാൻ അന്നോളം ഞാൻ തയ്യാറായിരുന്നില്ല, എന്നാൽ മേൽപ്പറഞ്ഞ പുസ്തകം വായിച്ചതിനു ശേഷം, ഞാനന്ന് എന്നോട് തന്നെ പറഞ്ഞത് ഓർക്കുന്നു, എപ്പോഴെങ്കിലും പിന്തുടരാൻ യോഗ്യമായ ഒരു മതമുണ്ടെങ്കിൽ, അത് ആ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നതു പോലെയായിരിക്കണം! നാലാമത്തെ ഖലീഫ മതത്തെ സമീപിച്ച രീതി എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഒരു ശാസ്ത്രജ്ഞന്റെ കൃത്യതയോടെ അദ്ദേഹം സംസാരിച്ചു. എല്ലായ്പ്പോഴും ആദ്യത്തെ തത്ത്വങ്ങളിൽ നിന്നാണ് അദ്ദേഹം ആരംഭിച്ചത്, തുടർന്ന് യുക്തിയുടെ നിയമങ്ങളിലൂടെ ക്രമേണ തനിക്ക് പറയാനുള്ളത് ബോധ്യപ്പെടുത്തുന്ന രീതിയിൽ കെട്ടിപ്പടുത്തു. അഗാധമായൊരു ബോധവും അതിൽ ഉണ്ടായിരുന്നു.

അദ്ദേഹം എഴുതിയതോ പറഞ്ഞതോ ആയ എല്ലാ കാര്യങ്ങളിലും സ്നേഹം, അനുകമ്പ, മാനവികത എന്നിവ നിറഞ്ഞിരുന്നു. അത് വാക്കുകളിൽ പ്രകടിപ്പിക്കാൻ പ്രയാസമാണ്, പക്ഷേ ഞാൻ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ പൂർണമായും പ്രണയിച്ചു തുടങ്ങി. ഞാൻ തിരയുന്ന ഉത്തരങ്ങൾ അഹ്മദിയ്യ മുസ്ലിം സമൂഹം എനിക്ക് നൽകാൻ തുടങ്ങി. എന്നാൽ ഹൃദയത്തെയും മനസ്സിനെയും ബോധ്യപ്പെടുത്തുന്നത് രണ്ട് വ്യത്യസ്ത പ്രശ്നങ്ങളാണ്. എനിക്ക് ചോദിക്കാൻ കഴിയുന്ന കൂടുതൽ ചോദ്യങ്ങൾ എപ്പോഴും ഉണ്ടായിരുന്നു. ഏത് ഘട്ടത്തിലാണ് ഞാൻ സംശയവും വിശ്വാസവും തമ്മിലുള്ള അതിർവരമ്പുകൾ

വരയ്ക്കുന്നത്? ഈ ചോദ്യത്തിനുള്ള ഉത്തരം എനിക്കറിയില്ല. എനിക്കുവേണ്ടി ഞാൻ തന്നെ പ്രാർത്ഥിക്കുക എന്ന ആശയവും എന്നെ അലട്ടി. എന്നെ ഒരു വിശ്വാസി എന്ന് വിളിക്കാൻ ഞാൻ തയ്യാറായില്ലെങ്കിൽ ഞാൻ എങ്ങനെ അത് ചെയ്യും? അത് കപടമല്ലേ? ഒരുപക്ഷേ സ്വാർത്ഥതയാണോ? പിന്നെ കോഴിയാണോ മുട്ടയാണോ ആദ്യമുണ്ടായത് എന്ന പ്രശ്നവുമുണ്ടായിരുന്നു. ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ ഒരാൾക്ക് വിശ്വാസം ആവശ്യമാണെങ്കിൽ, വിശ്വാസമുണ്ടാകാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കണം. ഞാൻ എവിടെ നിന്ന് തുടങ്ങണം? സാധ്യമായ ഒരു ദൈവത്തോട് മാത്രമേ എനിക്ക് പ്രാർത്ഥിക്കാൻ കഴിയൂ എന്നതായിരുന്നു ഈ ആശയക്കുഴപ്പങ്ങൾക്കുള്ള എന്റെ പരിഹാരം. നിങ്ങൾ യഥാർത്ഥത്തിൽ അവിടെയുണ്ടെങ്കിൽ ശരിയിലേക്കും സത്യത്തിലേക്കും എന്നെ നയിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. സത്യം അഹ്മദിയ്യത്തായിരിക്കുമോ എന്ന സംശയം എന്റെ ഹൃദയത്തിൽ ഇതിനകം ഉണ്ടായിരുന്നു. അതിനാൽ, അതിനെതിരായ സാമൂഹിക ഉപരോധം കാരണം ഞാൻ അതിൽ നിന്ന് വിട്ടുനിൽക്കുമെന്ന് ഭയന്ന്, സത്യം കണ്ടെത്തുന്നതിനും സ്വീകരിക്കുന്നതിനും എന്ത് വില നൽകാനും ഞാൻ തയ്യാറാണെന്ന് ഞാൻ കൂട്ടിച്ചേർക്കും. അടുത്ത കുറച്ച് വർഷങ്ങളിൽ, ഇസ്ലാം അഹ്മദിയ്യയെക്കുറിച്ച് എനിക്ക് കഴിയുന്നത് തുടർന്നും വായിച്ചു. മറ്റുള്ളവരുമായി ഞാൻ കൂടുതൽ ചർച്ച ചെയ്തില്ല. പകരം സ്വന്തമായി പഠിക്കാൻ ഞാൻ ആഗ്രഹിച്ചു. വെബ്സൈറ്റുകൾ എനിക്ക് ഒരു മികച്ച ഉപകരണമായിരുന്നു. അഹ്മദികളുടെ വെബ് സൈറ്റായ അൽ ഇസ്ലാം.ഓർഗ് വികസിച്ച് തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് ഞാൻ അതിന്റെ ഏറ്റവും ഉപഭോക്താക്കളിൽ ഒരാളായി മാറി. നാലാമത്തെ ഖലീഫ നടത്തിയ ചോദ്യോത്തര സെഷനുകളും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുമാണ് എന്റെ ഏറ്റവും വലിയ ആകർഷണം. എനിക്ക് അദ്ദേഹത്തെ ശ്രദ്ധിക്കാൻ മണിക്കൂറുകൾ ചെലവഴിക്കാൻ കഴിഞ്ഞു.

അഹ്മദിയ്യ മുസ്ലീം സമുദായത്തിന്റെ സന്ദേശം വളരെ ആകർഷകമായി ഞാൻ കണ്ടെത്തിയപ്പോൾ, യാഥാസ്ഥിതിക പുരോഹിതന്മാരോട് അവർക്ക് സമൂഹത്തോടുള്ള മനോഭാവം എനിക്ക് അങ്ങേയറ്റം മനംപിരട്ടൽ ഉണ്ടാക്കി. അവർക്ക് എങ്ങനെ മാനവികതയുടെ എല്ലാ ബോധവും നഷ്ടപ്പെടുകയും അഹ്മദി മുസ് ലിംകളെ പാകിസ്ഥാനിലുള്ള വിശ്വാസം പാലിക്കുന്നതിൽ നിന്ന് തടയുകയും ചെയ്യാനും സാധിക്കും? ആരാണ് ഒരു മുസ്ലീം? ആരാണ് ഒരു അമുസ്ലിം? നിയമത്തിന്റെ കണ്ണിലൂടെ അതെങ്ങിനെ തീരുമാനിക്കാൻ മനുഷ്യന് കഴിയും? യാഥാസ്ഥിതിക പുരോഹിതരുടെ അത്തരം മനോഭാവങ്ങൾ കാരണം അഹ്മദിയ്യ മുസ്‌ലിം സമുദായത്തിനെതിരായ ആരോപണങ്ങളിൽ ഞാൻ, പിന്നീട്, അവരെ ഒരിക്കലും ഗൗരവമായി എടുത്തില്ല.

എം ഐ ടിയിൽ ബിരുദ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം അവിടെ നിന്ന് തന്നെ സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടാൻ ഞാൻ തീരുമാനിച്ചു. 2001ൽ പിഎച്ച്ഡി പൂർത്തിയാക്കി ചിക്കാഗോയിലേക്ക് മാറി. ചിക്കാഗോ സർവകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ആരംഭിച്ചു. മുമ്പ് ബോസ്റ്റണിൽ ആയിരുന്നപ്പോൾ, പ്രാദേശിക പള്ളിയിലേക്ക് പോകുന്നത് ഞാൻ വളരെക്കാലം നിർത്തിയിരുന്നു, കാരണം ഇസ്ലാമിന്റെ അസഹിഷ്ണുത വ്യാഖ്യാനത്തെ അംഗീകരിച്ച ഒരു ഇമാമിന് പിന്നിൽ പ്രാർത്ഥിക്കാൻ എനിക്ക് കഴിഞ്ഞില്ല. ബോസ്റ്റണിനടുത്ത് ഒരു അഹ്മദിയ്യ പള്ളി ഉണ്ടായിരുന്നു, പക്ഷേ അത് വളരെ ദൂരെയായിരുന്നു, എനിക്ക് ഒരു കാർ ഇല്ലായിരുന്നു. ഇപ്പോൾ എനിക്ക് ചിക്കാഗോയിൽ ഒരു കാർ ഉള്ളതിനാൽ, ഒരു അഹ്മദിയ മുസ്ലീം പള്ളി അന്വേഷിക്കണമെന്ന് ഞാൻ വിചാരിച്ചു. ചിക്കാഗോയിലെ പ്രാദേശിക അഹ്മദിയ്യ മുസ്ലീം പള്ളി കണ്ടെത്തി, ഞാൻ വെള്ളിയാഴ്ച പ്രാർത്ഥനയ്ക്ക് പോകാൻ തുടങ്ങി. ഒരു അഹ്മദി മുസ്ലീമാകാതെ എന്റെ ജീവിതകാലം മുഴുവൻ ഞാൻ അങ്ങനെ ചെയ്തിരിക്കാം. ഇസ്ലാമിന്റെ അഹ്മദിയ വ്യാഖ്യാനം മാത്രമാണ് അർത്ഥമാക്കുന്നതെന്ന് ഞാൻ ഇതിനകം അംഗീകരിച്ചിരുന്നു. പിന്നെ എന്തിനാണ് പരിവർത്തനത്തിന്റെ തടസ്സത്തിലൂടെയും അതിനൊപ്പം വരുന്ന എല്ലാ സാമൂഹിക സംഘട്ടനങ്ങളിലൂടെയും കടന്നുപോകുന്നത്? എല്ലാത്തിനുമുപരി, ഞാൻ വിശ്വസിക്കുന്നു എന്ന് ഒരാൾ പറയുന്നതിലും അപ്പുറത്തുള്ള വരി എന്താണ്? ഒഴികഴിവുകൾ പറയുമ്പോൾ മനുഷ്യ മനസ്സ് ഒരു സ്പെഷ്യലിസ്റ്റാണ്. എന്നിരുന്നാലും 2002 മാർച്ചിൽ എന്തോ മാറ്റം സംഭവിച്ചു. എങ്ങനെ, എന്തുകൊണ്ട് എന്ന് എനിക്ക് പറയാനാവില്ല. ഒരു വ്യക്തിയുടെ ഹൃദയത്തിന്റെ താക്കോൽ അല്ലാഹുവിന്റെ കൈകളിലാണെന്ന് തിരുമേനി (സ) പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെയിരിക്കെ ഒരു ദിവസം അല്ലാഹു എന്റെ മനസ്സ് മാറ്റി. ഇതിന് മറ്റൊരു വിശദീകരണവുമില്ല. ഇനിഷ്യേഷൻ ഫോമിൽ ഒപ്പിടണമെന്ന് എനിക്ക് ശക്തമായ ആഗ്രഹം തോന്നി. എനിക്ക് അത് ചെയ്യേണ്ടിവന്നു. എനിക്ക് ഇനി മറ്റൊരു മാർഗവുമില്ല. മിഠായി കടയിലെ ഒരു കുട്ടിയെപ്പോലെ, എനിക്കും അത് ഉണ്ടായിരിക്കണം. അഹ്മദി മുസ്ലീം ആകാനുള്ള എന്റെ തീരുമാനത്തിൽ എന്റെ മാതാപിതാക്കൾ അതൃപ്തരായിരുന്നു. ഈ പരീക്ഷണം എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണ്, അവസാനമായി ഞാൻ ചെയ്യാൻ പോകുന്നത് എന്റെ മാതാപിതാ

ശേഷം പേജ് 40 ൽ

ഭാഗം – 2

# ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും

റസൂൽ തിരുമേനി(സ) യുടെ പേരമകൻ ഇമാം ഹുസൈന്റെ ശഹാദത്തിന്റെ ദുഃഖസ്മൃതികൾ മുസ്‌ലിംലോകത്തെ കണ്ണീരണിയിക്കുന്ന മഹാദുരന്തമാണ്. റസൂൽ തിരുമേനി(സ) യുടെ ജനിതക പാരമ്പര്യത്തിൽ പിറന്ന ആ പുണ്യാത്മാവിന്റെ പരിശുദ്ധ ജീവിതത്തെ കുറിച്ച് വിവരിക്കുന്നു.

റഫീക്ക് അഹ്മദ് മാത്തോട്ടം

### ഹദ്റത്ത് മുആവിയയുടെ പിൻഗാമി യസീദ് ബിൻ മുആവിയ

മുഗീറ ഉപദേശിച്ചതു പോലെ അമീർ മുആവിയ മകനെ ഉടനെ പിൻഗാമിയായി പ്രഖ്യാപിച്ചില്ലെങ്കിലും മകനു ആ രീതിയിലുള്ള ശിക്ഷണവും ഉപദേശ നിർദേശങ്ങളും നൽകാൻ തുടങ്ങി. അതോടൊപ്പം മുസ്‌ലിം ഭരണ പ്രദേശങ്ങളിലെ പ്രമുഖരിൽ നിന്നും ഈ കാര്യത്തിനുള്ള പിന്തുണയും പിൻബലവും നേടുന്നതിന്നായി ചില നീക്കുപോക്കുകളും പദ്ധതികളും ആസൂത്രണം ചെയ്യാൻ ആരംഭിച്ചു. കുറച്ചു കാലത്തിനു ശേഷം സാഹചര്യങ്ങളും അവസ്ഥകളും യോജിച്ചതാണെന്നു മനസ്സിലായപ്പോൾ മകൻ യസീദ് തന്റെ പിൻഗാമിയായിരിക്കുമെന്നും തന്റെ മരണശേഷം അവനായിരിക്കും ഭരണാധികാരി എന്നും ഹദ്റത്ത് അമീർ മുആവിയ പൊതുവായി വിളംബരം ചെയ്യുകയും ചെയ്തു. എന്നാൽ യസീദാകട്ടെ സുഖലോലുപതയിലും ഭോഗാസക്തിയിലും ഉന്മത്തനായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അരുൾ ചെയ്യുകയാണ്. നമുക്കു മുആവിയയെ ഈ കാര്യത്തിൽ കുറ്റം പറയുവാൻ സാധിക്കുകയില്ല. അദ്ദേഹം അപ്പോഴത്തെ സാഹചര്യവും സ്ഥിതിഗതികളും കണക്കിലെടുത്തുകൊണ്ടാണ് അത്തരം ഒരു തീരുമാനമെടുത്തത്. എന്നിരുന്നാലും യസീദിനെയോ, മുആവിയയെ പോലും നമുക്കു ഖലീഫ എന്നു വിളിക്കുവാൻ സാധിക്കുകയില്ല. വേണമെങ്കിൽ അവരെ രാജാവെന്നു വിളിക്കാം. (അൻവാറുൽ ഉലൂം– വാള്യം 15, പേജ് 556)

അന്നു ഇസ്‌ലാം, ലോകത്തിന്റെ പലഭാഗങ്ങളിൽ പ്രചരിച്ചിട്ടുണ്ടെങ്കിലും നാലഞ്ചിടങ്ങൾ ഇസ്‌ലാമിന്റെ ശക്തികേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്നു. ഒന്നു ഹിജാസ് എന്നറിയപ്പെടുന്ന മക്കയും മദീനയും അതിന്റെ ചുറ്റുമുള്ള വിശാലമായ പ്രദേശങ്ങൾ. രണ്ടാമത്തേത് ഇറാഖ്, പ്രധാനമായും കൂഫാ, ബസറ പട്ടണങ്ങൾ മൂന്നാമത്തേത് ഇറാൻ, നാലാമത്തേതു മിസ്വർ (ഈജിപ്ത്) അഞ്ചാമത്തേതു ഹദ്റത്ത് അമീർ മുആവിയയുടെ നിയന്ത്രണത്തിലുള്ള ദിമിശ്ക്ക് ഉൾപ്പെടുന്ന ശാം പ്രദേശം. അമീർ മുആവിയയുടെ വിളംബരം വന്നപ്പോൾ ശാമിലുള്ള മുസ്‌ലിംകളിൽ നല്ലൊരു ഭാഗം ആഭ്യന്തര കലഹവും ഛിദ്രതയും സാമൂഹികമായ ശൈഥില്യവും ഭയന്നു യസീദിനെ ഇഷ്ടമില്ലാതിരുന്നിട്ടും അവർ ബൈഅത്തു ചെയ്തു തുടങ്ങി. എന്നാൽ മദീനയിലുള്ള ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബൈർ, ഹദ്റത്ത് ഇമാം ഹുസൈൻ (റസിയല്ലാഹു അൻഹും) തുടങ്ങിയ പ്രധാനികൾ യസീദിനു ബൈഅത്തു ചെയ്യാൻ വിസമ്മതിച്ചു.

അവരതിനു രണ്ടു കാരണങ്ങളാണു പറഞ്ഞത്. ഒന്നു ഖലീഫയെ ഈ രീതിയിലല്ല തെരഞ്ഞെടുക്കേണ്ടത്. ഖലീഫയുടെ സ്ഥാനം പിൻതുടർച്ചാവകാശമായി നൽകപ്പെടേണ്ട ഒന്നല്ല. ആ രീതി തികച്ചും അനിസ്‌ലാമികമാണ്. മറ്റൊന്നു അസാന്മാർഗികതയിലും ദുഷ്കർമങ്ങളിലും മുഴുകിയിരിക്കുന്ന ഒരാൾ ഖലീഫത്തുൽ മുസ്‌ലിമീൻ എന്നു ഒരിക്കലും വിളിക്കപ്പെടാൻ പാടില്ല. യസീദിനെ പോലുള്ള ഒരാൾ ആ മഹനീയ സ്ഥാനം അലംകരിക്കാൻ ഒരിക്കലും അർഹനല്ലെന്നുമായിരുന്നു അവരുടെ നിലപാട്. അല്ലാതെ അവർക്കു മറ്റു യാതൊരുവിധ വിയോജിപ്പും ഇല്ലായിരുന്നു. അവർ

ഒരു തരത്തിലുള്ള സ്ഥാനവും മോഹിച്ചിരുന്നില്ല. എന്നാൽ പിൻഗാമിയേയും ഭാവി ഭരണാധികാരിയേയും ഞാൻ തീരുമാനിച്ചു കഴിഞ്ഞ സ്ഥിതിക്കു എന്റെ തീരുമാനത്തോടു നിഷേധാത്മക നിലപാടു സ്വീകരിക്കുന്നതു ഒരിക്കലും നീതീകരിക്കാനാവുകയില്ലെന്നു അമീർ മുആവിയയും ശഠിച്ചു.

ഈ കാലത്തെ നീതിമാനായ വിധി കർത്താവും (ഹകമൻ അദ്‌ലൻ) ഇമാമുമായ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് ഇമാം ഹുസൈന്റെ (റ) മഹനീയ സ്ഥാനവും ദുർവൃത്തനും അധർമകാരിയുമായ യസീദിന്റെ അവസ്ഥയും വിവരിച്ചു കൊണ്ട് അരുൾ ചെയ്യുകയാണ്.

യസീദ് മലീമസവും നീചപ്രകൃതത്തിന്നുടമയും ഭൗതികതയിൽ ആണ്ടു പോയ ഒരു കീടവും അതിക്രമിയുമാണ്. ഏതൊരു സ്വഭാവ വൈശിഷ്യം കൊണ്ടാണോ ഒരാൾ മുഅ്മിൻ എന്നു വിളിക്കപ്പെടുന്നതു അത്തരത്തിലുള്ള ഒരു ഗുണവും അയാളിൽ ഉണ്ടായിരുന്നില്ല. മുഅ്മിന്റെ പ്രവർത്തനങ്ങളും വ്യവഹാരങ്ങളും അയാളുടെ ഈമാനെ സാക്ഷ്യപ്പെടുത്തുന്നവയായിരിക്കണം. ഭൗതികതയിലുള്ള ആസക്തിയിൽ യസീദ് അന്ധനായിത്തീർന്നിരുന്നു. എന്നാൽ ഹദ്റത്ത് ഹുസൈൻ(റ) ത്വാഹിറും മുത്വഹിർ (അങ്ങേയറ്റം പരിശുദ്ധനും പരിശുദ്ധരാക്കപ്പെട്ടവനുമാണ്)റുമാണ്. ഹദ്റത്ത് ഹുസൈൻ ദൈവീക കരങ്ങളാൽ പരിശുദ്ധമാക്കപ്പെടുകയും അദ്ദേഹത്തിന്റെ ഹൃദയം അല്ലാഹുവിന്റെ പ്രേമത്താൽ നിർഭരമാക്കപ്പെടുകയും ചെയ്തിട്ടുള്ള വരിഷ്ഠ ദാസരിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്നു നമുക്ക് യാതൊരു സംശയവും കൂടാതെ പറയുവാൻ സാധിക്കും. തീർച്ചയായും അദ്ദേഹം സ്വർഗത്തിലെ നേതാക്കളിൽപെട്ടവരാണ്. അദ്ദേഹത്തോട് ശത്രുതയും പകയും വച്ചു പുലർത്തുന്നത് ഈമാനെ നഷ്ടപ്പെടുത്താൻ മാത്രമേ ഉതകുകയുള്ളു. ആ ഇമാമിന്റെ തഖ്‌വയും ദൈവത്തോടുള്ള സ്നേഹവും നിശ്ചയദാർഢ്യവും സഹനവും ഭക്തിയും ആരാധനയും നാം പിന്തുടരേണ്ട ഉൽകൃഷ്ട മാതൃകകളാണ്. അദ്ദേഹത്തിനു ലഭിച്ച നേർമാർഗത്തെ നാം എന്നും പിന്തുടരുന്നവരാണ്. അദ്ദേഹത്തോട് ആർ ശത്രുത കാണിക്കുമോ അവർ നശിപ്പിക്കപ്പെടും ആർ സ്നേഹവും ആദരവും കാണിക്കുമോ അവർ വിജയികളായിത്തീരുകയും ചെയ്യും. (മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 3 പേജ് 544-546)

## മുആവിയയുടെ മരണവും യസീദിന്റെ ഭരണവും

ഏതാനും വർഷങ്ങൾക്കു ശേഷം ഹിജ്റ വർഷം അറുപതിൽ ഹദ്റത്ത് അമീർ മുആവിയ നിര്യാതനാവുകയും നേരത്തെ തീരുമാനിച്ചതനുസരിച്ച് യസീദ് ഭരണാധികാരിയാവുകയും ചെയ്തു. മരിക്കുന്നതിനു മുമ്പു മുആവിയ മകനെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു, ഏറ്റവും പ്രധാനപ്പെട്ടതു ഖിലാഫത്താണെന്നു നീ മറക്കരുത്. ഹുസൈൻ എന്നും നിനക്കൊരു ഭീഷണിയായിരിക്കും. മാത്രവുമല്ല കൂഫക്കാർ അതായതു ഇറാഖികൾ ഹുസൈനെ നിനക്കെതിരിൽ കൊണ്ടുവരാൻ വളരെ സാധ്യതയുണ്ട്. അതിനാൽ ഹുസൈൻ നിനക്കെതിരിൽ വരികയും നീ ഹുസൈനുമേൽ ശക്തിയാർജിക്കുകയും ചെയ്യുകയാണെങ്കിൽ നീ അദ്ദേഹത്തോടു മന:പൂർവം ഉപേക്ഷ കാണിക്കുകയും ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യണം. കാരണം ഹുസൈൻ അഹ്‌ലുൽ ബൈത്തിൽ പെട്ടയാളും തിരുമേനിയുടെ പ്രിയപ്പെട്ടവനും വാത്സല്യനിധിയുമാണ്. എന്നാൽ വ്യസനകരമെന്നു പറയട്ടെ യസീദ് തന്റെ പിതാവിന്റെ ഈ അവസാന ഉപദേശം ചെവി കൊണ്ടില്ല.

ഭരണാധികാരിയായ ഉടൻ തന്നെ ഇസ്‌ലാമിക ഭരണപ്രദേശങ്ങളിലെ ജനങ്ങളിൽനിന്നും ബൈഅത്തു സ്വീകരിക്കുവാനും അവരെ തങ്ങളുടെ അനുസരണത്തിനും ചൊൽപടിക്കും കീഴിൽ കൊണ്ടുവരാനും വേണ്ട നടപടികൾ കൈകൊള്ളാൻ ആ രാജ്യങ്ങളിലെ എല്ലാ ഗവർണർമാർക്കും യസീദ് ഉത്തരവു നൽകി. മാത്രവുമല്ല ബൈഅത്തു ചെയ്യാതെ മാറി നിൽക്കുന്ന പ്രധാനികളായ ഹദ്റത്ത് ഇമാം ഹുസൈനോടും മറ്റുള്ളവരോടും ബൈഅത്തു വാങ്ങിക്കാൻ മദീന ഗവർണറായ വലീദ് ബിൻ ഉത്ബായോടു പ്രത്യേക സന്ദേശത്തിലൂടെ അയാൾ കൽപിക്കുകയും ചെയ്തു. കാര്യങ്ങൾ ഇവിടം വരെ എത്തിയ സ്ഥിതിക്കു ഹദ്റത്ത് ഇമാം ഹുസൈനും അബ്ദുല്ലാഹ് ബിൻ സുബൈറും പെട്ടെന്നു തന്നെ തന്റെ ഭാര്യാമക്കളെയും ബന്ധുക്കളെയും കൂട്ടി രാത്രിക്കു രാത്രി മക്കയിലേയ്ക്കു യാത്രയായി. അവിടെ അദ്ദേഹം ശഅബ് അബീത്വാലിബിൽ താമസവും തുടങ്ങി. എന്നാൽ മക്കയിലെത്തിയപ്പോൾ അവിടെ മക്കാ ഗവർണറും അവരെ യസീദിനു ബൈഅത്ത് ചെയ്യുവാനായി നിർബന്ധിക്കാൻ തുടങ്ങി. പക്ഷേ, ഇമാം ഹുസൈൻ അവിടേയും വഴങ്ങിയില്ല.

## ഹദ്റത്ത് ഇമാം ഹുസൈനു കൂഫക്കാരുടെ ക്ഷണം

ഹദ്റത്ത് അലി(റ)യെ ശഹീദാക്കിയ ഇറാഖിന്റെ പട്ടണമായ കൂഫയിൽ ഹദ്റത്ത് അലിയോടും ഇമാം ഹുസൈനോടും അവരുടെ ബന്ധുമിത്രാദികളോടും മനസ്സിൽ സ്നേഹാദരവു സൂക്ഷിക്കുന്ന ആയിരങ്ങൾ അപ്പോഴും അവിടെ ഉണ്ടായിരുന്നു. ഇമാം ഹുസൈൻ യസീദിന്നു ബൈഅത്തു ചെയ്യാതെ മദീനയിൽ നിന്നും മക്കയിൽ പോയി അവിടെ താമസിക്കുകയാണെന്നറിഞ്ഞപ്പോൾ കൂഫയിലുള്ളവർ ഹദ്റത്ത് ഇമാം ഹുസൈനെ കൂഫയിലേയ്ക്കു ക്ഷണിക്കാൻ തീരുമാനിച്ചു. കൂഫയിലുള്ളവരും ബൈഅത്തു ചെയ്യാതെ മാറി നിൽക്കുകയായിരുന്നു. അവിടെ നേതാക്കളായി ഗണിക്കപ്പെടുന്ന

കുറെ പ്രമുഖർ ജനങ്ങൾക്കിടയിൽ വളരെസ്വാധീനമുള്ള സിമാൻ ബിൻ സറുവിന്റെ വീട്ടിൽ ഒരു ദിവസം യോഗം ചേർന്ന് ഒരു പ്രമേയം പാസ്സാക്കുകയും അത് ഹദ്റത്ത് ഇമാം ഹുസൈനു അയക്കാൻ തീരുമാനിക്കുകയും ചെയ്തു. ആ പ്രമേയത്തിന്റെ ഉള്ളടക്കം ഇതായിരുന്നു. ഞങ്ങൾ കൂഫാ നിവാസികൾ അങ്ങയുടെ വന്ദ്യപിതാവിന്റെ ആത്മാർഥരും വിശ്വസ്തരുമായ സഹായികളാണ്. ഞങ്ങൾ അങ്ങയോടും അതേ വികാരം പ്രകടിപ്പിക്കുമെന്നും പരിപൂർണമായും താങ്കളെ സഹായിക്കുമെന്നും പിന്തുണയ്ക്കുമെന്നും ഞങ്ങൾ ഉറപ്പു നൽകുന്നു. ഇന്നു ഇസ്ലാമിന്റെ ഖലീഫയായി അങ്ങയെ കാണുവാനും അങ്ങയുടെ കൈയിൽ ബൈഅത്തു ചെയ്യുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനാൽ താങ്കൾ എത്രയും പെട്ടെന്നു കൂഫയിലേയ്ക്കു വന്നാലും. കത്തിന്റെ അവസാനത്തിൽ, താങ്കളെ സഹായിക്കുന്നതിനായി ഒരു ലക്ഷം വാൾ തയ്യാറാക്കി വച്ചിട്ടുണ്ടെന്നും എഴുതിയിട്ടുണ്ടായിരുന്നു. ആ കത്തുമായി കൂഫക്കാരുടെ പ്രതിനിധികളെന്ന നിലയ്ക്കു രണ്ടു പേരെ മക്കയിലേയ്ക്കു ഇമാം ഹുസ്സൈന്റെ അടുക്കലേയ്ക്കു അയക്കുകയും ചെയ്തു.

ഈ വിവരം കൂഫയിലെ സാധാരണ ജനങ്ങൾ അറിയാൻ ഇടയായപ്പോൾ അവരും സ്വന്തം നിലയ്ക്കു ഇമാം ഹുസ്സൈനെ കൂഫയിലേയ്ക്കു ക്ഷണിച്ചു കൊണ്ട് കത്തയക്കാൻ തുടങ്ങി. അത്തരത്തിൽ പന്ത്രണ്ടായിരത്തിലധികം, ചില നിവേദനങ്ങളിൽ ഇരുപതിനായിരം കത്തുകളെന്നും പറയുന്നു ഇമാം ഹുസൈനു കിട്ടി. ഏറെക്കുറെ എല്ലാ കത്തുകളുടെയും ഉള്ളടക്കം ഒന്നു തന്നെയായിരുന്നു. കൂഫ എല്ലാ നിലയിലും പച്ചളിപ്പുള്ളതും ഹരിതാഭവുമായിരിക്കുകയാണ്. ഇവിടത്തെ കായ്കനികൾ പാകമായിരിക്കുന്നു. സൈന്യം എല്ലാ ഒരുക്കങ്ങളോടും കൂടി സജ്ജമാണ്. അങ്ങയ്ക്കു ആതിഥ്യമരുളാൻ ഞങ്ങൾ വെമ്പൽ കൊള്ളുകയാണ്. അങ്ങനെ എല്ലാവരും അവരവരുടെ കവിഹൃദയം പോലെ കത്തുകളെഴുതി അയച്ചു. ഇത്രയധികം കത്തുകൾ ലഭിച്ചപ്പോൾ, കൂഫാവാസികൾ ഇത്തരത്തിൽ മെച്ചപ്പെട്ട ഒരു ഇസ്ലാമികാന്തരീക്ഷം ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ കൂഫ പോകാനും ആ കാര്യത്തിൽ അവരെ സഹായിക്കാനും തയ്യാറാണെന്നു ഇമാം ഹുസൈനും സമ്മതിച്ചു. അതിനാൽ കൂഫയിലേയ്ക്കു പുറപ്പെടുന്നതിനു മുമ്പ് കാര്യങ്ങളുടെ നിജസ്ഥിതി നേരിട്ടറിയുന്നതിന്നായി അദ്ദേഹം തന്റെ പിതൃവ്യപുത്രൻ മുസ്ലിം ബിൻ അഖീലിനെ കൂഫയിലേയ്ക്കയച്ചു. യഥാർഥത്തിൽ ഇമാം ഹുസൈൻ ഭരണമോ അമീറുൽ മുഅമിനീന്റെ സ്ഥാനമോ ഒന്നും തന്നെ ആഗ്രഹിച്ചിരുന്നില്ല. എന്നിരുന്നാലും കൂഫക്കാരുടെ ഉത്സാഹവും ആഗ്രഹവും അറിഞ്ഞപ്പോൾ കൂഫായിലേക്ക് പോകാമെന്നു തന്നെ തീരുമാനിച്ചു. എന്നാൽ കൂഫാ ഒരു അപലക്ഷണമുള്ള പട്ടണമാണെന്നും അവരാണു അങ്ങയുടെ പിതാവിനെ ശഹീദാക്കിയതെന്നും പറഞ്ഞു കൊണ്ട് ഇമാം ഹുസൈന്റെ ചില അഭ്യുദയകാംക്ഷികൾ അദ്ദേഹത്തെ കൂഫ പോകുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുകയുണ്ടായി. പക്ഷേ, അദ്ദേഹം അവരുടെ അഭിപ്രായം സ്വീകരിക്കുകയുണ്ടായില്ല.

മുസ്ലിം ബിൻ അഖീൽ കൂഫയിലെത്തിയപ്പോൾ ജനങ്ങൾ അദ്ദേഹത്തിനു അതിഗംഭീരവും ഊഷ്മളവും ഹൃദ്യവുമായ വരവേൽപു നൽകി. ഇമാം ഹുസൈന്റെ പ്രതിനിധി എന്ന നിലയ്ക്കു ഒന്നാമത്തെ ദിവസം തന്നെ അദ്ദേഹത്തിന്റെ കൈയിൽ ആയിരങ്ങൾ ബൈഅത്തു ചെയ്തു. അദ്ദേഹത്തിന്റെ പ്രതീക്ഷയേക്കാൾ ജനങ്ങൾ ആവേശഭരിതരും അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉന്നതവുമായിരുന്നു. അതുകാരണം അദ്ദേഹത്തിനു മറ്റൊന്നും ചിന്തിക്കാനുണ്ടായിരുന്നില്ല. അദ്ദേഹം ഉടനെ എല്ലാ വിവരങ്ങളും അറിയിച്ചു കൊണ്ട് ഇമാം ഹുസൈനു, അന്തരീക്ഷം പരിപൂർണമായും അനുകൂലമാണെന്നും ലക്ഷങ്ങൾ ബൈഅത്തു ചെയ്യുമെന്നു പ്രതീക്ഷിക്കുന്നുണ്ടെന്നും ഒരു സങ്കോചവും കൂടാതെ താങ്കൾ എത്രയും വേഗം കൂഫയിലെത്തണമെന്നും കത്തെഴുതി. ആ കത്തു ആബിസ് ബിൻ അബിശേബ എന്നൊരാൾ വശം മക്കയിലേയ്ക്കു ഇമാം ഹുസ്സൈനു കൊടുത്തയക്കുകയും ചെയ്തു.

മുസ്ലിം ബിൻ അഖീലിനു നൽകപ്പെട്ട സ്വീകരണവും തുടർന്നുള്ള സംഭവ വികാസങ്ങളും സർക്കാർ ഏജൻസികളും മറ്റുചില പ്രമുഖരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവർ ഉടനെ തന്നെ കാര്യത്തിന്റെ ഗൗരവം ദിമിശ്ക്കിൽ യസീദിനെ അറിയിച്ചു. ഉടനെ വല്ലതും ചെയ്തില്ലെങ്കിൽ കൂഫ കൈയിൽ നിന്നു നഷ്ടപ്പെടുമെന്നു മുന്നറിയിപ്പും നൽകി. യസീദ് ഉടനെ തന്നെ തന്റെ പിതാവിന്റെ വിശ്വസ്തനായ ഉപദേഷ്ടാവായിരുന്ന സർജൂൻ എന്നയാളെ വിളിപ്പിച്ചു ചർച്ച നടത്തി. അയാളോടു പരിഹാരമാരാഞ്ഞു. അദ്ദേഹം പറഞ്ഞു ഈ പ്രശ്നം പരിഹരിക്കുന്നതിന്നായി ഏറ്റവും യോജിച്ചയാൾ ബസറ ഗവർണറായ ബിൻ സിയാദ് (ഉബൈദുല്ലാഹ്) ആണ്. ഉടൻ തന്നെ ബിൻ സിയാദിനോടു കൂഫയിലേയ്ക്കു വന്നു ഗവർണർ സ്ഥാനം ഏറ്റെടുക്കാനും പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാനും യസീദ് കൽപന പുറപ്പെടുവിച്ചു. യഥാർഥത്തിൽ ബിൻ സിയാദ്, യസീദിന്റെ പിതൃവ്യപുത്രനാണെങ്കിലും യസീദിനു പിതൃവ്യനായ സിയാദിനേയോ പുത്രൻ ഉബൈദുല്ലാഹ് ബിൻ സിയാദിനേയോ അൽപം പോലും ഇഷ്ടമല്ലായിരുന്നു. പക്ഷേ, കാര്യം കാണാൻ ഏതു കാലു പിടിക്കാനും മടി കാണിക്കാത്തവനാണു യസീദ്.

## ഉബൈദുല്ലാഹ് ബിൻ സിയാദും അടിച്ചമർത്തൽ ഭരണവും

ബിൻ സിയാദ് (ഉബൈദുല്ലാഹ്) കൂഫയിലെത്തിയതോടെ സ്ഥിതി ഗതികൾ ആകെ മാറി മറിഞ്ഞു. ദയാദാക്ഷിണ്യം എന്ന വികാരം തൊട്ട് തീണ്ടീട്ടില്ലാത്ത ക്രൂരനായ ഒരു ഭരണാധിപനായിരുന്നു അയാൾ. കൂഫയാണെങ്കിൽ ഇമാം ഹുസൈനെ സ്വീകരിക്കാൻ എല്ലാ തരത്തിലും ഒരുങ്ങിയിരിക്കുകയു മാണല്ലോ. ബിൻ സിയാദ് കൂഫ എത്തിയ ഉടനെ തന്നെ വിശദമായ അന്വേഷണമാരംഭിച്ചു. ആരൊക്കെ യാണു ഇമാം ഹുസൈനു പിന്തുണ പ്രഖ്യാപിച്ചിട്ടുള്ളത്. ഇമാം ഹുസൈ ന്റെ ദൂതനായ മുസ്‌ലിം ബിൻ അഖീലിനു ആരൊക്കെയാണു ബൈഅത്തു ചെയ്തത്. അദ്ദേഹ ത്തിനു ആരാണു ഇപ്പോൾ അഭയം നൽകിയിരിക്കുന്നത് തുടങ്ങി എല്ലാകാര്യങ്ങളും പരിശോധിക്കാ നും വീടു വീടാന്തരം തെരച്ചിൽ നടത്താനും തുടങ്ങി. ബിൻ സിയാദിന്റെ ചാരന്മാർ നാടിന്റെ എല്ലാ ഭാഗത്തും തങ്ങളുടെ വലവിരിച്ചു കൊണ്ട് ബിൻ സിയാദിനു തൽസമയം വിവരം നൽകാൻ തുടങ്ങി. പലരും അറസ്റ്റിലായി. പലരും ചോദ്യം ചെയ്യലിൽ വധിക്കപ്പെട്ടു. അങ്ങനെ നാട്ടിൽ ഒരു ഭീകരാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. ജനങ്ങൾ ഭയ വിഹ്വലരായി കഴിയാൻ തുടങ്ങി. അതോടൊപ്പം ലോലമനസ്ക്കനായ കൂഫയുടെ മുൻ ഭരണാധികാരി യായിരുന്ന നുഅ്മാൻ ബിൻ ബശീറിനെ വീട്ടുതടങ്കലിലുമാക്കി. ആയിടയ്ക്കു ഒരു രഹസ്യവിവര ത്തിന്റെ അടിസ്ഥാനത്തിൽ ബസറ യിലും കൂഫയിലുമുള്ള കുറെ പ്രമുഖർക്കു ഇമാം ഹുസൈന്റെ ഭാഗത്തു നിന്നെന്നു പറയപ്പെടുന്ന കത്തുകളുമായി ഒരാൾ പിടിക്കപ്പെ ട്ടു. അതിൽ ആ നേതാക്കളോടു കൂഫയിൽ വന്നു ബൈഅത്തു ചെയ്യാൻ നിർദേശമുണ്ടെന്നും പറയുന്നു.

കാര്യങ്ങൾ അങ്ങനെയൊക്കെ സംഭവിക്കാൻ തുടങ്ങിയപ്പോൾ ബിൻ സിയാദ് ഉടനെ കൂഫയിലെ പ്രമുഖരുടേയും നേതാക്കളുടേയും ഒരു യോഗം വിളിച്ചു ചേർത്തു. അതിൽ ആ കത്തു കൊണ്ടു വന്നയാളെ എല്ലാവരുടേയും മുന്നിൽ പ്രദർശിപ്പിച്ചു കൊണ്ട് ഒരു ഗംഭീരപ്രസംഗം നടത്തി. നിങ്ങളിൽ പലരുടേയും പേരിൽ ഇമാം ഹുസൈന്റെ കത്തു വന്നിട്ടുണ്ടെ ന്നും അവരെ എല്ലാവരേയും തിരിച്ചറിഞ്ഞിട്ടുണ്ടെന്നും എന്നാൽ ആ കാര്യം ഞാൻ തൽക്കാലം ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്നുവെന്നും പറഞ്ഞു കൊണ്ട് യസീദിനോടുള്ള കൂറിൽ നിന്നു അണുകിട വ്യതിചലിക്കരു തെന്നും മേലിൽ അത്തരം ധിക്കാര ത്തിനും അനുസരണക്കേടിനു മുള്ള ശിക്ഷ സന്ദേശവാഹകനായ ഇവനു ലഭിക്കാൻ പോകുന്ന ശിക്ഷയായിരിക്കും ലഭിക്കുക എന്നും മുന്നറിയിപ്പു നൽകി. അതിനു ശേഷം കത്തു കൊണ്ടു വന്ന ആ പാവത്തെ മറ്റുള്ളവരുടെ മനസ്സിൽ ഭീതി ഉളവാക്കുവാനായി നിഷ്ഠൂരം പരസ്യമായി വധിച്ചു.

ഇതൊക്കെ തന്നെ ജനങ്ങളിൽ വലുതായ ഭീതി ഉളവാക്കി. ബിൻ സിയാദ് ജനങ്ങളെ ഭീഷണിപ്പെടു ത്തി പാട്ടിലാക്കാൻ ശ്രമിക്കുന്നതോ ടൊപ്പം ചില നേതാക്കളേയും സ്വാധീനശക്തികളേയും പണം നൽകി പ്രലോഭിപ്പിക്കാനും തുടങ്ങി യിരുന്നു. പല നേതാക്കൾക്കും ഭാരിച്ച സംഖ്യകൾ നൽകി അവരെ ഇമാം ഹുസൈനു നൽകുന്ന പിന്തുണ പിൻവലിക്കാൻ നിർബ ന്ധിച്ചു. അത്തരം ശ്രമങ്ങൾക്കും വീടു വീടാന്തരമുള്ള തെരച്ചിലിനു മൊടുവിൽ മുസ്‌ലിം ബിൻ അഖീ ലും അദ്ദേഹത്തിനു അഭയം നൽകി യ കൂഫയിലെ പ്രമുഖരിലൊരാ ളായ ഹാനി ബിൻ ഉറുവയും അറസ്റ്റു ചെയ്യപ്പെട്ടു. അതോടെ ജനങ്ങൾ ഇളകി. നാലായിരത്തോളം വരുന്ന ഇമാം ഹുസൈൻ അനുകൂ ലികൾ വാളുമായി ഗവർണറുടെ മന്ദിരത്തിലേയ്ക്കു മാർച്ചു നടത്തിയെങ്കിലും ഒരു ദിവസം കൊണ്ടു തന്നെ ഈ പ്രതിഷേധ വും പ്രക്ഷോഭവും ബിൻ സിയാദിന്റെ സൈന്യം അമർച്ച ചെയ്തു. അങ്ങനെ ഇമാം ഹുസൈ നെ കൂഫയിലേയ്ക്കു ക്ഷണിച്ചവർ, കൂഫ പച്ചളിപ്പുള്ളതാണെന്നും ഇവിടത്തെ കായ്കനികൾ പാക മായിരിക്കുന്നു എന്നും മറ്റും പാടിയവർ ആ കാര്യങ്ങൾ മെല്ലെ മെല്ലെ മറക്കാൻ തുടങ്ങി. അല്ലെങ്കിൽ ബിൻ സിയാദ് അവരുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങ ളും പണവും ഭീഷണിയും കൊണ്ട് മുഴുവനായി മാറ്റി എടുത്തു.

## മുസ്‌ലിം ബിൻ അഖീൽ വധിക്കപ്പെടുന്നു

മുസ്‌ലിം ബിൻ അഖീൽ കൂഫയെ കുറിച്ചും അവിടത്തെ ജനങ്ങളുടെ പ്രതികരണങ്ങളെ കുറിച്ചും ആദ്യം നൽകിയ വിവരങ്ങളല്ലാതെ ഇമാം ഹുസൈൻ മറ്റൊന്നും അറിഞ്ഞിരുന്നില്ല. അദ്ദേഹം പ്രക്ഷോഭമോ രക്തച്ചൊരി ച്ചിലോ ഒന്നും തന്നെ ഒരിക്കലും ഇഷ്ടപ്പെടുകയുമില്ല. അതിലൂടെയു ള്ള ഒരു സ്ഥാനവും അദ്ദേഹത്തിനു ആവശ്യമില്ലായിരുന്നു. യസീദിനെ പോലുള്ളവർ ഇസ്‌ലാമിന്റെ സുന്ദരമുഖം വികൃതമാക്കുന്നതു നോക്കി നിൽക്കാൻ സാധിക്കാ ത്തതു കൊണ്ടാണ് കൂഫക്കാരുടെ ക്ഷണമനുസരിച്ച് അദ്ദേഹം അവിടെ പോകാൻ സന്നദ്ധനായത്. എന്നാൽ മക്കയിലുള്ള പല പ്രധാനികളും ഇമാം ഹുസൈന്റെ ഈ തീരുമാന ത്തോടു വിയോജിപ്പാണു പ്രകടി പ്പിച്ചത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) അബ്ദുല്ലാഹ് ബിൻ സുബൈർ(റ) വേറൊരു പിതൃവ്യന്റെ മകൻ അബ്ദുല്ലാഹ് ബിൻ ജഅ്ഫർനെ പോലുള്ള ചില പ്രധാനികൾ ഇമാം ഹുസൈനോടു കൂഫയിലേയ്ക്കു പോകരുതെന്നു ഉപദേശിക്കുകയും ശക്തിയായി വിലക്കുകയും ചെയ്തു. എന്നാൽ ഇമാം ഹുസൈൻ തന്റെ തീരുമാന ത്തിൽ ഉറച്ചു നിൽക്കുന്നതു

കണ്ടപ്പോൾ അബ്ദുല്ലാഹ് ബിൻ അബ്ബാസ് പറഞ്ഞു അങ്ങനെയെങ്കിൽ താങ്കൾ തനിച്ചു പോയാൽ മതി. ഭാര്യാമക്കളേയും മറ്റു പരിവാരങ്ങളേയും കൂടെ കൊണ്ടു പോകരുത്. പക്ഷേ, എന്തോ ചില കാരണങ്ങളാൽ അദ്ദേഹം അതും ചെവി കൊണ്ടില്ല. ഇസ്തിഖാറ നമസ്ക്കരിച്ച ശേഷമാണ് അദ്ദേഹം എല്ലാ കാര്യങ്ങളും തീരുമാനിച്ചിരുന്നത് എന്നു പറയപ്പെടുന്നു.

ഹാനി ബിൻ ഉറുവയേയും മുസ്ലിം ബിൻ അഖീലിനേയും അറസ്റ്റിനു ശേഷം ഒരു സ്ഥലത്തു തന്നേയായിരുന്നു പാർപ്പിച്ചത്. അവിടെ വച്ചു ബിൻ സിയാദുമായി നേരിട്ടു പല തവണ ചർച്ച നടത്തിയെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. ഇനി നമ്മൾ രക്ഷപ്പെടുകയില്ലെന്നും വധിക്കപ്പെടുമെന്നും അവർക്കു ബോധ്യമായി. ഉടൻ തന്നെ മുസ്ലിം ബിൻ അഖീൽ ഒരു കത്തു തയ്യാറാക്കി ഇമാം ഹുസൈനു അയച്ചു. കൂഫക്കാർ നമ്മോടു വിശ്വാസ ലംഘനവും വഞ്ചനയും കാണിച്ചിരിക്കുന്നുവെന്നും നമ്മോടു ചെയ്ത വാഗ്ദാനങ്ങളും അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങളും എല്ലാം അവർ മറന്നിരിക്കുന്നുവെന്നും അതുകൊണ്ട് ഇനി കൂഫയിലേയ്ക്കു വരരുതെന്നുമായിരുന്നു സന്ദേശത്തിന്റെ ഉള്ളടക്കം. പിന്നീട് കുറച്ചു ദിവസങ്ങൾക്കു ശേഷം മുസ്ലിം ബിൻ അഖീലിനേയും ഹാനി ബിൻ ഉറുവയേയും അവരുടെ പല സഹായികളേയും ബിൻ സിയാദ് നിഷ്കരുണം ശഹീദാക്കി. അന്നു ദുൽഹജ്ജ് മൂന്നാം തീയതിയായിരുന്നു. ഇതൊന്നും ഇമാം ഹുസൈൻ അറിഞ്ഞതേയില്ല.

## ഇമാം ഹുസൈനും പരിവാരങ്ങളും കൂഫയിലേയ്ക്കു

ഇമാം ഹുസൈൻ ഈ കാര്യങ്ങളൊന്നുമറിയാതെ മനസ്സിൽ ശുഭപ്രതീക്ഷകളുമായി മക്കയിൽ നിന്നും ഭാര്യാമക്കളോടും അഹ്ലുൽ ബൈത്തിലെ അംഗങ്ങളോടും മറ്റു പരിവാരങ്ങളോടുമൊപ്പം കൂഫയിലേയ് ക്കു യാത്ര പുറപ്പെട്ടു. യാദൃച്ഛികമെന്നു പറയട്ടെ അതും ദുൽഹജ്ജ് മൂന്നാം തീയതിയായിരുന്നു. അതായതു മുസ്ലിം ബിൻ അഖീലിനെ ശഹീദാക്കിയ അതേ ദിവസം. അദ്ദേഹം അയച്ച രണ്ടാമത്തെ സന്ദേശം അതുവരെ ഇമാം ഹുസൈനു ലഭിച്ചിരുന്നില്ല. അതു കിട്ടാൻ ഏറെ വൈകി. എന്നിരുന്നാലും ഹദ്റത്ത് ഇമാം ഹുസൈൻ തന്റെ ദീർഘദൂര യാത്രയ്ക്കു പുറപ്പെടുന്നതിനു മുമ്പു മറ്റുള്ളവരോട് പറഞ്ഞ വാക്കുകളിൽ നിന്നും അദ്ദേഹത്തിന്റെ മനസ്സ് എന്തോ ചിലതൊക്കെ മനസ്സിലാക്കിയിട്ടുണ്ടെന്നു നമുക്കനുമാനിക്കാൻ സാധിക്കും. അദ്ദേഹം പറയുകയാണ്.

അല്ലാഹുവിന്റെ കൈയിലാണ് എല്ലാ കാര്യങ്ങളും ഇരിക്കുന്നത്. അവൻ ഇച്ഛിക്കുന്നതു ചെയ്യുന്നു. നമ്മുടെ നാഥൻ എല്ലാ ഓരോ നിമിഷവും വ്യത്യസ്ത നിലയിലുള്ള പ്രതാപത്തിൽ സ്വയം പ്രത്യക്ഷപ്പെടുന്നു. അല്ലാഹുവിന്റെ വിധി നമ്മുടെ ലക്ഷ്യപ്രാപ്തിക്കനുസൃതമാണെങ്കിൽ നമ്മൾ അല്ലാഹുവിനു നന്ദി പ്രകാശിപ്പിക്കും. ഇനി അവന്റെ വിധി നമ്മുടെ ലക്ഷ്യങ്ങൾക്കു വിഘ്നമായിട്ടാണു ഭവിക്കുന്നതെങ്കിൽ പോലും ഹൃദയത്തിൽ ദൈവഭയമുള്ളവനും സത്യത്തിന്റെ സഹായിയുമാണെങ്കിൽ അയാൾ അതിക്രമിയോ തെറ്റുകാരനോ ആയി ഒരിക്കലും ചിത്രീകരിക്കപ്പെടുകയില്ല.

തൊള്ളായിരം നാഴിക അകലെയുള്ള കൂഫ എത്തണമെങ്കിൽ ഒരുമാസമെങ്കിലും യാത്ര ചെയ്യണം. പല പല ഇടത്താവളങ്ങളിൽ തങ്ങിക്കൊണ്ടാണു സംഘം യാത്ര തുടർന്നത്. ഓരോ സ്ഥലത്തു നിന്നും യാത്ര തുടരുമ്പോൾ ആ പ്രദേശത്തുള്ള നല്ലവരും ഹദ്റത്ത് ഇമാം ഹുസൈനോടും അദ്ദേഹത്തിന്റെ വന്ദ്യപിതാവ് ഹദ്റത്ത് അലിയോടും അഹ്ലുൽ ബൈത്തിനോടും ഹൃദയത്തിൽ സ്നേഹവും ആദരവും സൂക്ഷിക്കുന്ന ഒന്നും രണ്ടും പേർ ചിലപ്പോൾ അതിലും കൂടുതൽ ഈ സംഘത്തോടൊപ്പം ചേർന്നിരുന്നു. അത്തരത്തിൽ കുറച്ചു ദിവസത്തെ യാത്രക്കൊടുവിൽ കസീമ എന്ന സ്ഥലത്തെത്തിയപ്പോൾ ഹദ്റത്ത് മുസ്ലിം ബിൻ അഖീലും മറ്റു ചില സഹായികളും വധിക്കപ്പെട്ടുവെന്ന അതീവ ദു:ഖകരമായ വാർത്ത സംഘത്തിനു ലഭിച്ചു. അതോടെ സംഘം കണ്ണീരിലാണ്ടു. ഇനി എന്തു ചെയ്യണം. മുന്നോട്ട് യാത്ര തുടരണമോ അതോ ഇവിടെ നിന്നു മടക്കയാത്ര ആരംഭിക്കേണമോ എന്നു ആലോചിക്കാൻ തുടങ്ങി. മുസ്ലിം ബിൻ അഖീലിന്റെ സഹോദരന്മാർ കൂഫക്കാരോടു പകരം ചോദിക്കണമെന്നും ആ ഉദ്യമത്തിൽ തങ്ങളും കൊല്ലപ്പെടുകയാണെങ്കിൽ സാരമില്ലെന്നും അതുകൊണ്ട് യാത്ര തുടരണമെന്നും ശക്തിയായി ആവശ്യപ്പെട്ടു. അങ്ങനെ സംഘം വീണ്ടും യാത്ര തുടർന്നു.

യാത്ര വളരെ ക്ലേശകരമായിരുന്നു. സാധാരണപോലെ കുതിരയും ഒട്ടകങ്ങളുമായിരുന്നു സവാരി മൃഗങ്ങൾ. രാത്രി താമസിക്കാനുള്ള ടെന്റുകളും ഭക്ഷണ സാധനങ്ങളും മറ്റു അത്യാവശ്യവസ്തുക്കളുമായാണു യാത്ര. സംഘത്തിൽ സ്ത്രീകളും കുട്ടികളും ഉണ്ട്. വേനൽ കാലമായതിനാൽ കാലാവസ്ഥ നല്ല ചൂടാണ്. ഒരു ദിവസം രാത്രി 'സഅലബിയ' എന്ന സ്ഥലത്തെത്തിപ്പോൾ അവിടെ വച്ചു കൂഫയിൽ നിന്നു മടങ്ങുകയായിരുന്ന അബ്ദുല്ലാഹ് ബിൻ സുലൈമാൻ, മുൻസിർ ബിൻ ശംഅൽ എന്നീ രണ്ടുപ്രധാനികളെ കണ്ടുമുട്ടി. അവർ ഇമാം ഹുസൈനോട് പറഞ്ഞു കൂഫയുടെ സ്ഥിതിഗതികൾ വളരെ അപകടകരമായ നിലയിലാണുള്ളത്. അതുകൊണ്ട് താങ്കൾ അവിടെ പോകുന്നതു ഉചിതമല്ല. എന്നാൽ ഇമാം ഹുസൈനും സംഘവും യാത്ര തുടർന്നുകൊണ്ടിരുന്നു. പിന്നീട്

സംഘം എത്തിയത് 'ബത്വാൻ അഖബ' എന്ന സ്ഥലത്തായിരുന്നു. അവിടെ വച്ചു വലിയുല്ലാഹ്നെ പോലുള്ള ഒരു ഭക്തനെ കണ്ടു മുട്ടി. അദ്ദേഹത്തിനു ഇമാം ഹുസൈനെ നന്നായി പരിചയമുണ്ടായിരുന്നു. കൂഫയിലേക്കാണു പോകുന്നതെന്നറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു അല്ലയോ റസൂലുല്ലാഹ്ന്റെ മകനെ, താങ്കൾ കൂഫയിലേയ്ക്കു ഒരിക്കലും പോകരുത്. അവിടെ താങ്കൾ ഒരിക്കലും സുരക്ഷിതരായിരിക്കുകയില്ല.

സംഘം വീണ്ടും ദിവസങ്ങൾ യാത്ര തുടർന്നു. ഹാജിർ എന്നു പേരുള്ള ഒരു പ്രദേശത്തെത്തി. അവിടെ വച്ചു അബ്ദുല്ലാഹ് ബിൻ മുത്വീഅ് എന്നു പേരുള്ള ഒരു പ്രധാനിയെ കണ്ടു മുട്ടി അദ്ദേഹവും ഇമാം ഹുസൈനെ അറിയുന്ന ആളായിരുന്നു. അദ്ദേഹം വളരെ ആശ്ചര്യത്തോടെ ഇമാം ഹുസൈനോടു ചോദിച്ചു താങ്കൾ ഇവിടെ എങ്ങനെ എത്തി. എവിടെയ്ക്കാണു പോകുന്നത്. കൂഫയിലേക്കാണെന്നു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കളെ വിലക്കുന്നു. താങ്കൾ അവിടെ പോകരുത് അത്രമാത്രം അവിടത്തെ അവസ്ഥയും സാഹചര്യങ്ങളും വഷളായിട്ടാണുള്ളത്.

ഹദ്റത്ത് ഇമാം ഹുസൈനെ കൂഫയിലേയ്ക്കു പോകുന്നതിൽ നിന്നും മക്കയിൽ വച്ചും ഇപ്പോൾ വഴിയിൽ വച്ചും പലരും നിരുത്സാഹപ്പെടുത്തിയെങ്കിലും അദ്ദേഹം ആ ഉപദേശങ്ങളും നിർദേശങ്ങളും ഒന്നും തന്നെ സ്വീകരിച്ചില്ല. അതിന്റെ ഒരു പ്രധാന കാരണം തന്റെ ദൂതനായ മുസ്‌ലിം ബിൻ അഖീൽ മുഖേന കൂഫ ചെല്ലാമെന്നും അവിടെ ജനങ്ങളിൽ നിന്നു ബൈഅത്തുകൾ സ്വീകരിക്കാമെന്നും കൂഫക്കാരുമായി ഉണ്ടാക്കിയ ധാരണയാണെന്നു പറയപ്പെടുന്നു. കൂഫക്കാർ ആ ധാരണയിൽ നിന്നും പിറകോട്ടുപോയെങ്കിലും ഇമാം ഹുസൈനു അതുപോലെ പെട്ടെന്നു തീരുമാനം മാറ്റാൻ സാധിച്ചില്ല. ഹദ്റത്ത് ഇമാം ഹുസൈൻ മക്കയിൽ നിന്നു കൂഫയിലേയ്ക്കു പുറപ്പെട്ട വിവരം താമസിയാതെ തന്നെ ബിൻ സിയാദിനു ലഭിച്ചിരുന്നു. ഇമാം ഹുസൈൻ വലിയൊരു സൈന്യവുമായിട്ടായിരിക്കും കൂഫയിലേയ്ക്കു വരിക എന്ന മുൻധാരണയിൽ ആണെന്നു തോന്നുന്നു ഹദ്റത്ത് ഇമാം ഹുസൈനെ വഴിയിൽ തടയുന്നതിനോ അറസ്റ്റ് ചെയ്യുന്നതിനോ വേണ്ടി ബിൻ സിയാദ് സൈന്യത്തെ ഒരുക്കി നിർത്തിയിരുന്നു.

ഇമാം ഹുസൈനും സംഘവും വീണ്ടും കുറേകൂടി മുന്നോട്ടു എത്തിയപ്പോൾ കൂഫയിൽ മറ്റു ചിലരും ശഹീദാക്കപ്പെട്ടതായ വാർത്ത കിട്ടി. അപ്പോൾ ഇമാം ഹുസൈൻ കാര്യങ്ങളുടെ ഗൗരവം കണക്കിലെടുത്തു എല്ലാവരേയും ഒരുമിച്ചു കൂട്ടി ഒരു പ്രസംഗം നടത്തി. കൂഫക്കാരെ സൂചിപ്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു നമ്മോടു സ്നേഹവും കൂറും പുലർത്തുമെന്നു പറഞ്ഞവർ എല്ലാവരുംതന്നെ തങ്ങളുടെ വാഗ്ദാനങ്ങൾ മറക്കുകയും നമ്മെ ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. ഇനി കൂഫയെത്തിയാൽ നമ്മുടെ അവസ്ഥ എന്തായിരിക്കുമെന്നു നമുക്കറിയില്ല. അതുകൊണ്ട് നിങ്ങളിൽ ആരെങ്കിലും തിരിച്ചു പോകണമെന്നു വിചാരിക്കുന്നുവെങ്കിൽ അവർക്കു തിരിച്ചു പോകാം. ആരും തന്നെ കുറ്റം പറയുകയില്ല. അപ്പോൾ വഴിയിൽ നിന്നും ഇമാം ഹുസൈനോടൊപ്പം ചേർന്നവർ ഏറെക്കുറെ എല്ലാവരും തന്നെ തിരിച്ചു പോകാൻ ഒരുങ്ങി. പിന്നീട് മക്കയിൽ നിന്നും പുറപ്പെടുമ്പോൾ ഉണ്ടായിരുന്ന എഴുപത് എഴുപത്തഞ്ചു പേർ മാത്രമായിരുന്നു ബാക്കിയായത്.

ഹാജിറിൽ നിന്നു വീണ്ടും യാത്ര തിരിച്ചു. വൈകുന്നേരത്തോടെ ഇശ്റാഫ് എന്ന സ്ഥലത്തെത്തി. അവിടെ രാത്രി കഴിച്ചു കൂട്ടി. പിറ്റെ ദിവസം രാവിലെ തന്നെ തോൽ സഞ്ചികളിലെല്ലാം വെള്ളം നിറച്ചു യാത്ര പുറപ്പെട്ടു. ഉച്ചയോടെ സീ ഹശ്മ (Zee Hashma) എന്നു പേരുള്ള ഒരു മലയുടെ മറവിൽ ദൂരെ നിന്നു ഒരു സൈന്യം ഇമാം ഹുസൈനും സംഘത്തിനും നേരെ വരുന്നതായി കണ്ടു. ബിൻ സിയാദിന്റെ സേനാപതി ഹുർ ബിൻ യസീദ് റിബാഹി (Hur bin Yazeed Ribaahi) നയിക്കുന്ന ആയിരം പേരടങ്ങുന്ന ഒരു സൈന്യമായിരുന്നു അത്. ഹുർ ആദ്യം ഇമാം ഹുസൈന്റെ സംഘത്തെ വളഞ്ഞു. എന്നിട്ടു പറഞ്ഞു ബിൻ സിയാദിന്റെ കൽപന പ്രകാരം നിങ്ങളെ അറസ്റ്റു ചെയ്തു അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടു പോകാനാണു ഞാൻ വന്നിരിക്കുന്നത്.

ഇമാം ഹുസൈൻ, ഹുർ ബിൻ യസീദിനോടും സൈന്യത്തോടുമായി പറഞ്ഞു നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും അവകാശികളുടെ അവകാശം അവർക്കു നൽകുകയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ പക്കൽ അതൊരു പുണ്യകർമമായിരിക്കും. നിങ്ങൾ നിങ്ങളുടെ കത്തിൽ ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ചാണു ഞാൻ വന്നിരിക്കുന്നത്. നിങ്ങളുടെ ആഗ്രഹങ്ങളും അഭിപ്രായങ്ങളും മാറിപ്പോയിട്ടുണ്ടെങ്കിൽ ഞാൻ തിരിച്ചു പോയിക്കൊള്ളാം. ഹുർ ചോദിച്ചു ഏതു കത്ത്? എന്തു കത്ത്? അപ്പോൾ ഇമാം ഹുസൈൻ മക്കയിൽ നിന്നും പുറപ്പെടാൻ നേരം കൂടെ കരുതിയിരുന്ന വലിയ രണ്ടു സഞ്ചി നിറയെ കൂഫക്കാരുടെ കത്തുകൾ അദ്ദേഹത്തിന്റെ മുന്നിൽ ചൊരിഞ്ഞു. ഇതു കണ്ടപ്പോൾ ഹുർ പറഞ്ഞു ഈ കത്തുകളുമായി ഞങ്ങൾക്കു യാതൊരു ബന്ധവുമില്ല. ഈ കത്തെഴുതിയവർ ഞങ്ങളല്ല. എഴുതിയവരെ അറിയുകയുമില്ല നിങ്ങളെ എവിടെ വച്ചു കണ്ടാലും അറസ്റ്റു ചെയ്തു ബിൻ സിയാദിന്റെ അടുക്കൽ കൊണ്ടു പോകണമെന്നാണ് എനിക്കുള്ള

ശേഷം പേജ് 43 ൽ

# നിരക്ഷരനായ പ്രവാചകൻ

റസൂൽ തിരുമേനി (സ) ഉമ്മി(നിരക്ഷരൻ) ആയിരുന്നു എന്ന് വിശുദ്ധ ഖുർആൻ ഊന്നി പറയുന്നു. ആ മഹാത്മാവിന്ന് ലഭിച്ച ജ്ഞാനം മുഴുവനും ശുദ്ധ വെളിപാടുകളിൽ നിന്നായിരുന്നു. ഗ്രന്ഥപരായണ ത്തിൽ നിന്നല്ല. ഉമ്മി എന്നതിന്ന് ഉമ്മയുമായി മാത്രം ബന്ധപ്പെട്ടത് അഥവാ നവജാത ശിശുവിനെ പോലെ അന്യങ്ങളിൽ നിന്ന് പരിശുദ്ധൻ എന്ന ദ്വിതീയാർത്ഥവുമുണ്ട്.

മുഹമ്മദ് ഉമർ എച്ച് എ

പ്രവാചക ശ്രേഷ്ഠനും മനുഷ്യകുലത്തിന്റെ ആത്മീയ മാർഗ ദർശകനും ലോകാനുഗ്രഹി യുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ തിരുമേനി(സ) സൃഷ്ടി ച്ച മഹാപരി വർത്തനങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിച്ചതാണ്. ചരിത്രത്തിൽ അതുല്യമായ വ്യക്തി മുദ്ര പതിപ്പിച്ച റസൂൽ നിരക്ഷരനാ യിരുന്നു അഥവാ ഉമ്മി ആയിരുന്നു. മനുഷ്യ സമൂഹത്തിന്റെ സമസ്ത മേഖലയിലും സമൂല വിപ്ലവം വരുത്തുകയും സ്വാധീനിക്കുകയും ചെയ്ത റസൂൽ തിരുമേനി(സ) യുടെ ജ്ഞാന സ്റോതസ്സ് ശുദ്ധ മായ വെളിപാടുകൾ മാത്രമായിരു ന്നു. കലർപ്പില്ലാത്ത ഈ ദൈവിക സ്റോതസ്സു മാത്രമായിരുന്നു റസൂൽ(സ) തിരുമേനിയുടെ ജ്ഞാനത്തിന്റെ ഉറവിടം

അഹ്മദിയ്യാ മുസ്‌ലിം ജമാ അത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് **'ഉമ്മി'** എന്നതിന്റെ അർഥം ഉമ്മയുമായി അഥവാ മാതാവുമായി അഭേദ്യമായി ബന്ധപെട്ടത് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് നവജാത ശിശുവിനെ പോലെ പരിശുദ്ധൻ. റസൂൽ തിരുമേനി (സ) മാനുഷിക മായ മറ്റു ഉറവിടങ്ങളിൽ നിന്നൊ ന്നും തന്നെ ജ്ഞാനം സ്വീകരിച്ചി ട്ടില്ല. അദ്ദേഹത്തിന് ലഭ്യമായതെല്ലാം ദൈവത്തിൽ നിന്നുള്ളതാണ്. ഇസ്‌ലാം മതത്തിന്റെ ദൈവികതയെ സംബന്ധിച്ച് ഈ സ്വഛതയാണ് ഉമ്മിയിൻ ആയ പ്രവാചകൻ എന്ന വിശേഷണത്തിൽ നിറഞ്ഞു നിൽ ക്കുന്നധ്വനി. മറ്റു പ്രവാചകന്മാരെ ക്കുറിച്ച് ഊന്നി പറയാത്ത ഒരു ഗുണം റസൂൽ തിരുമേനി (സ) യെ സംബന്ധിച്ച് ഊന്നിപ്പറയാനുള്ള ഒരു കാരണം ഇതാണ്.

ലോകത്തിന് ശാശ്വതമായ ആത്മീയ ജ്ഞാനത്തിന്റെ ഭണ്ഡാര മായ വിശുദ്ധ ഖുർആൻ നൽകി അനുഗ്രഹിച്ച ആ പുണ്യാത്മാവ് എഴുതാനും വായിക്കാനും അറിയാ ത്ത ഒരു ഉമ്മിയായിരുന്നുവെന്ന് തിരുമേനി(സ)ക്ക് മാത്രം സ്വന്ത മായുള്ള ഒരു ആത്മീയ മഹൽ പ്രതിഭാസമാണ്. മറ്റൊരു പ്രവാചക നേയും വിശുദ്ധ ഖുർആനോ വേറെയേതെങ്കിലും ഒരു വേദഗ്രന്ഥ മോ ഉമ്മി എന്ന് വിശേഷിഷിപ്പി ച്ചിട്ടില്ല.

വിശുദ്ധ ഖുർആൻ തിരു നബി(സ)യെ ഉമ്മിയെന്നും അദ്ദേഹ ത്തിന്റെ സമുദായത്തെ ഉമ്മിയീൻ എന്നും വിശേഷിപ്പിക്കുകയുണ്ടാ യി.

ഹദ്റത്ത് റസൂൽ കരിം (സ) നെ കുറിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു:

***'നിരക്ഷര പ്രവാചകനായ ഈ ദൂതനെ (അതായത് മുഹമ്മദ് നബി(സ)യെ പിൻപറ്റുന്നവരാണ വർ. അദ്ദേഹത്തെ സംബന്ധിച്ച് അവരുടെ അടുക്കലുള്ള തൗറാത്തി ലും ഇഞ്ചീലിലിലും രേഖപ്പെടുത്തി യതായി അവർ കണ്ടെത്തുന്നു.'*** (7:158) ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയെ കുറിച്ച് അല്ലാഹു ഇപ്രകാരം അരുൾ ചെയ്തു.

യഹൂദി നസാറാക്കളുടെ വേദ ഗ്രന്ഥമായ തൗറാത്തിലും ഇഞ്ചീലിലും നിരക്ഷരനായ ഒരു പ്രവാചകനെപ്പറ്റി അതായത് മുഹമ്മ ദ് നബി(സ)യെ പറ്റി എഴുപ്പെട്ടിരി ക്കുന്നു. മറ്റൊരു പ്രവാചകനും ഈ സവി ശേഷതയുള്ളതായി ഒരു ഗ്രന്ഥവും പ്രതിപാദിക്കുന്നില്ല.

തുടർന്ന് അല്ലാഹു പറയുന്നു:

***നീ പറയുക. അല്ലയോ ജനങ്ങളെ നിശ്ചയമായും ഞാൻ നിങ്ങൾക്കെല്ലാവർക്കുമുള്ള ദൂതനാകുന്നു. ആകാശങ്ങളുടെ യും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ മറ്റൊരാരാധകനുമില്ല തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പി ക്കുകയും ചെയ്യുന്നു. അതുകൊ ണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. (അല്ലാഹുവിലും അവന്റെ വചനത്തിലും വിശ്വസി ക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കു ക) നിങ്ങൾ നേർമാർഗം പ്രാപിക്കു ന്നതിനായി അദ്ദേഹത്തെ പിന്തുടരു കയും ചെയ്യുക. (7:159)***

ഇവിടെ സർവ ജനങ്ങൾ ക്കും സ്ഥലകാലാദികൾക്കും

അതീതമായ മാർഗ ദർശനത്തോടു കൂടി അവതീർണ്ണനായ ഹദ്റത്ത് മുഹമ്മദ് നബി (സ) യെ ഒരു ഉമ്മി യായി നിരക്ഷരനായിട്ടാണ് വിശേഷിപ്പിപ്പിച്ചിരിക്കുന്നത്.

ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ പ്രഥമ അഭിസംബോധകരായ അറബികളെ കുറിച്ച് അവർ നിരക്ഷരരായിരുന്നു വെന്ന് സൂചിപ്പിച്ച്കൊണ്ട് അല്ലാഹു പറയുന്നു:

***ഗ്രന്ഥം നൽകപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങൾ (അല്ലാഹുവിന് സ്വയം) അർപ്പണം ചെയ്യുന്നുണ്ടോ എന്ന് ചോദിക്കുക. അങ്ങനെ അവർ അർപ്പണം ചെയ്യുന്നുവെങ്കിൽ അവർ നേർ മാർഗം പ്രാപിച്ചവരായി തീരുന്നു. ഇനി അവർ പിന്തിരിഞ്ഞു കളയുമെങ്കിൽ (സന്ദേശം) എത്തിക്കുക എന്നത് മാത്രമാണ് നിനക്കുള്ള ബാദ്ധ്യത. അല്ലാഹു ദാസന്മാരുടെ സ്ഥിതി ഗതികൾ നന്നായി അറിയുന്നവനാണ്. (3:21)***

ഇവിടെ അല്ലാഹു യഹൂദി നസാറാക്കളായ ഗ്രന്ഥാനുസാരികൾക്കും അവരിൽ പെടാത്ത നിരക്ഷരരായ അറബികൾക്കും ഇസ്‌ലാം മതം ആശ്ലേഷിക്കുവാനുള്ള സന്ദേശം എത്തിക്കണമെന്ന് ഹദ്റത്ത് റസൂൽ തിരുമേനി (സ) യോട് ആജ്ഞാപിക്കുന്നു. മറ്റൊരിടത്ത് അരുൾ ചെയ്യുന്നു: അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെയാണ് എഴുന്നേൽപ്പിച്ചിട്ടുള്ളത്. (62:3)

ഇവിടെ അറബി ജനത പൊതുവിൽ അക്ഷരജ്ഞാനമില്ലാത്തവരാണെന്നും ഹദ്റത്ത് നബി കരീം(സ) അവരിൽപ്പെട്ട ഒരാളാണെന്നും വിശേഷിപ്പിക്കുന്നു.

ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ പ്രവചനമനുസരിച്ച് **'ഹകമൻ അദ്ലൻ'** ആയി അവതരിച്ച ഹദ്റത്ത് മസീഹ് (അ) തന്റെ ഗ്രന്ഥങ്ങളിൽ ഹദ്റത്ത് റസൂൽ തിരുമേനി (സ) ഒരു നിരക്ഷരനായിരുന്നുവെന്ന് സമർഥിച്ചു കൊണ്ട് ആത്മീയ ജ്ഞാനങ്ങളുടെ ഒരു ഭണ്ഡാരവും ശാശ്വത മാർഗദർശന ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ലോകത്തിന് പ്രദാനം ചെയ്തത് ആ പുണ്യാത്മന്റെ സത്യത്തിന് സാക്ഷ്യമാണെന്നം പ്രതിപാദിക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഇവിടെ ഒരു അത്ഭുതകരമായ കാര്യം, തീരെ എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിക്കാണ് ആ ദിവ്യജ്ഞാനങ്ങളും മഅ്രിഫത്തുകളും നൽകപ്പെട്ടതെന്നാണ്. അദ്ദേഹം തന്റെ ആയുസ്സിൽ ഒരു വിദ്യാലയത്തിന്റെയും ഉമ്മറപ്പടി കാണുകയോ ഏതെങ്കിലും ഒരു പുസ്തകത്തിന്റെ രണ്ടക്ഷരമെങ്കിലും വായിക്കുകയോ അദ്ദേഹത്തിന് ഏതെങ്കിലും ഒരു പണ്ഡിതന്റെയോ തത്വജ്ഞാനിയുടെയോ സഹവാസം ലഭിക്കുകയോ ചെയ്തിട്ടില്ല. തന്റെ ജീവിതകാലം മുഴുവനും വിദ്യാവിഹീനനായ കാട്ടറബികളിൽ കഴിച്ചു കൂട്ടുകയും അവരിൽ തന്നെ വളർന്ന് വരികയും ചെയ്തു. ആ കാട്ടറബികളിൽ നിന്ന് ജന്മമെടുക്കുകയും അവരോടൊപ്പം തന്നെ സമ്പർക്കം സ്ഥാപിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് നബി കരിം (സ) ഒരു ഉമ്മിയും അക്ഷരജ്ഞാനമില്ലാത്തയാളും ആണെന്ന യഥാർഥ്യം ഇസ്‌ലാംമത ചരിത്രകാരനെ സംബന്ധിച്ചിടത്തോളം അവിതർക്കിതമാമായ കാര്യമാണ്.

ഹദ്റത്ത് നബി കരിം (സ) അക്ഷരജ്ഞാനമില്ലാത്തയാളായിരുന്നു എന്ന് സ്ഥാപിക്കുന്നതിനായി ഹ: മസീഹ് മഊദ് (അ) വിശുദ്ധ ഖുർആനിലെ താഴെപ്പറയുന്ന ആയത്തുകൾ ഉദ്ദരിക്കുകയുണ്ടായി.

1. ആ ദൈവം തന്നെയാണ് അക്ഷരജ്ഞാനമില്ലാത്തവരിൽ നിന്ന് തന്നെയുള്ള ഒരു പ്രവാചകനെ അയച്ചത്. അദ്ദേഹം അവർക്ക് അവന്റെ ആയത്തുകൾ ഓതികേൾപ്പിക്കുകയും അവരെ പരിശുദ്ധരാക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു; ഇതിന് മുമ്പ് അവർ വ്യക്തമായ വഴികേടിലായിരുന്നു. (62:3)

2. ഞാൻ ഇഛിക്കുന്നവർക്ക് എന്റെ ശിക്ഷ എത്തിക്കുന്നു. എന്റെ കാരുണ്യം ഓരോ വസ്തുവിനേയും വലയം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് സൂക്ഷ്മത കൈകൊള്ളുകയും സക്കാത്തു കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് (കാരുണ്യം) ഞാൻ എഴുതി വെക്കുന്നതാണ്. നമ്മുടെ പരിപൂർണമായ ശക്തി പ്രതാപത്തിന്റെ രണ്ടു അടയാളങ്ങൾ പൂർത്തിയായിരിക്കുന്ന പ്രവാചകനിൽ വിശ്വസിക്കുന്നവരാണവർ. ഒന്നു ബാഹ്യമായ ഒരു അടയാളമായ തൗറാത്തിലും ഇഞ്ചീലിലും ഉള്ള ആ പ്രവാചകനെപ്പറ്റിയുള്ള മുന്നറിയിപ്പുകളാണ് അവന് തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടതായിട്ട് അവർ കാണുന്നത്. രണ്ടാമത്തെ അടയാളം ആ നബിയുടെ വ്യക്തി പ്രഭാവമാണ്. അദ്ദേഹം അക്ഷരജ്ഞാനമില്ലാത്തവനും എഴുതാനും വായിക്കാനും അറിയാത്തവനും ആയിരുന്നിട്ടും പരിപൂർണമായതും തികവുറ്റതുമായ ഹിദായത്ത് കൊണ്ട്വന്ന് ലോകത്ത് അവശേഷിച്ചിട്ടില്ലാത്തതും ബുദ്ധിയും ശരീഅത്തും സാക്ഷീകരിക്കുന്നതും ആയ സദാചാരങ്ങൾ ജനങ്ങളുടെ മാർഗദർശനത്തിനായി അദ്ദേഹം പ്രതിപാദിക്കുന്നു. അതനുഷ്ഠിക്കുവാനുള്ള കൽപ്പന പുറപ്പെടുവിക്കുകയും ഏതൊരു സത്യത്തെ ബുദ്ധിയും ശരീഅത്തും നിഷേധിക്കുന്നുവോ അതിനെ വിലക്കുകയും പരിശുദ്ധ വസ്തുക്കൾ അവർക്കദ്ദേഹം അനുവദിക്കുകയും ചെയ്യുകയും തിയ്യവസ്തുക്കളെ നിഷിദ്ധമാക്കുകയും ക്രിസ്ത്യാനികളുടെയും യഹൂദികളുടേയും മേൽ ഉണ്ടായിരുന്ന കനമേറിയ ഭാരങ്ങളിൽ നിന്നും കുരുക്കുകളിൽ നിന്നും അവർക്ക് മോചനം നൽകുകയും ചെയ്യുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തിന് ശക്തി പകർന്ന് കൊടുക്കുകയും അദ്ദേഹ

ത്തെ സഹായിക്കുകയും അദ്ദേഹ ത്തോടൊപ്പം ഇറക്കപ്പെട്ട പ്രകാശ ത്തെ പരിപൂർണമായും പിൻപറ്റുക യും ചെയ്യുന്നവരാണ് മോക്ഷം പ്രാപിച്ചവർ. നീ ജനങ്ങളോട് പറയുക ഞാൻ അല്ലാഹുവിന്റെ ഭാഗത്ത് നിന്നും നിങ്ങൾക്ക് ഏവർക്കുമായി നിയുക്തനാക്ക പ്പെട്ടിരിക്കുന്നു. ആ ദൈവം മറ്റാരു ടെയും പങ്കില്ലാത്ത ആകാശഭൂമി കളുടെ യജമാനനാകുന്നു. അവ നെ കൂടാതെ ആരാധ്യനായിട്ട് മറ്റാരും തന്നെയില്ല. അവൻ ജീവിപ്പി ക്കുകയും മരിപ്പിക്കുകയും ചെയ്യു ന്നു. അതുകൊണ്ട് നിങ്ങൾ അല്ലാ ഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചക നായ അവന്റെ ദൂതനിലും വിശ്വസി ക്കുക. നിങ്ങൾ നേർമാർഗം പ്രാപി ക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക.(7:158,159)

3. ഇതേ പ്രകാരം നാം നമ്മുടെ കൽപന അനുസരിച്ച് നിന്നിലേക്ക് ഒരാത്മാവിനെ ഇറക്കി ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാ സമെന്താണെന്നോ നീ അറിഞ്ഞിരു ന്നില്ല. എന്നാൽ നാം ഇതിനെ ഒരു പ്രകാശമാക്കി. അത് മുഖേന നാം നമ്മുടെ ദാസന്മാരിൽ നിന്നും നാം ഇഛിക്കുന്നവരെ വഴി നടത്തുന്നു. തീർച്ചയായും നീ നേരായ മാർഗ ത്തിലേക്കു ഹിദായത്ത് നൽകുന്നു. (42:53)

4. ഇതിന് മുമ്പ് നീ ഒരു ഗ്രന്ഥം വായിക്കുയോ വലം കൈ കൊണ്ട് എഴുതുകയോ ചെയ്തിട്ടു ണ്ടായിരുന്നില്ല. എങ്കിൽ അസത്യ വാദികൾക്ക് സംശയിക്കാനുള്ള വഴിയുണ്ടായേനെ. പക്ഷേ അത് (ഖുർആൻ) ജ്ഞാനം നൽകപ്പെട്ട വരുടെ കൈയ്യിൽ സ്ഥിതി ചെയ്യു ന്ന വ്യക്തമായ ദൃഷ്ടാന്തമാകുന്നു. അധർമ്മികൾ മാത്രമാണ് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിരാകരിക്കുന്ന വർ. (29:49,50)

പ്രസ്തുത എല്ലാ തിരുവചന ങ്ങളിൽ നിന്നും ഹദ്റത്ത് മുഹമ്മദ് മുസ്തഫ തിരുമേനി (സ) എല്ലാ അർഥത്തിലും ഒരു ഉമ്മി ആയി രുന്നുവെന്ന് പരിപൂർണമായും വ്യക്തമായ നിലയിലും സ്ഥാപിത മായതാണ്. കാരണം ഹദ്റത്ത് നബി കരീം (സ) വാസ്തവത്തിൽ ഉമ്മിയും അക്ഷരജ്ഞാനമില്ലാത്ത ദേഹവും ആയിരുന്നില്ലെങ്കിൽ അദ്ദേഹം ഒരു ഉമ്മി ആണെന്ന വാദത്തെ വ്യാജപ്പെടുത്തുവാൻ ധാരാളം പേർ ഉടലെടുക്കുമായി രുന്നുവെന്നത് പ്രത്യക്ഷമായ കാര്യ മാണ്. കാരണം അദ്ദേഹത്തിന്റെ സ്ഥിതിഗതികളും സംഭവങ്ങളും അറിയാത്തൊരു നാട്ടിൽ വെച്ചായി രുന്നില്ല താൻ ഒരു ഉമ്മീ ആണെന്ന് അദ്ദേഹം വാദിച്ചത്. മറിച്ച് ആ ജനതക്കിടയിൽ തന്നെയായിരുന്നു നബി കരീം(സ) തന്റെ ബാല്യകാല വും യൗവന കാലവും കഴിച്ചു കൂട്ടിയിരുന്നത്. അതുകൊണ്ട് തിരുമേനി (സ) യഥാർഥത്തിൽ ഉമ്മി യായിരുന്നില്ലെങ്കിൽ നബി (സ) തിരുമേനി യുടെ ഒരവസ്ഥ യും ഗോപ്യമാകാതെ അറിഞ്ഞി രുന്നവരും അദ്ദേഹത്തിന്റെ ഏതെ ങ്കിലും തെറ്റു കണ്ടുപിടിച്ചു പരസ്യമാക്കുവാൻ തക്കം പാർത്തി രിക്കുന്നവരുമായ ജനങ്ങളുടെ മുമ്പാകെ താൻ ഉമ്മിയാണെന്ന് വാദിച്ചിരുന്നു വെങ്കിൽ അവർ അത് വിളംബരപ്പെടുത്തുമായിരുന്നു. (റൂഹാനി ഖസായിൻ വാ: 1 പേജ് 562 572)

ഹദ്റത്ത് നബി (സ) ഒരു ഉമ്മിയാണെന്നും വിശുദ്ധ ഖുർആൻ അദ്ദേഹത്തിന്ന് വഹ്യ് മുഖേന ഇറങ്ങിയ വേദ ഗ്രന്ഥമായിരുന്നു വെന്നും തെളിയിക്കുവാൻ ഹദ്റ ത്ത് വാഗ്ദത്ത മസീഹ് (അ) തുടർന്ന് വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം ഉദ്ധരിക്കുന്നു.

നാമുമായി കണ്ടുമുട്ടുന്നതി നെ പ്രതീക്ഷിക്കാത്തവർ അതായത് നാമുമായി ബന്ധം വിഛേദിച്ചിരിക്കു ന്നവർ പറയുന്നു. ഈ ഖുർആനല്ലാ തെ മറ്റൊരു ഖുർആൻ നീകൊണ്ടു വരിക. അല്ലെങ്കിൽ ഇതിലെ അദ്ധ്യാ പനങ്ങൾക്ക് പകരമായി ഭേദഗതി ചെയ്ത മറ്റു അദ്ധ്യാപനങ്ങൾ കൊണ്ടു വരിക. അവരോട് നീ മറുപടി പറയുക. ദൈവവചന ത്തിൽ സ്വന്തം നിലയിൽ ഭേദഗതി ചെയുവാനുള്ള ശക്തി എനിക്കില്ല. എനിക്ക് വഹ്യ് നൽകപ്പെട്ടതിനെ ഞാൻ പിന്തുടരുക മാത്രമാണ് ചെയ്യുന്നത്. എന്റെ നാഥന്റെ കൽപ്പന ഞാൻ ധിക്കരിക്കുകയാ ണെങ്കിൽ ഭയങ്കരമായ നാളിന്റെ ശിക്ഷ ഞാൻ ഭയപ്പെടുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങൾക്ക് ഈ വചനം കേൾപ്പിക്കു കയോ നിങ്ങളെ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല. ഇതിന് മുമ്പ് ഇത്ര വയസ്സുവരെ അതായത് 40 വർഷക്കാലം ഞാൻ നിങ്ങളിൽ ജീവിച്ചിരുന്നില്ലേ നിങ്ങൾ ചിന്തിക്കു ന്നില്ലേ? അതായത് കറ്റുകെട്ടി പറയുക എന്റെ പണിയല്ലെന്നും കള്ളം പറയുക എന്ന സ്വഭാവം എനിക്കില്ലെന്നും നിങ്ങൾക്ക് നന്നായിട്ടറിയാമായിരുന്നില്ലേ? തുടർന്ന് പറയുന്നു: അല്ലാഹു വിന്റെ പേരിൽ കറ്റു കെട്ടി പറയുന്നവനേ ക്കാൾ, ദൈവ വചനത്തെ പറ്റി അത് മനുഷ്യ വചനമാണെന്ന് കറ്റു കെട്ടി പറയുന്നവനേക്കാൾ അധർമി ആരാണ്? തീർച്ചയായും കുറ്റവാളി കൾക്ക് മോക്ഷം ലഭിക്കുന്നതല്ല. (10:16,17, 18)

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദ് നബി (സ) അക്ഷര ജ്ഞാന മില്ലാത്ത വ്യക്തിയായിരുന്നുവെന്ന് അറബികളുടെയും യഹൂദരുടേയും ക്രിസ്ത്യാനികളുടെയും ദൃഷ്ടി യിൽ അവിതർക്കിതവും മറ്റൊരു തെളിവിന്റെയും ആവശ്യമില്ലാത്ത വിധവുമുള്ള ഒരു യാഥാർഥ്യമാണ്. (റൂഹാനി ഖസായിൻ, വാല്യം പേ 574, 575)

പ്രസ്തുത ഖുർആനിക വചനങ്ങളിൽ നിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നത് നിരക്ഷരനും ഉമ്മിയുമായ റസൂൽ തിരുമേനി(സ) ക്ക് വിശുദ്ധ ഖുർആന്റെ ദിവ്യവെളിപാടുകൾ ഇറങ്ങുന്നതിൽ വ്യക്തിപരമായി ഒരു പങ്കും ഇല്ലായിരുന്നു വെന്നാണ്.

ഹദ്റത്ത് റസൂൽ തിരുമേനി (സ) ഗ്രന്ഥവും വിശ്വാസവുമെന്നാ ൽ എന്താണെന്നറിയാതിരുന്ന നിരക്ഷരനായിരുന്നുവെന്നും ദൈവിക പ്രകാശമാണ് അദ്ദേഹ

ത്തിന് മാർഗ ദർശനം നൽകിയിരുന്നതെന്നും പ്രസ്തുത ആയത്തുകൾ വിളിച്ചോതുന്നു. ഹദ്റത്ത് മസീഹ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു:

അറേബ്യയിലുള്ള ജനങ്ങൾ നിരക്ഷരരായിരുന്നു. ആ നാട്ടിൽ അപൂർവം വല്ല ക്രിസ്ത്യാനികളും ഉണ്ടായിരുന്നെങ്കിൽ തന്നെ അവർക്ക് തങ്ങളുടെ മതത്തെക്കുറിച്ച് വിപുലമായ അറിവും ഉണ്ടായിരുന്നില്ല. (പാതിരി ഹണ്ടർ തന്റെ മീസാനുൽ ഹഖ് എന്ന ഗ്രന്ഥത്തിൽ അറേബ്യയിൽ കൃസ്ത്യാനികളും കാട്ടറബികളെ പോലെ ഒന്നും അറിയാത്തവരായിരുന്നു എന്ന് എഴുതിയിട്ടുണ്ട്) ആ സ്ഥിതിയിൽ ഹദ്റത്ത് റസൂൽ (സ) തിരുമേനി അവരുടെ ഗ്രന്ഥത്തിൽ നിന്ന് മോഷ്ടിച്ചുകൊണ്ട് പ്രസ്തുത അധ്യാപനം (വിശുദ്ധ ഖുർആൻ) ചേർത്തിരുന്നുവെന്ന ആരോപണം ഒരു ശപിക്കപ്പെട്ട ചിന്താഗതിയാണ്. റസൂൽ തിരുമേനി(അ) നിരക്ഷരനായിരുന്നു. അദ്ദേഹത്തിന് അറബി ഭാഷ തന്നെ വായിക്കാനറിയാമായിരുന്നില്ല. എന്നിട്ടാണാ യൂനാനിയും ഹിബ്രുവും? ആ കാലത്തുള്ള വല്ല പുരാതന ഗ്രന്ഥങ്ങളിൽ നിന്നും ഈ ആരോപണം തെളിയിക്കേണ്ടുന്ന ബാധ്യത നമ്മുടെ എതിരാളികളുടേതാണ്. (അഥവാ ക്രിസ്തീയ ഗ്രന്ഥങ്ങളിൽ നിന്നും മോഷ്ടിച്ച് ഖുർആൻ ശരീഫിൽ ചേർത്തിരുന്നു വെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ തന്നെ ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്ന അറേബ്യയിലെ ക്രിസ്ത്യാനികൾ തങ്ങളിൽ നിന്ന് കേട്ട് പകർത്തിയാണ് പ്രസ്തുത അധ്യാപനം എഴുതിയിരിക്കുന്നതെന്ന് മുറവിളി കൂട്ടുമായിരുന്നു. (റൂഹാനി ഖസായിൽ വോ. 20 പേ 342)

മറ്റൊരിടത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഹദ്റത്ത് നബി കരിം(സ)ന് മുമ്പ് രണ്ട് മഹാന്മാരായ പ്രവാചകന്മാർ കഴിഞ്ഞിരുന്നു. ഒന്ന് ഹദ്റത്ത് മൂസാ നബി (അ), മറ്റൊരാൾ ഹദ്റത്ത് ഈസാ നബി (അ) രണ്ട് പേർക്കും വിദ്യാഭ്യാസത്തിനുള്ള സന്ദർഭം ലഭിച്ചിരുന്നു. അവരിൽ ആരെ കുറിച്ചും അക്ഷരജ്ഞാനമില്ലാത്തവരാണെന്ന വാദം ഉന്നയിക്കപ്പെട്ടിട്ടില്ല. ഈ വാദം ഹദ്റത്ത് നബി കരിം (സ) ക്ക് മാത്രമാണുണ്ടായിരുന്നത്. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു: ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിയുമായിരുന്നില്ല. പക്ഷേ നാം ഇതിനെ (ഈ ഗ്രന്ഥത്തെ) ഒരു പ്രകാശ മാക്കിയിരിക്കുന്നു. അതു മുഖേന നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ നാം വഴി നടത്തുന്നു. (43:45) ഹദ്റത്ത് മൂസാ നബി (അ) ഒരു രജകുമാരനെ പോലെയായിരുന്നു വിദ്യയഭ്യസിച്ചത്. ഫിർഔന്റെ മടിത്തട്ടിൽ രാജകീയ നിലയിൽ വളർന്ന അദ്ദേഹത്തിന് അധ്യാപകരെ നിയമിക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഈസാ നബി (അ) ക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നു. ... എന്നാൽ ഹദ്റത്ത് റസൂൽ കരിം (സ) തിരുമേനിയെ കുറിച്ച് ഏതെങ്കിലും യഹൂദിയോടോ ക്രിസ്ത്യനിയോടോ ഹിന്ദുവിനോടോ അദ്ദേഹം ആരിൽ നിന്നെങ്കിലും വിദ്യാഭ്യാസം നേടിയിരുന്നോ എന്ന് ചോദിക്കുകയാണെങ്കിൽ ഒരിക്കലും ഇല്ലാ എന്നവർ വ്യക്തമായിപ്പറയുന്നതാണ്. എത്ര മാത്രം റുബൂബിയത്തിന്റെ പ്രകടനനമായിരുന്നു ഇത്? (മൽഫൂസാത്ത് വോ 2 പേ. 34)

ഹദ്റത്ത് നബി കരിമിന് (സ) ഒന്നാമത്തെ വഹ്‌യ് ഇഖ്റഅ് ബിസ്മി റബിക്കല്ലദീ ഖലഖ് ഉണ്ടായപ്പോൾ (സൃഷ്ടി കർത്താവായ നിന്റെ നാഥന്റെ നാമത്തിൽ നീവായിക്കുക.) അദ്ദേഹം പറഞ്ഞ്: **'മാ അന ബിഖാരിയിൻ'** (എനിക്ക് വായിക്കാനറിയില്ല) എന്നാണ്. അതിന് ശേഷം ഹദ്റത്ത് ജിബ്‌രീൽ പറഞ്ഞുകൊടുത്തത് പോലെ അദ്ദേഹം ഉരുവിടുകയുണ്ടായി. ഖിറാഅത്ത് എന്നതിന് പാരായണം ചെയ്യുക എന്ന് മാത്രമല്ല മറിച്ച് ഒരാൾ പറയുന്നതനുസരിച്ച് ഉരുവിടുക എന്നും അർഥമുണ്ട്. ഒരാൾ ഖുർആൻ നന്നായി ഓതുകയാണെങ്കിൽ അയാൾ അന്ധനാണെങ്കിലും യുഹ്സിനു ഖിർഅത്തുൽ ഖുർആൻ (അയാൾ നന്നായി ഖുർആൻ ഓതി) എന്നാണ് പറയുക.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പ്രസ്താവിക്കുന്നു: ഉമ്മി എന്ന വാക്കിന് അറബി ഭാഷയിൽ നിരക്ഷരൻ എന്ന അർഥവും ഉണ്ട്. ഉമ്മയുമായി ബന്ധപ്പെട്ട ആൾ എന്നാണ് അതിന്റെ ശരിയായ അർഥം. . അതുകൊണ്ട് അതിൻെറ വിവക്ഷിതാർഥം വിദ്യാഭ്യാസമില്ലാത്തയാൾ എന്നാണ്. കാരണം അയാൾ നവജാത ശിശുവിനെ പോലെ എഴുത്തും വായനയും അറിയാത്ത ആളാണ്. എന്റെ അഭിപ്രായത്തിൽ പരിശുദ്ധൻ എന്നും അതിന് അർഥമുണ്ട്. കാരണം നവജാത ശിശു പരിശുദ്ധ പ്രകൃതിയുള്ള വനായിരിക്കുമല്ലോ? ഈ അർഥങ്ങളിൽ ഹദ്റത്ത് നബി കരിം (സ) പറ്റി ഈ വാക്ക് പ്രയോഗിക്കപ്പെട്ടിരിക്കുന്നു. (തഫ്സീർ കബീർ, വോ 3 പേ 53)

ചുരുക്കത്തിൽ ഹ്ദറത്ത് നബി കരിം (സ) ഒരു നവജാത ശിശുവിനെ പോലെ പരിശുദ്ധനാണ് എന്ന വിശേഷണം ഇവിടെ പ്രകടിതമായിരിക്കുകയാണ്. വിശുദ്ധ ഖുർആന്റെ മേൽ പ്രസ്താവിക്കപ്പെട്ട എല്ലാ തിരു വചനങ്ങളും അദ്ദേഹം എഴുതാനും വായിക്കാനും അറിയാത്ത അക്ഷരജ്ഞാനമില്ലാത്ത ദേഹമായിരുന്നുവെന്നും മനസ്സിലാക്കി തരുന്നു. അങ്ങനെയുള്ള ഒരാളിൽ നിന്ന് വിശുദ്ധ ഖുർആനെ പോലെ സ്ഥലകാലങ്ങൾക്കതീതമായ പരിപൂർണ ജ്ഞാനവും അധ്യാപനങ്ങളുമുള്ള മഹൽ ഗ്രന്ഥം പുറപ്പെടുവിക്കുക എന്നത് വിശുദ്ധ ഖുർആ ന്റെയും ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടേയും മഹത്വം വിളിച്ചോതുന്ന മഹാത്ഭുതമാണ്. **'നുസൂലുൽ ഖുർആനി മുഅ്ജിസത്തുൻ'** (വിശുദ്ധ ഖുർആന്റെ അവതരണം തന്നെ ഒരു മഹാത്ഭുതമാണ്) എന്ന നബി വചനം ഈ യാഥാർഥ്യം അന്വർഥമാക്കുന്നു.

ഭാഗം – 10

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### ലട്ടൻ പ്രഭു (Lord lutton) വും വൈസ് റീഗൽ ദർബാറും

ആയിടയ്ക്കു മറ്റൊരു സംഭവ മുണ്ടായി. ഇന്ത്യയുടെ വൈസ്രോയി ആയിരുന്ന ലട്ടൻ പ്രഭു (Lord lutton) പഴയ ഡൽഹിയിൽ വൈസ് റീഗൽ ദർബാർ (പ്രതിനിധി സഭ) വിളിച്ചിട്ടുണ്ടായിരുന്നു. അതിൽ രാജ്യത്തെ പ്രമുഖരും പ്രധാനികളും രാജാക്കന്മാരും ഭൂവുടമകളും ജന്മിമാരും എല്ലാം തന്നെ ക്ഷണിക്കപ്പെട്ടിട്ടുമുണ്ട്. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനും ആ യോഗത്തിലേക്കു ക്ഷണം ലഭിച്ചിരുന്നുവെങ്കിലും ചില അസൗകര്യങ്ങളാൽ അദ്ദേഹത്തിനു ഡൽഹിയിലേക്ക് പോകാൻ പ്രയാസമായതുകൊണ്ട് ആയോഗത്തിൽ പങ്കെടുക്കുന്നില്ല എന്നദ്ദേഹം മനസ്സു കൊണ്ട് തീരുമാനിച്ചിട്ടുണ്ടായിരുന്നു.

ഡൽഹിയിൽ യോഗം നടക്കുന്ന അതേ ദിവസം റാവൽപിണ്ടിയിലും ഒരു പ്രൊവിൻഷ്യൽ ദർബാർ നടക്കുമെന്നു ബന്ധപ്പെട്ടവർ അറിയിച്ചിരുന്നു. ഡൽഹിയിലേക്കു ക്ഷണിക്കപ്പെട്ടിട്ടുള്ള വലിയ നേതാക്കൾ കഴിഞ്ഞുള്ള ബാക്കിയുള്ളവരേയാണു ഈ യോഗത്തിലേയ്ക്കു ക്ഷണിച്ചിട്ടുള്ളത്. യോഗത്തിനു കുറച്ചു ദിവസങ്ങൾക്കു മുമ്പു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ സ്നേഹിതൻ മലിക്ക് ഫതഹ് ഖാൻ സാഹിബ് കുതിരപ്പുറത്ത് മൗലവി സാഹിബിന്റെ ക്ലിനിക്കിൽ വന്നിട്ടു പറഞ്ഞു, ഞാൻ റാവൽപിണ്ടി ദർബാറിൽ പങ്കെടുക്കാൻ പോകുന്ന വഴിയാണ് താങ്കൾ വരുന്നോ? ഇതു കേട്ടപ്പോൾ ഡൽഹിയിലെ വൈസ് റീഗൽ ദർബാറിൽ തന്നെ പങ്കെടുത്താലോ എന്ന ചിന്ത ഹദ്റത്ത് മൗലവി സാഹിബിനും ഉണ്ടായി. അങ്ങനെ ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു, എന്നാൽ ഞാനും വന്നേക്കാം. മലിക്ക് ഖാൻ സാഹിബ് പറഞ്ഞു, ഇതാ കുതിര. കയറിക്കൊള്ളൂ. നമുക്കു പുറപ്പെടാം. ഹദ്റത്ത് മൗലവി സാഹിബ് പിന്നെ ഒന്നും ആലോചിച്ചില്ല. ആ നിമിഷം തന്നെ അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു. വീട്ടിലോ ക്ലിനിക്കിലോ ആരേയും ഒന്നും അറിയിച്ചുമില്ല. ജഹ്ലം എത്തിയപ്പോൾ മലിക്ക് ഖാൻ സാഹിബ് അവിടെ നിന്ന് തീവണ്ടി മാർഗ്ഗം റാവൽപിണ്ടിയിലേക്ക് പുറപ്പെട്ടു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഡൽഹിയിലേക്കു പോകാനാണല്ലോ വിചാരിക്കുന്നത്. പക്ഷേ, വസ്ത്രങ്ങൾ മുഷിഞ്ഞിട്ടാണുള്ളത്. അതിനാൽ സ്നേഹിതനായ ജഹ്ലം തഹ്സിൽ ദാർ മലിക്ക് ഹാക്കിം ഖാൻ സാഹിബിനോട് ഒരു പൈജാമയും ഒരു കോട്ടും തലപ്പാവും വായ്പ വാങ്ങി ധരിച്ചു.

### ടിക്കറ്റുമായി വന്ന മാലാഖ

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ജഹ്ലം റെയിവേ സ്റ്റേഷനിൽ വെച്ച് ലാഹോറിലേക്കുള്ള മൂന്നാം ക്ലാസ്സ് ടിക്കറ്റ് ചാർജ്ജ് എത്രയാണെന്നു അന്വേഷിച്ചപ്പോൾ പതിനഞ്ചണയാണെന്നു മനസ്സിലായി. കീശയിൽ കൈയിട്ടുനോക്കിയപ്പോൾ പതിനഞ്ചണക്ക് തുല്യമായ നയാപൈസ തുട്ടുകൾ കിട്ടി. അതുകൊടുത്തു ടിക്കറ്റെടുത്തു വണ്ടി കയറി ലാഹോറിലെത്തി. തുടർന്നു അദ്ദേഹം പറയുകയാണ്, ഡൽഹിയിൽ നടക്കാനിരിക്കുന്ന വൈസ്രോയി വിളിച്ച വൈസ് റീഗൽ ദർബാറിലേക്കു പോകുന്ന ജനബാഹുല്യം നിമിത്തം റെയിവേ സ്റ്റേഷനിൽ കാലു കുത്താനിടമില്ലാത്ത വിധം അതിഭയങ്കരമായ തിക്കും തിരക്കുമാണെന്നു ഇവിടെ എത്തിയപ്പോഴാണ് മനസ്സിലായത്. ഇവിടെ നിന്നു ഡൽഹിയിലേക്കു

ടിക്കറ്റു കിട്ടാൻ യാതൊരു സാധ്യതയും കാണുന്നില്ല. മാത്രവു മല്ല ടിക്കറ്റെടുക്കാൻ എന്റെ കയ്യിൽ ഒരു നയാ പൈസ പോലുമില്ല. പണമുണ്ടെങ്കിൽ തന്നെ ടിക്കറ്റ് കൗണ്ടർ വരെ എത്തുക എന്നതു ജീവൻ മരണ പോരാട്ടമായിരിക്കും. ഈ സന്നിഗ്ദ്ധഘട്ടത്തിൽ എന്തു ചെയ്യുമെന്നു ആലോചിച്ചിരിക്കു മ്പോൾ ആ തിരക്കിന്നിടയിൽ പരിചയമുള്ള ഒരു മുഖം കണ്ടു.

ഗോലക്ക് നാഥ് എന്നു പേരുള്ള ഒരു ക്രിസ്ത്യൻ പാതിരിയായിരുന്നു അത്. ഒരിക്കൽ ഒരു അസുഖവു മായി ബന്ധപ്പെട്ടു ഞാൻ അദ്ദേഹ ത്തിനു വൈദ്യസഹായം നൽകി യിട്ടുണ്ടായിരുന്നു. എന്നെ കണ്ടയു ടനെ അദ്ദേഹം എന്റെ അടുക്കൽ വന്നു. കുശലം പറഞ്ഞു. എവിടെ പോകുന്നുവെന്നന്വേഷിച്ചു. ഡൽഹിയിലേക്കാണെന്നു പറഞ്ഞ പ്പോൾ ടിക്കറ്റ് കിട്ടാൻ യാതൊരു സാധ്യതയും കാണുന്നില്ലെന്നും ഞാനൊന്നു ശ്രമിച്ചു നോക്കട്ടെ എന്നു പറഞ്ഞദ്ദേഹം പോയി. അധികം താമസിയാതെ തന്നെ ഡൽഹിക്കുള്ള ഒരു ടിക്കറ്റുമായി അദ്ദേഹം തിരിച്ചു വന്നു. ഞാനദ്ദേ ഹത്തോടു ടിക്കറ്റു വാങ്ങി. എന്നിട്ടു ഒരു സാധാരണ സ്വഭാവത്തിൽ പോക്കറ്റിൽ കൈയിട്ടപ്പോൾ അദ്ദേഹം പറഞ്ഞു, താങ്കൾ എന്നെ അപമാനിക്കരുത്. ഞാൻ താങ്കളോട് ടിക്കറ്റ് ചാർജ്ജ് വാങ്ങിക്കുകയേ യില്ല. ഞാനും ഡൽഹിയിലേക്കാണ്. നമുക്ക് വഴിയിൽ വെച്ചു കാണാം. അദ്ദേഹം അങ്ങനെ പറഞ്ഞു പിരിഞ്ഞെങ്കിലും ഞാൻ യാത്ര യ്ക്കിടയിലും ഡൽഹി എത്തിയ ശേഷവും അദ്ദേഹത്തെ കുറെ തെരഞ്ഞു. എങ്ങും കണ്ടില്ല. എനിക്ക് ടിക്കറ്റെടുത്തു തരാനായി അല്ലാഹു അദ്ദേഹത്തെ അയച്ച തായിരിക്കുമെന്നു തോന്നിപ്പോയി.

## മുൻശി ജമാലുദ്ദീൻ സാഹിബുമായി വീണ്ടും കൂടിക്കാഴ്ച

അസർ നമസ്ക്കാര നേരത്താ ണു ഡൽഹി എത്തിയത്. സ്റ്റേഷ നിൽ നിന്നും പുറത്തു കടന്നു റോഡിന്റെ അരികു ചേർന്നു വെറുതെ ഒന്നു നടക്കാൻ തുടങ്ങി. റോഡിന്റെ ഇരുവശവും ഭരണ മുഖ്യന്മാരുടെ താമസത്തിന്നായി ടെന്റുകൾ സ്ഥാപിച്ചിട്ടുണ്ടായിരു ന്നു. ഒരു അഞ്ചു മൈലുകളോളം നടന്നിട്ടുണ്ടാകും. അപ്പോഴേക്കും സൂര്യൻ അസ്തമിക്കാൻ തുടങ്ങി. അങ്ങനെ ഞാൻ മനസ്സിൽ ഉദ്ദേശിച്ച താമസ സ്ഥലത്തേയ്ക്കു പോകാ നായി തിരിച്ചു നടക്കാൻ തുടങ്ങിയ തേയുള്ളൂ മുഖ്യമന്ത്രി മുൻശി ജമാലുദ്ദീൻ സാഹിബിന്റെ ഒരു ദൂതൻ ഓടി വന്നിട്ടു പറഞ്ഞു താങ്കളെ മുൻശി സാഹിബ് വിളിക്കുന്നുണ്ട്. താങ്കൾ നടന്നു പോകുന്നതു കണ്ടപ്പോഴാണ് എന്നെ താങ്കളുടെ അടുക്കലേക്കയച്ചത്. ഞാൻ പറഞ്ഞു, സമയം വളരെ വൈകിയിരിക്കുന്നു ഇൻശാഅല്ലാ ഹ് നാളെ വരാമെന്നദ്ദേഹത്തോടു പറഞ്ഞാൽ മതി. പക്ഷേ, ഇയാൾ സമ്മതിക്കുന്നില്ല. ഇയാൾ പറഞ്ഞു, മുൻശി സാഹിബിന്റെ ടെന്റ് വളരെ അടുത്താണ്. അൽപം ബുദ്ധിമുട്ടി യാലും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു ഈ വിവരം താങ്കൾ തന്നെ നേരിട്ടു അദ്ദേഹത്തോടു പറയുന്ന തായിരിക്കും നല്ലത്. അങ്ങനെ ഞാൻ അയാളോടൊപ്പം മുൻശി സാഹിബിന്റെ ടെന്റ് ലക്ഷ്യമാക്കി നടന്നു.

മുൻശി സാഹിബ് കുടുംബ സമേതം വൈസ് റീഗൽ ദർബാറി ന്നായി ഭോപാലിൽ നിന്നും വന്നതാ ണ്. ഞാൻ മക്ക മദീനയിൽ നിന്നും വന്നശേഷം അദ്ദേഹത്തെ കണ്ടിട്ടി ല്ല. അദ്ദേഹത്തിന്റെ അടുക്കൽ എത്തിയപ്പോൾ സാധാരണ പോലെ കരുണാർദ്ര മനസ്ക്കനായ മുൻശി സാഹിബ് ക്ഷേമാന്വേഷണങ്ങൾക്കു ശേഷം തന്റെ മകളുടെ മകൻ മുഹമ്മദ് ഉമറിന്നു സുഖമില്ലെന്നും അവനെ പരിശോധിച്ചു ചികിത്സ നൽകണമെന്നും ആവശ്യപ്പെട്ടു. നാളെ വന്നു അവനെ പരിശോധി ച്ചു കൊള്ളാമെന്നു പറഞ്ഞുവെങ്കി ലും മുൻശി സാഹിബ് സമ്മതിച്ചില്ല. അദ്ദേഹം പറഞ്ഞു, താങ്കൾ ഇന്നു രാത്രി എവിടേയും പോകരുത്. ഇവിടെ ഞങ്ങളോടൊപ്പം താമസി ച്ചാൽ മതി. പിന്നീട് എനിക്കായി വളരെ സൗകര്യപ്രദമായ ഒരു ടെന്റ് സ്ഥാപിക്കാൻ ജോലിക്കാരോട് ആവശ്യപ്പെട്ടു. അന്നു രാത്രി ഞാൻ അവിടെ തങ്ങി. പിറ്റെ ദിവസം വെള്ളിയാഴ്ചയായിരുന്നു.

ഹദ്റത്ത് മൗലവി സാഹിബ് തുടർന്നു വിവരിക്കുകയാണു ഞാൻ ആവശ്യത്തിനുള്ള വസ്ത്രം കരുതാതേയും വീട്ടിലും ക്ലിനിക്കി ലും പറയാതേയും ജഹ്ലമിൽ വച്ചു സ്നേഹിതനായ തഹ്സിൽദാറോട് പൈജാമയും കോട്ടും തലപ്പാവും വായ്പ വാങ്ങിയുമാണ് പുറപ്പെട്ടത് എന്നു പറഞ്ഞുവല്ലോ? ആ കാര്യം മനസ്സിലാക്കിയതു കൊണ്ടാണെന്നു തോന്നുന്നു മുൻശി സാഹിബ് പിറ്റെ ദിവസം ജുമുഅ നമസ്ക്കരിക്കാൻ പോകാനായി അന്നു രാത്രി തന്നെ ആളെ വിട്ട് എനിക്കു വേണ്ടി വസ്ത്രങ്ങൾ തയ്യാറാക്കി വച്ചു. പിറ്റേന്നു ഞങ്ങൾ രണ്ടു പേരും ജുമുഅ നമസ്ക്കരിച്ചു. മുൻശി സാഹിബിന്റെ മകളുടെ മകൻ മുഹമ്മദ് ഉമറിനെ പരിശോധിച്ച പ്പോൾ അവനു വയറ്റിൽ ട്യൂമറാ ണെന്നു മനസ്സിലായി.

മുൻശി സാഹിബിനോട് ഞാൻ പറഞ്ഞു, ഇതിനു ദീർഘമായ ചികിത്സ ആവശ്യമാണ്. പക്ഷേ എനിക്കിവിടെ കൂടുതൽ ദിവസം തങ്ങാൻ പറ്റുകയില്ല. ഞാൻ വീട്ടിൽ പറയാതെയാണു വന്നത്. അവിടു ത്തെ കാര്യങ്ങളും ശ്രദ്ധിക്കാനുണ്ട്. അദ്ദേഹം അപ്പോൾ തന്നെ അഞ്ഞൂ റു രൂപ തന്നുകൊണ്ട് പറഞ്ഞു, ഇത് വീട്ടിലേക്കു അയച്ചു കൊടുക്കൂ. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്, ഞാൻ ആയിരത്തി ഇരുന്നൂറു രൂപ ഒരു ഹിന്ദു സ്നേഹിതനു കടക്കാരനാണല്ലോ എന്ന ചിന്തയും അയാൾ പണം പെട്ടെന്നു ആവശ്യപ്പെട്ടേക്കുമോ എന്ന വേവലാതിയുമായാണു ഞാൻ നാട്ടിൽ നിന്നും പുറപ്പെട്ടത്. സാധാരണ പോലെ അല്ലാഹു എന്നെ തുണയ്ക്കുമെന്നും

സഹായിക്കുമെന്നും എനിക്കു നല്ല ഉറപ്പുണ്ട്. എന്നാൽ ഇപ്പോൾ ഇവിടെ നിന്ന് അഞ്ഞൂറു രൂപയാണ് കിട്ടിയത്. അതുകൊണ്ട് ഞാൻ തെറ്റായ സ്ഥലത്താണോ എത്തിച്ചേർന്നത് എന്നു ഞാനൊരു നിമിഷം ആലോചിച്ചുപോയി. ആ പുണ്യാത്മാവിന്റെ അല്ലാഹുവിലുള്ള വളരെ ഉയർന്ന തവക്കുലാണ് ഇതു കാണിക്കുന്നത്.

മുൻശി സാഹിബ് കൊടുത്ത അഞ്ഞൂറു രൂപ അപ്പോൾ തന്നെ കടം തന്ന ഹിന്ദു സ്നേഹിതനു അയച്ചു കൊടുത്തു. ഒരു കത്ത് വീട്ടിലേക്കും എഴുതി. തനിക്കു സുഖമാണെന്നും താമസിയാതെ വരുമെന്നും അൽപം കൂടി ക്ഷമിക്കണമെന്നുമായിരുന്നു കത്തിലെഴുതിയത്. അങ്ങനെ ഏതാനും ദിവസങ്ങൾ കൂടി കടന്നു പോയി. മുഹമ്മദ് ഉമറിന്റെ തുടർന്നുള്ള ചികിത്സക്കായി ഭോപാലിലേക്ക് പോകാൻ മുൻശി സാഹിബ് ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ സ്നേഹപുരസ്സരം നിർബന്ധിച്ചു. എന്നിട്ട് എഴുന്നൂറു രൂപ കൂടി കൊടുത്തു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അതും ഉടനെ തന്നെ ഹിന്ദു സ്നേഹിതനു അയച്ചു കൊടുത്തു. അതോടെ അദ്ദേഹത്തിന്റെ ഉൽക്കണ്ഠയും വേവലാതിയും അവസാനിച്ചു. എന്നിട്ടു മനസ്സിൽ പറഞ്ഞു, എന്റെ കടം ഏതായാലും വീട്ടിയിരിക്കുന്നു. എന്നെ ശരിയായ സ്ഥലത്തു തന്നേയാണു അല്ലാഹു എത്തിച്ചത്. അതുകൊണ്ട് ഇനിയിപ്പോൾ എവിടേക്കു വേണമെങ്കിലും യാത്രയാവാം.

ബാഹ്യമായി ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് നാട്ടിൽ നിന്നും ലട്ടൻ പ്രഭുവിന്റെ വൈസ് റീഗൽ ദർബാറിന്നായിട്ടാണ് പുറപ്പെട്ടതെങ്കിലും അതിൽ പങ്കെടുത്തു എന്നു നിസ്സംശയം പറയാൻ സാധിക്കുന്നില്ല. ആ സംശയം വായനക്കാർക്കും ഉണ്ടായേക്കാം ഒരു പക്ഷേ വൈസ് റീഗൽ ദർബാറിൽ പേരിന്നദ്ദേഹം പങ്കെടുത്തിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ പരമമായ ലക്ഷ്യം അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊണ്ടു തന്റെ ക്ലിനിക്കിന്നായി ചെലവായ ആയിരത്തി ഇരുനൂറു രൂപയുടെ കടത്തിനുള്ള പരിഹാരം കാണുകയെന്നു തന്നെയെന്നു തോന്നുന്നു. അതുകൊണ്ടാണല്ലോ മുൻശി ജമാലുദ്ദീൻ സാഹിബ് അഞ്ഞൂറു രൂപ കൊടുത്തപ്പോൾ എനിക്കു ആയിരത്തി ഇരുനൂറു രൂപായാണു കടമെന്നും അതാണു പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം മനസ്സിൽ പറഞ്ഞത്.

## ഒരിക്കൽ കൂടി ഭോപാലിലേയ്ക്ക്

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് (റ) മുൻശി ജമാലുദ്ദീൻ സാഹിബിന്റെ സ്നേഹപുരസ്സരമുള്ള നിർബന്ധത്തിനു വഴങ്ങി അദ്ദേഹത്തോടൊപ്പം ഭോപാലിലേയ്ക്കു പുറപ്പെട്ടു. രണ്ടാം തവണയാണദ്ദേഹം ഭോപാലിൽ എത്തുന്നത്. ആദ്യം വന്നതു പഠനവുമായി ബന്ധപ്പെട്ടായിരുന്നുവല്ലോ. അന്നു കുറച്ചു കാലം തങ്ങിയിരുന്നു ഇപ്പോൾ ഏതാനും വർഷങ്ങൾക്കു ശേഷം ചികിത്സയുമായി ബന്ധപ്പെട്ടാണു വന്നിരിക്കുന്നത്. ഹദ്റത്ത് മൗലവി സാഹിബിന്റെ താമസത്തിനും മറ്റു കാര്യങ്ങൾക്കും വേണ്ട എല്ലാ ഏർപ്പാടുകളും മുൻശി ജമാലുദ്ദീൻ സാഹിബ് ചെയ്തു. അതോടൊപ്പം സർക്കാറിന്റെ ഭാഗത്തു നിന്നു ഹദ്റത്ത് മൗലവി സാഹിബിനു 200 രൂപയും സ്വന്തം വകയായി 100 രൂപയും മാസ ശമ്പളമായി നിശ്ചയിക്കുകയും ചെയ്തു. മാത്രവുമല്ല ചികിത്സക്കായി വല്ല രോഗികളും വരികയാണെങ്കിൽ അതിനു വേണ്ട സൗകര്യവും ചെയ്തു കൊടുത്തു കൊണ്ട് അത്തരം രോഗികളിൽ നിന്നും ഫീസ് ഈടാക്കണമെന്നും മുൻശി സാഹിബ് നിർദേശിക്കുകയുണ്ടായി.

ഭോപാലിലും അദ്ദേഹത്തിനു ഉപജാപക സംഘങ്ങളേയും അസൂയാലുക്കളേയും നേരിടേണ്ടി വന്നിരുന്നു. അവർ ഹദ്റത്ത് മൗലവി സാഹിബിനു ചികിത്സാരംഗത്തു ലഭിക്കുന്ന സ്നേഹാദരങ്ങളിലും ഭൗതിക നേട്ടങ്ങളിലും മാനസിക വിഷമം കാണിക്കുകയും അസഹിഷ്ണുത പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ, ഹദ്റത്ത് മൗലവി സാഹിബ് (റ) അതൊന്നും തന്നെ ഒരിക്കലും കാര്യമാക്കാറില്ല. മുൻശി സാഹിബിന്റെ മകളുടെ മകനായ മുഹമ്മദ് ഉമറിന്റെ ചികിത്സ വളരെ നല്ല രീതിയിൽ തുടർന്നു കൊണ്ടിരുന്നു. ഭോപാലിൽ താമസിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യവും ലക്ഷ്യവും അതു തന്നെയായിരുന്നുവല്ലോ. അവസാനം മുഹമ്മദ് ഉമർ പരിപൂർണ്ണ ആരോഗ്യം കൈവരിക്കുകയും ഹദ്റത്ത് മൗലവി സാഹിബ് താമസിയാതെ തന്നെ ഭേരയിലേക്ക് മടങ്ങുകയും ചെയ്തു.

ഭേരയിൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പുതിയ കെട്ടിടത്തിലുള്ള ക്ലിനിക്കും അതോടൊപ്പം മതപഠന ക്ലാസ്സുകളും വളരെ നല്ല രീതിയിൽ നടക്കുന്ന അവസരത്തിലാണ് ഹദ്റത്ത് മൗലവി സാഹിബ് ഡൽഹിയിലേക്കും തുടർന്നു ഭോപാലിലേക്കും യാത്രയായത്. അതിന്റെ ഒരു പ്രധാന കാരണം കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടു തനിക്കുള്ള കടം വീട്ടാനുള്ള വല്ല മാർഗ്ഗവും അല്ലാഹു കാണിച്ചു തരും എന്ന നിലക്കായിരുന്നു. അതങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. എന്നാൽ ഹദ്റത്ത് മൗലവി സാഹിബ് ഭേരയിൽ നിന്നും പോയ ശേഷം ഭേര കൈവരിച്ചിരുന്ന ശോഭയ്ക്കു മങ്ങലേറ്റു. ആതുരാലയം പ്രവർത്തനരഹിതമായി. മതപഠന ക്ലാസ്സുകളും നിലച്ചു. അവിടെ ഉണ്ടായിരുന്ന ആൾകൂട്ടങ്ങളും തിരക്കുകളും ഇല്ലാതായി. എന്നാൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ തിരിച്ചുവരവോടെ ഭേര വീണ്ടും ഉണർന്നു. അദ്ദേഹത്തിന്റെ ആതുരാലയം രോഗികളെ കൊണ്ടു നിറഞ്ഞു. മതപഠന ക്ലാസ്സുകൾ വീണ്ടും സജീവമായി.

## അല്ലാഹുവിൽ നിന്നുള്ള ശിക്ഷണവും പരിശീലനവും

അല്ലാഹു തന്റെ പ്രിയപ്പെട്ടവരേയും വരിഷ്ഠ ദാസരേയും ഉയർന്ന സ്ഥാനം നൽകി അനുഗ്രഹിക്കാൻ തീരുമാനിച്ചാൽ അവർക്കു അവൻ അത്തരത്തിലുള്ള ശിക്ഷണവും പരിശീലനവും നൽകി അവരെ അവൻ ആ സ്ഥാനത്തേക്കു യോജിച്ചവരാക്കിത്തീർക്കുന്നു. അതു അല്ലാഹുവിന്റെ ഒരു നടപടിക്രമമാണെന്നു പറയാം. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) പിൽകാലത്തു മഹത്തായ ഒരു ആത്മീയ ജമാഅത്തിന്റെ നേതൃസ്ഥാനം അലങ്കരിക്കുവാനുള്ള മഹൽ വ്യക്തിയാണ്. അതുകൊണ്ട് അല്ലാഹുവിനെ കുറിച്ച് സാധാരണക്കാർക്കു ലഭിക്കാത്ത തരത്തിലുള്ള വിശ്വാസവും തവക്കുലും ഈ പുണ്യാത്മാവിന്റെ ഹൃദയത്തിൽ നിറക്കുകയും അല്ലാഹുവിന്റെ സമസൃഷ്ടികളെ ഒരു കാര്യത്തിലും ആശ്രയിക്കുകയോ അവരിൽ പ്രതീക്ഷയർപ്പിക്കുകയോ ചെയ്യാൻ പാടില്ലെന്നും ജീവിത സാഹചര്യങ്ങളിലൂടെ അല്ലാഹു പഠിപ്പിച്ചു. ഉദാഹരണത്തിനു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ജീവിതത്തിലെ ഒന്നു രണ്ടു സംഭവങ്ങൾ വിവരിക്കാം.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണ് ഒരിക്കൽ ഒരു കോടീശ്വരനായ വ്യക്തിക്ക് ടൈഫോയിഡ് ബാധിച്ചപ്പോൾ ചികിത്സക്കായി അയാൾ എന്നെ സമീപിച്ചു. ഞാനയാളെ പരിശോധിച്ചു. എന്നിട്ട് ശ്രദ്ധാപൂർവം ചികിത്സ ആരംഭിച്ചു. പനിയുടെ ഗതിയും രോഗാവസ്ഥയും ഞാൻ വളരെ സൂക്ഷ്മതയോടെയാണ് വിലയിരുത്തിക്കൊണ്ടിരുന്നത്. ആറു ദിവസം വരെ പനിക്ക് യതൊരു വ്യത്യാസവുമില്ലാതെ മൂർദ്ധന്യാവസ്ഥയിലെത്തുമെന്നും ഏഴാം ദിവസം അയവു വരുമെന്നും രോഗ ലക്ഷണങ്ങൾ കൊണ്ട് എനിക്കു മനസ്സിലായി. രോഗിക്ക് ചികിത്സ ഫലിക്കുന്നതായി ഞാൻ കണ്ടു. പക്ഷേ ബാഹ്യമായി പനി വർദ്ധിക്കുകയാണു ചെയ്യുന്നത്. ആറാം ദിവസം പനി വളരെയധികം വർദ്ധിച്ചതായി കണ്ടപ്പോൾ ബന്ധുക്കൾ ഉൽക്കണ്ഠാകുലരാവുകയും കൂടുതൽ പരിചയ സമ്പന്നനായ ഒരു ഡോക്ടറെ വിളിക്കണമെന്നു പറഞ്ഞ് പിണ്ട്ദാദൻ ഖാനിൽ നിന്നും രാത്രി വളരെ വൈകി മറ്റൊരു ഡോക്ടറെ കൊണ്ടു വരികയും ചെയ്തു.

അദ്ദേഹം വന്നു രോഗിയേയും രോഗിക്കു നൽകിയ മരുന്നുകളും പരിശോധിച്ചപ്പോൾ തന്നെ രോഗിയുടെ അവസ്ഥ മനസ്സിലാവുകയും താമസിയാതെ പനി വിടുമെന്ന കാര്യം അദ്ദേഹത്തിനു മനസ്സിലാവുകയും ചെയ്തു. അയാൾ ബന്ധുക്കളെ സ്വാധീനിക്കാനും താൻ വലിയ കഴിവുള്ള ഡോക്ടറാണെന്നും ഇതുവരെ ചികിത്സിച്ച നൂറുദ്ദീനു രോഗികളെ ചികിത്സിക്കാൻ അറിയില്ലെന്നും കാണിക്കുവാനായി ഒരു പൊടി മരുന്നു നൽകി. എന്നിട്ടു ഭയപ്പെടാനില്ലെന്നും പിറ്റെ ദിവസം രാവിലെയോടെ രോഗിയുടെ അസുഖത്തിനു കാര്യമായ ശമനമുണ്ടാകുമെന്നും ബന്ധുക്കളെ അറിയിച്ചു. ഒന്നും ചെയ്തില്ലെങ്കിലും അങ്ങനെ മാത്രമേ സംഭവിക്കുകയുള്ളു എന്നു ആ ഡോക്ടർക്കു നന്നായി അറിയാം. പറഞ്ഞതു പോലെ തന്നെ പിറ്റെ ദിവസം രോഗിയുടെ പനിക്ക് ശമനമുണ്ടായി. അതോടെ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ മതിപ്പ് അവരുടെ ഇടയിൽ താഴുകയും പുറത്തു നിന്നും വന്ന ഡോക്ടറുടെ യശസ്സും വിശ്വാസ യോഗ്യതയും വർദ്ധിക്കുകയും ചെയ്തു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് കോടീശ്വരനായ രോഗിയിൽ നിന്നും നല്ലൊരു തുകയും സമ്മാനവും പ്രതീക്ഷിച്ചിരുന്നുവെങ്കിലും അതൊക്കെ നഷ്ടപ്പെട്ടു. പകരം പുറത്തു നിന്നും വന്ന ഡോക്ടർ ആവശ്യപ്പെട്ടതനുസരിച്ച് അയാൾക്കു വളരെ ഭാരിച്ച തുകയും സമ്മാനങ്ങളും നൽകപ്പെട്ടു. ഇതിനെ കുറിച്ച് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് പറയുകയാണ്, ആ ഡോക്ടർക്കു വലിയ സമ്മാനം കിട്ടിയതു പോലെ എനിക്കും മഹത്തായ ഒരു ഉപഹാരം ലഭിച്ചു. അല്ലാഹുവിന്റെ സമ സൃഷ്ടികളോടു ഒരിക്കലും യാതൊരു വിധ പ്രതീക്ഷയും വെച്ചു പുലർത്തരുത് എന്ന ഉപദേശമായിരുന്നു അത്.

മറ്റൊരു സംഭവം വിവരിച്ചു കൊണ്ട് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) പറയുകയാണ്, എൺപതിനോടടുത്തു പ്രായമുള്ള മലിക്ക് ഫതഹ് ഖാൻ സാഹിബ് ബഹാദുർ എന്റെ വളരെ അടുത്ത സ്നേഹിതനായിരുന്നു. അദ്ദേഹത്തിനു മക്കളാരുമില്ല. സന്താനരഹിതനായിരുന്നു. വളരെ വലിയ സമ്പത്തിന്റെ ഉടമയായ അദ്ദേഹത്തോടു ഒരു പെൺകുട്ടിയെ വിവാഹം കഴിക്കാൻ ഞാൻ പല പ്രാവശ്യം പറയുകയും അതിന്നായി നിർബന്ധിച്ചുവെങ്കിലും പ്രായം കൂടുതലാണെന്നും തനിക്ക് ലൈംഗിക വികാരമോ അത്തരം ചിന്തയോ അൽപം പോലും ഉണ്ടാകാറില്ലെന്നും അദ്ദേഹം പറഞ്ഞു. അതിനായി ഞാൻ അദ്ദേഹത്തിനു ആർസനിക്കും, രസവും (mercury) കറുപ്പും (opium) ചേർത്തുള്ള ഒരു പ്രത്യേക ലേഹ്യം തയ്യാറാക്കി നൽകി. പിന്നീട് അദ്ദേഹം ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചു.

ദൈവികമായ അത്ഭുതമെന്നു പറയട്ടെ, ആദ്യ വർഷം തന്നെ അദ്ദേഹത്തിന്റെ വീട്ടിൽ ഒരു പെൺകുഞ്ഞ് ജനിച്ചു. അടുത്ത വർഷം അദ്ദേഹത്തിന്റെ ഭാര്യ വീണ്ടും ഗർഭിണിയായി. ഈ പ്രാവശ്യം ഒരാൺ കുഞ്ഞ് പിറന്നു. തനിക്കു ഈ പ്രായത്തിൽ പിൻഗാമികളുണ്ടായിരിക്കുന്നുവെന്നതിൽ അദ്ദേഹത്തിനു പറഞ്ഞറിയിക്കാനാവാത്ത സന്തോഷമുണ്ടായി. അതു ഞങ്ങളുടെ സ്നേഹബന്ധം ഒന്നു കൂടി ദൃഢീകരിക്കാൻ കാരണമായി. ആ സമയങ്ങളിൽ ചികിത്സ കൊണ്ടുള്ള എന്റെ വരുമാനം വളരെ തുഛമായിരുന്നു. ഞാനും

ഭാര്യയുമടങ്ങുന്ന രണ്ടാൾക്കു ജീവിത ചെലവിനുള്ള എന്റെ വരുമാനം തികച്ചും അപര്യാപ്ത മായിരുന്നു. ഈ അവസരത്തിൽ ഹദ്റത്ത് മൗലവി സാഹിബ് ഖാൻ ബഹാദുർ സാഹിബിൽ നിന്നു ചെറിയൊരു തുകയെങ്കിലും സമ്മാനമായി പ്രതീക്ഷിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിൽ നിന്നു ഒന്നും തന്നെ കിട്ടിയില്ല. ഹദ്റത്ത് മൗലവി സാഹിബ്(റ) പറയുക യാണ്, ഈ ഒരു സംഭവത്തിലൂടെ അല്ലാഹുവാണല്ലോ എല്ലാ നന്മകളു ടേയും ഉറവിടമെന്നും ആ നില യ്ക്കു അവന്റെ സൃഷ്ടികളിൽ ഒരിക്കലും ഒരു കാര്യത്തിലും പ്രതീക്ഷയർപ്പിക്കുന്നതു ശരിയല്ലെ ന്നും ഞാൻ മനസ്സിലാക്കി. അതോടു കൂടി എനിക്കു അല്ലാഹുവിൽ ദൃഢമായ വിശ്വാസമുണ്ടായി. അതുകൊണ്ട് മേലിൽ ഞാൻ പണത്തിന്നു വേണ്ടി ഉപദേശമോ ഔഷധമോ ആർക്കും തന്നെ നൽകുന്നതല്ലെന്നു ഉറച്ച തീരുമാന മെടുക്കുകയും ചെയ്തു. അതോടെ അല്ലാഹു അദ്ദേഹത്തിനു സമൃദ്ധി യുടെയും ഐശ്വര്യങ്ങളുടേയും കവാടങ്ങൾ തുറന്നു കൊടുത്തു.

അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പ്രാക്റ്റീസ് ഉയരാൻ തുടങ്ങി. രോഗനിർണ്ണയത്തിലുള്ള അദ്ദേഹത്തിന്റെ അപാരമായ കഴിവും വൈദഗ്ദ്ധ്യവും എല്ലായിട ത്തും അംഗീകരിക്കപ്പെട്ടു. ആയിട യ്ക്കു പക്ഷാഘാതം പിടിപെട്ട ഒരു രോഗി ചികിത്സ തേടി ഹദ്റത്ത് മൗലവി സാഹിബിനെ സമീപിച്ചു. അത്തരത്തിലുള്ള ഒരു കേസ്സ് ആദ്യമായിട്ടാണു വരുന്നത്. സാധാരണ കാണാത്ത ഒരു രോഗമായിരുന്നു അത്. കാലിന്റെ പേശിയിൽ രോഗലക്ഷണങ്ങൾ കാണുകയും അതു വർദ്ധിച്ചു വേഗം തന്നെ മറ്റു അവയവങ്ങളി ലേക്കു പടരുകയും പിന്നീട് സ്വാധീനമില്ലാതായിത്തീരുകയും ചെയ്യുന്ന ഒരു പ്രത്യേക രോഗ മായിരുന്നു അത്. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണു എന്റെ അറിവനുസരിച്ചു യൂനാനി വൈദ്യശാസ്ത്രത്തിൽ ഈ അസുഖത്തിനു കാര്യമായ ചികി ത്സയൊന്നും ഇല്ല. എന്നിരുന്നാലും ഞാൻ ചില ചികിത്സാ പദ്ധതികൾ തയ്യാറാക്കി ചികിത്സ ആരംഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ താമസിയാതെ ഫലം കണ്ടു തുടങ്ങി. അവസാനം രോഗം ഭേദമാവുകയും രോഗി പരിപൂർണ്ണ ആരോഗ്യം കൈവരിക്കുകയും ചെയ്തു. ഇതു ഭേരയിലും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലും വലിയ ചർച്ചാ വിഷയമായി മാറി. അതോടെ അദ്ദേഹത്തിന്റെ ഖ്യാതി അകല ങ്ങളിലും വ്യാപിക്കാൻ തുടങ്ങി.

## വിധവയ്ക്കൊരു വിവാഹ സന്ദേശവും നിക്കാഹും

മക്കയിൽ നിന്നുള്ള മടക്ക യാത്രയിൽ ബോംബെയിൽ വെച്ചു പരിചയപ്പെട്ട ഭേര സ്വദേശിനിയായ ഒരു വിധവയുടെ ജീവിത കഥ ഹദ്റത്ത് മൗലവി സാഹിബിന്റെ മനസ്സിനെ ആഴത്തിൽ സ്പർശി ച്ചിരുന്നു. ഹജ്ജിന്നായി വന്ന ആ സ്ത്രീയെ മക്കയിൽ വെച്ചും ഹദ്റത്ത് മൗലവി സാഹിബ് കണ്ടിരുന്നു. ആ സ്ത്രീയുടെ വിവരണം വായനക്കാരും ഓർക്കു ന്നുണ്ടാകുമല്ലോ? ആ സ്ത്രീയുടെ ജീവിത സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഭേരയിൽ തിരിച്ചെ ത്തിയ ശേഷം മറ്റു പല ചുമതല കൾക്കിടയിലും ഹദ്റത്ത് മൗലവി സാഹിബ് വിധവകളുടെ പുനർ വിവാഹത്തിന്നായി തന്നാലാവു ന്നതു ചെയ്യാൻ ശ്രമിക്കാറുണ്ടാ യിരുന്നു. ആ കാലത്തു വിധവകളു ടെ പുനർവിവാഹം ഒരു പുണ്യ കർമമായി വീക്ഷിക്കപ്പെട്ടിരുന്നി ല്ലെന്നു മാത്രമല്ല നല്ല കാര്യമായി പോലും കണ്ടിരുന്നുമില്ല. അത്തരം ഒരവസരത്തിൽ ഭൗതിക സാഹ ചര്യങ്ങൾ വളരെ പരിതാപകര മായിരുന്ന ഒരു വിധവയെ കുറിച്ച് അദ്ദേഹം അറിയാനിടയായി. പല കാരണങ്ങളാൽ അവരെ ഹദ്റത്ത് മൗലവി സാഹിബ് ഇഷ്ടപ്പെട്ടു. താൻ അവൾക്കൊരു നല്ല ഭർത്താവായിരിക്കാമെന്നു മനസ്സിലാ ക്കി നിക്കാഹിനു താൽപര്യം പ്രകടിപ്പിച്ചു കൊണ്ട് അവരെ വിവരം അറിയിക്കുകയും ചെയ്തു.

അവർക്കും ഈ പുതിയ ബന്ധം ഇഷ്ടമായിരുന്നു. അങ്ങനെ ആദ്യം അവർ സമ്മതിച്ചുവെങ്കിലും, പിന്നീട് നാട്ടിൽ വിധവകളുടെ പുനർ വിവാഹം ആളുകൾ നല്ല കണ്ണു കൊണ്ടല്ല കാണുന്നതെന്നും അവരുടെ 'വലി'(രക്ഷാകർത്താവ്) ഈ കല്യാണത്തിനു സമ്മതിക്കുമെ ന്നു തോന്നുന്നില്ലെന്നും പറഞ്ഞു കല്യാണത്തിന്നവർ വിസമ്മതിച്ചു. പക്ഷേ കുറച്ചു ദിവസങ്ങൾക്കു ശേഷം, താങ്കൾ നിക്കാഹ് നടത്തി ക്കൊള്ളൂ വിവാഹത്തിനു ശേഷം വലി സമ്മതിച്ചു കൊള്ളുമെന്നു ആ സ്ത്രീ വീണ്ടും മൗലവി സാഹി ബിനെ അറിയിച്ചു. അതിനാൽ ഒരുവിധവയ്ക്കു താൽപര്യമുള്ള പുനർവിവാഹത്തെ തടയുന്ന രക്ഷാകർത്താവിന്റെ സമ്മതം നിർബന്ധമില്ലെന്ന ഫിക്ക്ഹിന്റെ (കർമ്മശാസ്ത്ര) വിധിയുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മൗല വി സാഹിബ് ആ സ്ത്രീയുമായി നിക്കാഹ് നടത്തുകയും ചെയ്തു.

അവരെ സ്വന്തം വീട്ടിലേക്ക് വിളിച്ചു കൊണ്ടു വരുന്ന ചടങ്ങിനു മുമ്പ് ഒരു ദിവസം ഹദ്റത്ത് മൗലവി സാഹിബ് റസൂൽ കരീം(സ)നെ ദർശനത്തിൽ കണ്ടു. തിരുമേനി ഒരിടത്തു നിലത്തു കിടക്കുകയാണ്. മുഖം ചുവന്നു തുടുത്തിരിക്കുന്നു. താടി വടിച്ചിട്ടാണുള്ളത്. ഹദ്റത്ത് മൗലവി സാഹിബ് ഞെട്ടിയുണർ ന്നു. റസൂൽ തിരുമേനി(സ)യെ സന്തോഷത്തിലല്ലാത്ത അവസ്ഥ യിൽ കാണാൻ കാരണം താൻ ഇപ്പോൾ നടത്തിയിരിക്കുന്ന നിക്കാ ഹ് തിരുറസൂലിന്റെ സുന്നത്തിനു വിരുദ്ധമായിട്ടുള്ളതു കൊണ്ടാണെ ന്നു അദ്ദേഹം ധരിച്ചു. ആ പരിഭ്രമ ത്തിൽ അക്കാലത്ത് അറിയപ്പെട്ട ആലിംകളായ നദീർ ഹുസൈൻ സാഹിബ് മുഹദ്ദിസ് ദഹ്‌ലവിക്കും മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിക്കും ഇതേ

കുറിച്ചു അഭിപ്രായമാരാഞ്ഞു കൊണ്ട് കത്തുകളെഴുതി. ആ കത്തിൽ വിധവയായ സ്ത്രീ പ്രായപൂർത്തിയായവളും സ്വബോധമുള്ളവളും വിവേകിയും വിവേചന ശക്തിയുള്ളവളുമാണെന്നും വലി പുനർ വിവാഹത്തിനു എതിർപ്പു പ്രകടിപ്പിക്കുന്നുവെന്നും എഴുതിയിരുന്നു. അതിൽ ഒരാളുടെ മറുപടി വന്നു. ഇത്തരത്തിലുള്ള ഒരു വിധവയുടെ വിവാഹത്തിനു വലിയുടെ അനുമതി നിർബന്ധമില്ലെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അത് ഹദ്റത്ത് മൗലവി സാഹിബിനു വലിയ സന്തോഷവും സമാധാനവും നൽകി. തുടർന്നു ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണ്,

അങ്ങനെ നിക്കാഹ് ചെയ്ത ആ സ്ത്രീയെ സ്വന്തം വീട്ടിലേക്കു വിളിച്ചുകൊണ്ടു വരുന്നതിന്നായി ദിവസം നിശ്ചയിച്ചു. ആവശ്യമുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തു. നിശ്ചിത ദിവസം അവരെ കൂട്ടിക്കൊണ്ടു വരുന്നതിന്നായി ഞാനൊരുങ്ങി. പുറത്തേയ്ക്കു പോകാനായി വീടിന്റെ വാതിൽ തുറന്നപ്പോൾ ഒരാൾ വാതിലിന്നരികിൽ നിൽക്കുന്നതായി കണ്ടു. അയാളുടെ കൈയിൽ ഒരു ഹദീസ് ഗ്രന്ഥവുമുണ്ട്. അയാൾക്കു മനസ്സിലാകാത്ത ഒരു ഹദീസിന്റെ അർഥം ചോദിച്ചു മനസ്സിലാക്കാനാണയാൾ വന്നിരിക്കുന്നത്. അയാൾ അതെന്നെ കാണിച്ചു. ആ ഹദീസ് വായിച്ച ശേഷം ഞാൻ ഞെട്ടിത്തരിച്ചു പോയി.

الاثمُ مَا حاكَ في صَدْرِكَ
وَ لَوْافتَاكَ المَفْتُون

(അൽ ഇസ്മു മാ ഹാക്ക ഫീ സ്വദ്രിക്ക വ ലൗ ഇഫ്താക്കൽ മഫ്ത്തൂൻ) ഒരാളുടെ മനസ്സിനു ആശയ കുഴപ്പവും അലോസരവുമുണ്ടാക്കുന്ന കാര്യം നിയമ പണ്ഡിതന്മാർ (ഫത്‌വ നൽകുന്നവർ) അതു നിയമ വിധേയമാണെന്നു പറഞ്ഞാലും അതു പാപമാണ്. അതായിരുന്നു ആ വന്നയാൾ സംശയനിവാരണത്തിന്നായി കൊണ്ടു വന്ന ഹദീസ്. ഞാനതു വായിച്ചു ആകെ ആശയ കുഴപ്പത്തിലായി. വന്നയാളോടു ഞാൻ പറഞ്ഞു, നീ ഇപ്പോൾ ഇവിടെ നിന്നു പോയ്കൊള്ളൂ. അർത്ഥം പിന്നീട് ഞാൻ പറഞ്ഞു തരാം. ശേഷം വീടിന്റെ വാതിലടച്ചു മുറിയിൽ കയറി ഇരുന്നു. ചിന്തയിലാണ്ടു. താൻ ചെയ്തതു തെറ്റാണെന്നും പാപമാണെന്നും ഇത് അല്ലാഹുവാണു എന്നെ ഈ രീതിയിൽ അറിയിച്ചിരിക്കുന്നതെന്നും അതുകൊണ്ട് ഫുക്കഹാക്കളുടെ വാക്കുകൾക്കു യാതൊരു വിലയും കൽപിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

ഞാനാകെ അസ്വസ്ഥനായി. മുറിയിൽ കയറി കട്ടിലിൽ കിടന്നു. ഗാഢമായ ചിന്തയിലാണ്ടു. പതുക്കെ എനിക്കു മയക്കം അനുഭവപ്പെടുകയും ഉറക്കത്തിലേക്ക് വഴുതി വീഴുകയും ചെയ്തു. വീണ്ടും സ്വപ്നത്തിൽ തിരുമേനിയെ കണ്ടു. തിരുമേനിക്കു ഒരു ഇരുപത്തഞ്ചു വയസ്സു മാത്രമേ പ്രായം തോന്നുകയുള്ളൂ. തിരുമേനിയുടെ വലതു ഭാഗത്തുള്ള താടി നീളമുള്ളതാണെങ്കിലും ഇടതുഭാഗം താടി പറ്റെ മുറിച്ചു ചെറുതാക്കിയിരിക്കുന്നു. ഇതുകണ്ടപ്പോൾ റസൂൽ തിരുമേനിയുടെ താടി എല്ലാ ഭാഗത്തും ഒരുപോലെ ആയിരുന്നുവെങ്കിൽ എത്ര സുന്ദരമാകുമായിരുന്നുവെന്നു ഞാൻ ചിന്തിച്ചു. അതോടെ സ്വപ്നത്തിൽ തന്നെ മറ്റൊരു കാര്യം എന്റെ മനസ്സിൽ ഉദിച്ചു. വിധവകളുടെ നിക്കാഹിനു വലിമാരുടെ സമ്മതം നിർബന്ധമില്ലെന്ന ഹദീസിൽ ഞാൻ സംശയം പ്രകടിപ്പിച്ചതുകൊണ്ടാണ് നബി തിരുമേനി(സ)യുടെ താടി ഇത്തരത്തിൽ വലുതും ചെറുതുമായി വികൃതരൂപത്തിൽ കണ്ടത് എന്നു സ്വപ്നത്തിൽ തന്നെ ബോധോദയമുണ്ടായി.

**റസൂൽ തിരുമേനിയോടൊപ്പം കശ്മീർ യാത്രയും സാക്ഷാൽകാരവും**

അപ്പോൾ തന്നെ ലോകത്തുള്ള സകലരും ആ ഹദീസ് ബലഹീനമാണെന്നു പറഞ്ഞാലും ഞാനത് സത്യമാണെന്നും പ്രബലമാണെന്നു കരുതുമെന്നും മനസ്സിൽ പറഞ്ഞപ്പോഴേക്കും നബി തിരുമേനിയുടെ താടി എല്ലാ വശത്തും ഒരുപോലെയാവുകയും അതീവ ഭംഗിയുള്ളതായി തീരുകയും ചെയ്തു. അപ്പോൾ റസൂൽ കരീം (സ) പുഞ്ചിരിച്ചുകൊണ്ട് എന്നോടു ചോദിച്ചു, നിനക്ക് കശ്മീർ കാണാൻ ആഗ്രഹമുണ്ടോ? ഞാൻ പറഞ്ഞു, അതെ. യാ റസൂലുല്ലാഹ്. ശേഷം അല്ലാഹുവിന്റെ റസൂൽ നടന്നു തുടങ്ങി. പുറകെ ഞാനും. അവസാനം ബാനിഹാൽ (ജമ്മുവിനു ശേഷമുള്ള പ്രദേശം. ഇവിടെ നിന്നാണു യഥാർഥത്തിൽ കശ്മീർ ആരംഭിക്കുന്നത്) വഴി തിരുമേനിയും ഞാനും കശ്മീരിൽ പ്രവേശിച്ചു. ഭേര ഉപേക്ഷിച്ചു കൊണ്ട് കശ്മീരിൽ ജോലി സ്വീകരിക്കുമെന്ന സൂചനയാണ് ഈ സ്വപ്നം നൽകുന്നത്.

ഈ സ്വപ്നത്തിന്റെ സാക്ഷാൽക്കാരത്തിനു ബാഹ്യമായി ചില സംഭവങ്ങൾ ഉണ്ടായി. ജമ്മു കശ്മീരിൽ അവിടുത്തെ മഹാരാജാവിന്റെ അധികാര പരിധിയിൽ പോലീസ് ഓഫീസറായി ജോലി ചെയ്തിരുന്ന ലാല മത്റ ദാസ് ഭേര സ്വദേശിയായിരുന്നു എന്നു മാത്രമല്ല ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബിന്റെ അയൽക്കാരനുമായിരുന്നു. അദ്ദേഹത്തിനു ക്ഷയരോഗം പിടിപെട്ടു. അദ്ദേഹം ഉടൻ തന്നെ ചികിത്സയ്ക്കായി ജമ്മുവിൽ നിന്നും ഹദ്റത്ത് മൗലവി സാഹിബിന്റെയടുക്കൽ വന്നു. ക്ഷയരോഗത്തിനു തുടർച്ചയായ ചികിത്സ ആവശ്യമായതു കൊണ്ട് അദ്ദേഹം താമസം തൽകാലം ഭേരയിലേക്കു മാറ്റുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മൗലവി സാഹിബിന്റെ ചികിത്സയിലൂടെ ലാല മത്റ ദാസ് പരിപൂർണ ആരോഗ്യം കൈവരിച്ചു. അതോടെ ഹദ്റത്ത് മൗലവി സാഹിബിന്റെ ചികിത്സയിലൂടെയു

ള്ള യശസ്സ് ഒന്നുകൂടി വർദ്ധിച്ചു. അത് ജമ്മു കശ്മീരിലും രാജ വൃത്തങ്ങളിലും എത്തി.

## ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ മറ്റു വിവാഹങ്ങൾ

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ആദ്യവിവാഹം സ്വദേശമായ ഭേരയിലെ ഒരു കുലീന കുടുംബത്തിൽ നടന്ന കാര്യങ്ങളും ആ ബന്ധത്തിൽ ജനിച്ച സന്താനങ്ങളുടെ വിശദ വിവരങ്ങളും എട്ടാം അധ്യായ ത്തിൽ ചേർത്തിട്ടുണ്ടായിരുന്നു വല്ലൊ. ഹദ്റത്ത് മൗലവി സാഹിബ് മൂന്നു വിവാഹങ്ങൾ നടത്തിയിട്ടു ണ്ട് എന്നതിനു പല തെളിവുകളു മുണ്ട്. ഭൗതിക സാഹചര്യങ്ങൾ വളരെ മോശമായിരുന്ന ഒരു പാവം വിധവയ്ക്കു വിവാഹ സന്ദേശം അയച്ചതായും നിക്കാഹ് നടത്തിയ തായും അതു കാരണം ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായതായും റസൂൽ തിരുമേനിയെ സ്വപ്നത്തിൽ കണ്ടതിലൂടെ ആ മാനസിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടതായും മുകളിലത്തെ വരികളിൽ സഹോദര ന്മാർ വായിച്ചുവല്ലോ. എന്നാൽ ആ വിവാഹത്തിന്റെ കൂടുതൽ വിവര ങ്ങൾ എവിടേയും കാണാനില്ല. അവർ (ആ വിധവ) ആരായിരുന്നു? അവരുടെ സ്വദേശം എവിടെയാണ്? അവരുടെ പേരെന്തായിരുന്നു? അവർ ആരുടെ മകളാണ്? അതിൽ സന്താന ഭാഗ്യം ഉണ്ടായിരുന്നോ? എന്നു തുടങ്ങിയുള്ള യാതൊരു വിവരവും എവിടേയും കാണാനില്ല. അതുകൊണ്ട് അതിനെ കുറിച്ചു കൂടുതൽ ചികയുകയും അന്വേഷി ക്കുകയും ചെയ്യേണ്ട ആവശ്യം നമുക്കുമില്ല. മൂന്നു വിവാഹങ്ങൾ നടത്തിയിട്ടുണ്ടെന്നു നമ്മൾ മനസ്സിലാക്കിയാൽ മാത്രം മതി.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബി(റ)ന്റെ ആദ്യ ഭാര്യ അദ്ദേഹത്തിന്റെ ജമ്മു കശ്മീർ ഔദ്യോഗിക ജീവിതകാലത്താണു മരണമടഞ്ഞതെന്നു അനുമാനിക്ക പ്പെടുന്നു. അതിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ശ്രമഫല മായാണു ലുധിയാനയിലെ ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിന്റെ മകൾ സയ്യിദ സുഗ്റാ ബേഗം സാഹിബയുമായി വിവാഹം നടക്കു ന്നത്. ആ വിവരങ്ങൾ മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദി (അ)നെ കണ്ടെത്തിയതിനു ശേഷ മുള്ള കാര്യങ്ങൾ വിവരിക്കുമ്പോൾ വിശദമായി വിവരിക്കുന്നതായിരി ക്കും. (തുടരും)

**കടപ്പാട് & അവലംബം**

1. ഹയാത്തെ നൂർ By മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്വാ
2. താരീഖെ അഹ്മദിയ്യത്ത് വാള്യം III By മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ്, റബ്വാ.
3. മിർഖാത്തുൽ യഖീൻ ഫീ ഹയാ തി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.
4. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (English) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)
5. സവാനിഹ് ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.
6. അൽ ഫസ്ൽ ഉറുദു ദിനപത്ര ങ്ങൾ റബ്വാ.

**പേജ് 23 ൽ നിന്ന് തുടർച്ച**

ക്കളെ അവരുടെ വാർദ്ധക്യത്തിൽ വിഷമിപ്പിക്കുക എന്നതാണ് എനിക്കറിയാമായിരുന്നു.

അവർ എനിക്കായി എത്ര മാത്രം ചെയ്തുവെന്നത് കൂടുതൽ ബുദ്ധിമുട്ടാണ്. എന്നാൽ ജീവിതം ആത്യന്തികമായി ദൈവത്തോട് കടപ്പെട്ടിരിക്കുന്നു, നമുക്കെല്ലാവർ ക്കും അവനിൽ സമാധാനം ലഭിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കു ന്നു. ഒരു മതപരിവർത്തനത്തിന്റെ പാതയിൽ ത്യാഗങ്ങൾ ഉണ്ടെങ്കിലും, മനുഷ്യൻ തന്റെ കാതലായ ഒരു ധാർമ്മിക സത്തയാണ് എന്ന വസ്തുതയെ അവ മറികടക്കുന്നു. ഒരാളുടെ മനസാക്ഷിയോട് സത്യസന്ധത പുലർത്തുന്നതിനേ ക്കാൾ വലിയ പ്രതിഫലമൊന്നുമില്ല. അഹ്മദിയ്യത്ത് അറിയുന്നതിലൂടെ ലഭിക്കുന്ന ഏറ്റവും വലിയ സമ്മാ നം, അവർ നിങ്ങളെ ദൈവത്തിന്റെ യഥാർത്ഥ സങ്കൽപ്പത്തെയും യാഥാർത്ഥ്യത്തെയും പരിചയപ്പെടു ത്തുന്നു എന്നതാണ്. ശുദ്ധവും നല്ലതുമായ എല്ലാം ദൈവത്തിൽ കണ്ടെത്തണം. അതിനാൽ, ദൈവ ത്തോട് സാമ്യമുള്ള ഗുണവിശേഷ ങ്ങൾ വികസിപ്പിച്ചുകൊണ്ട് ദൈവ വുമായി കൂടുതൽ അടുക്കാൻ ശ്രമിക്കാതെ ഒരാൾക്ക് ഒരിക്കലും ആത്മീയനാകാൻ കഴിയില്ല: മാനവി കതയോടുള്ള അനുകമ്പ വളർത്തു ക, ആത്മാർത്ഥത പുലർത്തുക, എല്ലാവരോടും തികഞ്ഞ നീതിയോ ടെ പെരുമാറുക, പ്രതികൂലമായ അനന്തരഫലങ്ങൾ ഉണ്ടാകുമ്പോ ഴും സത്യം പറയുക. ദൈവവുമായി അടുപ്പം നേടുന്നതിനായി മാത്രം മെച്ചപ്പെട്ടവനാകാൻ ഒരാൾ പാടു മ്പോൾ, ദൈവം ഒരിക്കലും അത്തരമൊരു വ്യക്തിയെ ഉപേക്ഷിക്കുന്നില്ല.

ഇസ്‌ലാം അഹ്മദിയ്യയുടെ ആത്യന്തിക പാഠവും മതപരിവർ ത്തനത്തിനുള്ള അന്തിമ സമ്മാന വുമാണിത്. ഈ സമൂഹത്തിലൂടെ വിവിധ തലങ്ങളിൽ സേവിക്കാൻ ഞാൻ ഭാഗ്യവാനാണ്. എം കെ എയിലൂടെ ഞാൻ സൃഷ്ടിച്ച നിരവധി സുഹൃദ് ബന്ധങ്ങളാണ് എന്റെ ഏറ്റവും വലിയ സന്തോഷം. ആത്മാർത്ഥത, മാനവികതയെ സേവിക്കാനുള്ള ആഗ്രഹം, മറ്റുള്ളവരുടെ നന്മയ്ക്കായി അശ്രാന്തമായി പ്രവർത്തിക്കാനു ള്ള നിസ്വാർത്ഥമായ അർപ്പണ ബോധം എന്നിവ എന്നെ ശ്രദ്ധേയ നാക്കുന്ന നിരവധി വ്യക്തികളെ കണ്ടുമുട്ടാനുള്ള പദവി എനിക്കു ണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളി ലും മതം വളച്ചൊടിക്കപ്പെടുന്ന ഒരു സമയത്ത്, അഹ്മദിയ്യ മുസ്ലീം സമൂഹം ഇസ്ലാം എന്തായിരിക്ക ണമെന്നതിന്റെ യഥാർത്ഥ ചിത്രം നൽകുന്നു എന്ന് പറഞ്ഞാണ് പ്രൊഫ. ആതിഫ് റഹ്മാൻ തന്റെ സത്യാന്വേഷണ കുറിപ്പ് അവസാനിപ്പിക്കുന്നത്.

കുറിപ്പുകൾ

# കോവിഡ് വാക്സിൻ വിപണിയിലെത്തുമ്പോൾ

## മുസാഫിർ

കോവിഡ് 19 വൈദ്യശാസ്ത്രത്തിന്ന് മെരുങ്ങാതെ ആഗോള വ്യാപകമായി രോഗം വിതറി കുതിക്കുകയാണ്. ലോക സമ്പദ് വ്യവസ്ഥയും സാമൂഹിക രംഗവും ഏറെകുറെ സ്തംഭനാവസ്ഥയിൽ നിർത്തിക്കൊണ്ടുള്ള രോഗവ്യാപനം മനുഷ്യ സമൂഹത്തിന്ന് മുന്നിൽ ഒരു വൻ വെല്ലുവിളിയായി നിൽക്കുന്നു. ഈ ആതുരകാലം മനുഷ്യന്റെ വൈയക്തികവും സാമൂഹികവും അന്തർദേശീയവുമായ ധാർമിക മൂല്യങ്ങളുടെ പരീക്ഷണകാലം കൂടിയാണ്. സഹനം, ത്യാഗം, പരോപകാരം, സഹകരണം, പരജനകാംഷ, നിസ്വാർത്ഥ ജനസേവനം മുതലായ മൂല്യസങ്കൽപ്പങ്ങൾ സക്രിയമാക്കാനുള്ള ആഗോള അവസരം കൂടി ഈ രോഗകാലം സംജാതമാക്കുന്നു.

ഭരണ കൂടങ്ങളും ഫാർമസ്യൂട്ടിക്കൽ കമ്പനികളും ഇരുപത്തിനാലു മണിക്കൂറും കോവിഡ് വാക്സിൻ ഗവേഷണത്തിൽ മത്സരാടിസ്ഥാനത്തിൽ തന്നെ മുഴുകിയിരിക്കുകയാണ്. ലോകത്താകമാനം കഴിഞ്ഞ് സെപ്തമ്പറോടെ 321 വാക്സിനുകൾ പരീക്ഷണത്തിലാണ് അതിൽ 42 എണ്ണം മനുഷ്യരിൽ പരീക്ഷിച്ചു വരികയുമാണ്. (Nature Reviews Drug Discovery 4 September 2020). മാനരാശി അഭിമുഖീകരിക്കുന്ന ഈ മഹാവിപത്തിൽ നിന്നും രക്ഷനേടാൻ വിനീത വിധേയത്വത്തോടെയും നിസ്വാർത്ഥമായ സമർപ്പണത്തോടെയും മനുഷ്യൻ തന്റെ ബൗദ്ധിക സമ്പത്ത് വിനിയോഗിച്ച് ഈ വിപത്തിനെ അതിജീവിക്കേണ്ടതുണ്ട്. രോഗത്തെ അതിജീവിക്കുന്നത് പോലെ തന്നെ ആതുരമായ ഈ പരീക്ഷണ വേളയിൽ അന്താരാഷ്ട്രാ സഹകരണവും മാനവീയ മൂല്യങ്ങളും അന്തർദേശീയ സമൂഹം വളർത്തിയെടുക്കേണ്ടതുണ്ട്. രോഗത്തെ അതിജീവിക്കുന്നത് പോലെ തന്നെ പ്രധാനമാണ് ഇത്തരം വിശ്വമാനവീയ മൂല്യങ്ങൾ ആർജിച്ചുകൊണ്ടുള്ള ആഗോള സമൂഹത്തിന്റെ സുസ്ഥിര വികാസവും സാധാരണ ഒരു വാക്സിൽ വികസിപ്പിച്ചെടുക്കണമെങ്കിൽ 10 മുതൽ 15 വർഷം വരെ നീളുന്ന സങ്കീർണ്ണമായ ഒരു ഗവേഷണ പ്രക്രിയ ആവശ്യമായി വരും. കോവിഡ് രോഗത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഭാരതമടക്കം ലോകം മുഴുവനും കോവിഡ് വാക്സിൻ കണ്ടെത്താനുള്ള ശ്രമത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ഇന്ത്യയിൽ പൂനയിലെ Serum Institute of India (SII), ലോകത്തിലെ ഏറ്റവും വലിയ വാക്സിൻ വിതരണ സ്ഥാപനമാണ്. ലോകം മുഴുവൻ വാക്സിൻ വിതരണ ശൃംഖലകളുള്ള ഇന്ത്യക്ക് അന്തർദേശീയ രംഗത്ത് കൂടുതൽ സേവനങ്ങളർപ്പിക്കാൻ സാധിക്കും. ബ്രിട്ടനിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയും ബ്രിട്ടീഷ് സ്വീഡിഷ് ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ആസ്ട്രാ സെനാക്കും ചേർന്ന് നിർമ്മിക്കുന്ന ഓക്സ്ഫോർഡ് വാക്സിൻ പ്രതീക്ഷയോടെയാണ് ലോകം നോക്കിക്കാണുന്നത്. പരീക്ഷണങ്ങൾക്കിടയിലുണ്ടായ ചില സംശയകരമായ ഫലങ്ങൾ ഓക്സ്ഫോർഡിന്റെ പരീക്ഷണം നിർത്തിവെക്കുകയും വീണ്ടും അത് പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലും ഓക്സ്ഫോർഡ് വാക്സിന്റെ മൂന്നാം ഘട്ട പരീക്ഷണം നടന്നു വരികയാണ്. റഷ്യയുടെ സ്പുട്നിക്ക്, ചൈനയുടെ സിനോ വാക് (Sinovac) എന്നീ വാക്സിനുകളും മൂന്നാംഘട്ട പരീക്ഷണത്തിണെന്ന് പറയപ്പെടുന്നു. മനുഷ്യരിൽ മൂന്നാം ഘട്ടപരീക്ഷണം നടത്തുന്നതിന്ന് മുമ്പ് തന്നെ റഷ്യൻ അധികൃതർ വാക്സിന്ന് അംഗീകാരം നൽകി എന്ന് ആക്ഷേപമുയർന്നിരുന്നു.

റഷ്യൻ വാക്സിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും ലോകാരോഗ്യ സംഘടനയുടെ ഉന്നത വാക്താവ് അറിയിക്കുകയും ചെയ്തു. റഷ്യൻ പ്രസിഡന്റ് വ്ളാഡ്മീർ പുട്ടിൻ ആഗോള രാഷ്ട്രീയ മേധാവിത്വം സ്ഥാപിക്കാനാണ് ധൃതിയിൽ വാക്സിൻ നിർമ്മിച്ച് ഒന്നാം സ്ഥാനത്തെത്താൻ ശ്രമിക്കുന്നതെന്നും ആക്ഷേപമുണ്ട്. ഈ ആരോപണങ്ങളെല്ലാം റഷ്യ നിഷേധിക്കുകയാണ്. റഷ്യ സ്പുട്നിക് വാക്സിൻ ഇന്ത്യയിൽ പരീക്ഷിക്കാൻ ഒരു സ്വകാര്യ കമ്പനിയുമായി കരാറുണ്ടാക്കിയിട്ടുണ്ട്.

അമേരിക്കയിൽ പ്രസിഡന്റ് ട്രംപ് കോവിഡ് വാക്സിൻ നഗ്നമായ ഒരു രാഷ്ട്രീയ ആയുധമായി ഉപയോഗിക്കുകയാണ് ചെയ്തത്. തിരഞ്ഞെടുപ്പ് വാഗ്ദാനമായിട്ടാണ് പ്രസിഡന്റ് ട്രംപ് കോവിഡ് വാക്സിൻ അവതരിപ്പിച്ചത്. ഈ വരുന്ന നവംബർ 3ന് അമേരിക്കയിൽ ഇലക്ഷനാണ്. അതിന് മുമ്പ് വാക്സിൻ ലഭ്യമാക്കുമെന്ന പറഞ്ഞ് ട്രംപ് ആര്യോഗ്യ വിഭാഗത്തിന്നുമേൽ രാഷ്ട്രീയ സമ്മർദ്ദം നടത്തുകയാണെന്ന് ഡമോക്രാറ്റുകൾ ആരോപിക്കുന്നു. ട്രംപിന്റെ ഇത്തരം വാഗ്ദാനങ്ങൾക്കും പ്രസ്താവനകൾക്കും യാതൊരു ശാസ്ത്രീയ അടിത്തറയോ സുതാര്യതയോ ഇല്ല എന്നും തിരഞ്ഞെടുപ്പിന്ന് മുമ്പുള്ള വാക്സിനിൽ വിശ്വസിക്കില്ല എന്നും ഡമോക്രാറ്റ് സ്ഥാനാർത്ഥികൾ പറഞ്ഞു. ഡമോക്രാറ്റിക്ക് സ്ഥാനാർത്ഥികളായ ബൈഡനും കമലാ ഹാരിസണും വാക്സിൻ വിരുദ്ധ പ്രസ്താവനയാണ് നടത്തുന്നതെന്നാണ് ട്രംപിന്റെ പ്രത്യാരോപണം. ലോക പ്രശസ്ത മെഡിക്കൽ ജേർണലായ ലാൻസെറ്റിന്റെ എഡിറ്റർ റിച്ചാർഡ് ഹോർട്ടൺ ട്രംപിന്റെ ഇത്തരം പ്രസ്താവനയെ വിമർശിക്കുകയുണ്ടായി. ഒക്ടോബർ അവസാനത്തോടെ ഒരു വാക്സിനും പൊതു ജനങ്ങൾക്കെത്തിക്കാനാവില്ല, നമ്മളൊരു അബദ്ധം കാണിക്കുകയും നേരത്തെ വാക്സിന്ന് ലൈസൻസ് നൽകുകയും ചെയ്താൽ എന്താണ് സംഭവിക്കുകയെന്ന് ചിന്തിക്കാനാവുകയില്ലെന്നും അദ്ദേഹം പറഞ്ഞു. യാതൊരു തത്വദീക്ഷയുമില്ലാത്ത വാക്സിൻ തിരഞ്ഞെടുപ്പ് വാഗ്ദാനമായി നൽകിയ ട്രംപിന്റെ വിവരക്കേടിനെ വിവേകശാലികൾ തുറന്നു കാട്ടിയിട്ടുണ്ട്. ട്രംപിന്റെ വകതിരിവില്ലായ്മയോടുള്ള പ്രതികരണമെന്നോണം അമേരിക്കയിലെ 9 വലിയ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ ഇറക്കിയ പ്രസ്താവനയിൽ മൂന്നു ഘട്ടങ്ങളിലെ ഉന്നത നിലവാരത്തിലുള്ള ക്ലിനിക്കൽ ടെസ്റ്റ് കഴിഞ്ഞ് എല്ലാ മനുഷ്യ പരീക്ഷണങ്ങളും പൂർണ്ണമായി വിജയിക്കാതെ ഞങ്ങൾ കോവിഡ് വാക്സിൻ പുറത്തിറക്കില്ല എന്ന് പ്രതിജ്ഞയെടുത്തത് വമ്പിച്ച വാർത്താ പ്രധാന്യം നേടിയിരിക്കുകയാണ്.

വാക്സിന്റെ മൂന്നാംഘട്ട പരീക്ഷണം കഴിയുന്നതിന്ന് മുമ്പ് തന്നെ ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, അമേരിക്ക എന്നീ സമ്പന്ന രാജ്യങ്ങൾ കോവിഡ് 19 വാക്സിൻ ഉൽപാദിപ്പിക്കുന്ന വൻ ഫാർമസ്യൂട്ടിക്കൽ കമ്പനികളുമായി മുൻകൂട്ടിയുള്ള പർചേഴ്സ് കരാറുകൾ ഉണ്ടാക്കി കഴിഞ്ഞിരിക്കുന്നു. അതായത് കോവിഡിനെതിരെ സമീപഭാവിയിൽ നിർമ്മിക്കുന്ന വാക്സിൻ സമ്പന്ന രാജ്യങ്ങളിലെ പൗരന്മാർക്ക് മാത്രമേ ലഭ്യമാകൂ. അന്തർദേശീയ രംഗത്തെ ഏറ്റവും പുതിയ ഈ പ്രവണതയെ വാക്സിൻ നാഷണലിസം (Vaccine Nationalism) എന്നാണ് അന്തർദ്ദേശീയ മാധ്യമങ്ങൾ വിശേഷിപ്പിക്കുന്നത്. ക്രയശേഷിയില്ലാത്ത ദരിദ്ര രാജ്യങ്ങളിലെ രോഗികൾക്ക് കുറെ നാളത്തേക്ക് വാക്സിൻ ലഭ്യമാകാതെ വരുമെന്ന് ലണ്ടനിലെ Airfinity എന്ന അന്തർദേശീയ മരുന്ന് ഗവേഷണ സ്ഥാപനം മുന്നറിയിപ്പ് നൽകിയിരിക്കുന്നു. വാക്സിൻ നാഷണലിസത്തിനെതിരെ ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ ടെഡ്രോസ് അദനോം ഗബ്രുയൂസസ് വിമർശിക്കുകയുണ്ടായി. സമ്പന്ന രാജ്യങ്ങൾ വാക്സിൻ വാങ്ങാനായി മുൻകൂട്ടി ആഗോള വിപണിയിൽ മത്സരിച്ചാൽ ദരിദ്ര രാജ്യങ്ങൾക്ക് വാക്സിൻ ലഭ്യമാകാത്ത സ്ഥിതിയുണ്ടാകും. എല്ലാ വ്യത്യാസങ്ങൾക്കും അതീതമായി നാം ഒരു ഗോളം പങ്കിടുന്ന ഒരു മനുഷ്യ വർഗ്ഗമാണ്. പരസ്പരാശ്രിതത്വത്തിലാണ് നമ്മുടെ സുരക്ഷ. നാം മുഴുവൻ സുരക്ഷിതരായിരുന്നാലല്ലാതെ നാം എല്ലാവരും സുരക്ഷിതരാവില്ല (No One is Safe, Unless Everyone is Safe) എന്ന് ടെഡ്രോസ് പറഞ്ഞു. ഈ മഹാമാരിക്ക് വിരാമമിടാൻ സഹകരണത്തിന്റെ പാത തിരഞ്ഞെടുക്കൂ! അതാണ് ശരിയായ വഴി അത് മാത്രമാണ് നമ്മുടെ മുന്നിലുള്ള വഴി എന്ന് ടെഡ്രോസ് പറയുകയുണ്ടായി (UN News 6 August 2020 Health)

അലോപ്പതി ചികിത്സാ സമ്പ്രദായത്തിൽ കോവിഡ് 19 ന് ഫലപ്രദമായ വാക്സിനുള്ള അന്വേഷണം അനസ്യൂതം തുടരുകയാണ്. നമ്മുടെ രാജ്യം നൂറ്റാണ്ടുകളായി അനുഭവ സമ്പത്തുള്ള പരമ്പരാഗത ചികിത്സാരീതികളുടെ അക്ഷയ സ്റോതസ്സാണ്. പാർശ്വഫലങ്ങളില്ലാത്ത ശരീരത്തിന്റെ രോഗ പ്രതിരോധ ശേഷി ആരോഗ്യവും വർദ്ധിപ്പിക്കുന്ന എല്ലാ പരമ്പരാഗത ആരോഗ്യ സുരക്ഷാ രീതികളും ചികിത്സാ സമ്പ്രദായങ്ങളും ഉചിതജ്ഞതയോടെ പ്രയോഗിക്കേണ്ട അവസരം കൂടിയാണിത്.

കേന്ദ്ര ഗവൺമെന്റിന്റെ ബദൽ ആരോഗ്യനയത്തിന്റെ ഭാഗമായി 2014 ൽ രൂപം കൊണ്ട വകുപ്പാണ് ആയുഷ് മന്ത്രാലയം. നമ്മുടെ സമൂഹത്തിലെ പരമ്പരാഗത രോഗ ശമന മാർഗ്ഗങ്ങളും ചികിത്സാരീതികളും പ്രോത്സാഹിപ്പിക്കാനും

വികസിപ്പിച്ചും ആരോഗ്യരംഗം പുഷ്ടിപ്പെടുത്താനും വേണ്ടി ആയുർവേദ (A)യോഗ& നേചറോപ്പതി (Y) യൂനാനി (U) സിദ്ധ (S) ഹോമിയോപ്പതി (H) എന്നീ അഞ്ചു വൈദ്യവിഭാഗങ്ങളുടെ പേരിന്റെ ആദ്യാക്ഷരത്തിന്റെ ചുരുക്കെഴുത്താണ് AYUSH ആയുഷ്. സംസ്കൃതത്തിൽ ജീവൻ എന്ന് കൂടി അതിന്ന് അർത്ഥമുണ്ട്. തീർച്ചയായും ശാസ്ത്രീയ ബോധത്തോടെ പുരോഗമനാതമകമായി പ്രവർത്തിക്കുകയാണെങ്കിൽ ആയുഷ് നമ്മുടെ ആരോഗ്യ മേഖലക്ക് ഒരു വാഗ്ദാനമാണ്. ആരോഗ്യമേഖലയിലെ എല്ലാ സമ്പ്രദായങ്ങളേയും പരസ്പര ബഹുമാനത്തോടെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റൊ സമീപനം അഭിനന്ദനാർഹമാണ്.

കേരളത്തിൽ പത്തനംത്തിട്ടയിലെ രോഗബാധിതമേഖലയിൽ ഹോമിയോ രംഗത്തെ അഞ്ച് വിദഗ്ദർ ചേർന്ന് നടത്തിയ പ്രാഥമിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹോമിയോ മരുന്ന് കോവിഡ് പ്രതിരോധത്തിന്ന് ഗുണകരമാണെന്ന് കേരളാ ആരോഗ്യ മന്ത്രി ശീമതി ശൈലജ ടീച്ചറുടെ പ്രസ്താവനക്കെതിരെ രൂക്ഷമായാണ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രതികരിച്ചത്. കോവിഡ് പ്രതിരോധത്തെ അപ്പാടെ തകർക്കുന്നതാണ് മന്ത്രിയുടെ പ്രസ്താവന എന്നായിരുന്നു ഐ എം എയുടെ പ്രസ്താവന. അലോപതി സമ്പ്രദായത്തിൽ ഇത്വരെ മരുന്നില്ലാതിരിക്കുകയും ഹോമിയോ മരുന്ന് കഴിച്ച് രോഗം വരാതിരിക്കുകയും വന്നവർക്ക് തന്നെ വേഗത്തിൽ ഭേദപ്പെടുകയും ചെയ്തു എന്ന വസ്തുത അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ജനലക്ഷങ്ങൾക്ക് ബോധ്യമായതാണ്. രോഗശമനം എന്ന അനുഭവയാഥാർത്ഥ്യം ശാസ്ത്രീയ രീതിയിൽ വിവരിക്കാൻ കഴിഞ്ഞാൽ മാത്രമേ ഹോമിയോ ചികിത്സ ശുപാർശ ചെയ്യാൻ പാടുള്ളൂ എന്ന് പറയുന്നത് ആധുനികന്മാരുടെ അൽപ്പത്തമായേ കാണാൻ കഴിയൂ. അലോപ്പതി മരുന്ന് ചലനാത്മകമായ മനുഷ്യശരീരത്തിൽ ഏറ്റവും സൂക്ഷ്മമായി എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ രീതി ശാസ്ത്രം പൂർണ്ണമായി ഗ്രഹിച്ചു എന്ന് ആധുനിക വൈദ്യശാസ്ത്രത്തിന്ന് പറയാനാവുമോ? ചികിത്സാശാസ്ത്രത്തിൽ അങ്ങനെയൊരു അവസാനവാക്ക് ശാസ്ത്രീയമായ ഒരു പരികൽപ്പനയല്ല. ചികിത്സയിൽ അനുഭവജ്ഞാനം തന്നെയാണ് മികച്ച് നിൽക്കുന്ന മാനദണ്ഡം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഭിവന്ദ്യനായ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് കോവിഡ് 19നോടുള്ള സമീപനത്തെ പറ്റി ചില നിർദ്ദേശങ്ങൾ വെക്കുകയുണ്ടായി. സർക്കാരിന്റെ എല്ലാ തീരുമാനങ്ങളും കർശനമായി അനുസരിക്കുന്നതോടൊപ്പം ഹോമിയോ മരുന്നായ ആർസനിക്ക് ആൽബം 30 സി രോഗപ്രതിരോധ മരുന്നായി (Prophylactic Medicine ) മൂന്ന് ദിവസം തുടർച്ചയായി വെറും വയറ്റിൽ കഴിക്കണമെന്നും കോറോണ രോഗം പടരുന്ന ആരംഭകാലത്ത് തന്നെ അദ്ദേഹം ഉപദേശിക്കുകയുണ്ടായി. രോഗം നില നിൽക്കുന്ന സാഹചര്യത്തിൽ ഇത് ഒരോ മാസം കൂടുമ്പോഴും ആവർത്തിക്കണമെന്നും ധാരാളം ശുദ്ധജലം കുടിക്കണമെന്നും ഖലീഫാ തിരുമനസ്സ് നിർദ്ദേശിച്ചു. കേന്ദ്ര ആയുഷ് മന്ത്രാലയവും ഇതേ ഹോമിയോ മരുന്ന് തന്നെയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ചുരുങ്ങിയ ചിലവിൽ ജനകോടികൾക്ക് ഫലപ്രദമായി പാർശ്വഫലങ്ങളില്ലാത്ത ചികിത്സ നൽകുന്ന ഹോമിയോപതിയുടെയും മറ്റു പരമ്പരാഗത ചികിത്സാ രീതികളുടെയും നേരെ മുഖം തിരിഞ്ഞു നിൽക്കുകയും അവജ്ഞയോടെ കാണുകയും ചെയ്യാൻ പാടില്ലാത്തതാണ്. അതോടൊപ്പം തന്നെ രോഗത്തെ സംബന്ധിച്ചും ചികിത്സയെ സംബന്ധിച്ചും പുരോഗമനപരവും ശാസ്ത്രീയവുമായ ജനകീയ ധാരണകളും ആളുകൾ വളർത്തിയെടുക്കണം.

മാർച്ച് 2020ന് ഖലീഫത്തുൽ മസീഹ് നിർവഹിച്ച ഒരു ജുമാ ഖുതുബയിൽ

നമ്മുടെ കയ്യിലുള്ള അവസാനത്തെ ആയുധം നമ്മുടെ പ്രാർത്ഥനയാണ്. മുഴുലോകത്തിന്ന് വേണ്ടിയും നാം പ്രാർത്ഥിക്കണം ഈ വൈറസിന്റെ എല്ലാ ദൂഷ്യഫലങ്ങളിൽ നിന്നും മനുഷ്യരാശിയെ അല്ലാഹു രക്ഷിക്കുമാറാകട്ടെ. ഖലീഫാ തിരുമനസ്സിന്റെ പ്രാർത്ഥനക്കൊപ്പം നമുക്കും ചേരാം. ഈ മഹാമാരിയിൽ നിന്നും എത്രയും വേഗം അല്ലാഹു ലോകത്തെ രക്ഷിക്കുമാറാകട്ടെ ലോകത്ത് ശാന്തിയും ആരോഗ്യവും ഐശ്വര്യവും ഉണ്ടാവുമാറാകട്ടെ.

---

**പേജ് 29 ൽ നിന്ന് തുടർച്ച**

കൽപന. പക്ഷേ, ഇമാം ഹുസൈൻ സൈന്യത്തിനു വഴങ്ങിയില്ല. അപ്പോൾ ഹുർ ഇമാം ഹുസൈനു മുന്നോട്ടുള്ള വഴി നൽകാനും വിസമ്മതിച്ചു. എന്നിരുന്നാലും ഹുർ ബിൻ യസീദിന്റെ മനസ്സിൽ ഹദ്റത്ത് ഹുസൈനോടു ആദരവും സ്നേഹവും ഉണ്ടായിരുന്നു. ഹുർ പറഞ്ഞു നിങ്ങൾ ഒരു കാര്യം ചെയ്തോളൂ, കൂഫയിലും മദീനയിലും പോകാതെ മറ്റേതെങ്കിലും വഴി സ്വീകരിച്ചോളൂ. അതിനിടയിൽ യസീദിനു നേരിട്ടു കത്തും എഴുതുകയാണെങ്കിൽ ഈ പ്രശ്നത്തിനു എന്തെങ്കിലും ഒരു പരിഹാരം കണ്ടെത്തു വരാം. (തുടരും)



Published on 07.10.2020
Pages 44
Vol: 92 Issue. 10
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly



mta INTERNATIONAL
Muslim Television Ahmadiyya International



www.mta.tv
www.youtube.com/mtaonline1
www.alislam.org